I ഇ.ബി. XII - കേരള നിയമസഭ/XV-11

**പന്ത്രണ്ടാം കേരള നിയമസഭ**

പതിനഞ്ചാം സമ്മേളനം

**നിയമസഭാ നടപടികൾ – സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2010 ജൂലൈ 12, തിങ്കൾ

നിയമസഭ രാവിലെ 8.30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

## അടിയന്തിര പ്രമേയം

തീവ്രവാദ പ്രവർത്തനം

മി. സ്പീക്കർ: സംസ്ഥാനത്ത് തീവ്രവാദ പ്രവർത്തനങ്ങൾ വർദ്ധിച്ചു വരുന്നതായും മതതീവ്രവാദ മാവോയിസ്റ്റ് സംഘടനകളുടെ രഹസ്യക്യാമ്പുകൾ നടക്കുന്നതായും ഉപരാഷ്ട്രപതിയുടെ സന്ദർശനത്തിനു തൊട്ടുമുമ്പായി കണ്ണൂരിൽ ബസ്സിൽ സ്ഫോടകവസ്തുക്കൾ കണ്ടെത്തിയതായും പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപ ടികൾ നിറുത്തിവച്ച് ചർച്ചചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ ആര്യാടൻ മുഹമ്മദ്, സി.എഫ്. തോമസ്, സി.ടി. അഹമ്മദ് അലി, കെ.പി.മോഹനൻ, കെ.ബി. ഗണേഷ് കുമാർ, കെ.കെ. ഷാജു എന്നീ അംഗങ്ങൾ റൂൾ 50 അനു സരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): നിലമ്പൂർ-ഷൊർണ്ണൂർ പാസഞ്ചർ ട്രെയിൻ 8-7-2010-ന് സ്റ്റാർട്ടാകാത്തതിനെത്തുടർന്ന് നടത്തിയ പരിശോധനയിൽ ബോഗികളുടെ ഇടയിലുള്ള 9 സ്പീഡ് ഹോസ് പൈപ്പുകളും 11 ബ്രേക്ക് ഹോസ് പൈപ്പുകളും കേടാക്കിയതായി ശ്രദ്ധയിൽപ്പെടുകയുണ്ടായി. ഇത് സംബന്ധിച്ച് ഇന്ത്യൻ റെയിൽവേ ആക്ട് അനുസരിച്ച് ഷൊർണ്ണൂർ റെയിൽവേ പോലീസ് കേസ് രജിസ്റ്റർ ചെയ്യുകയും ക്രൈംബ്രാഞ്ച് സ്പെഷ്യൽ ടീം അന്വേഷിച്ചുവരികയുമാണ്. അന്നേദിവസം വഞ്ചിനാട് എക്സ്പ്രസ് ട്രെയിൻ മാവേലിക്കര എത്തിയപ്പോൾ ഉടമസ്ഥനില്ലാത്ത പ്ലാസ്റ്റിക് കവർ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് നടത്തിയ പരിശോധനയിൽ സ്ഫോടകവസ്തുക്കൾ കണ്ടെത്തിയ സംഭവത്തിൽ കേസ് രജിസ്റ്റർ ചെയ്ത് റെയിൽവേ പോലീസ് അന്വേഷണം നടത്തിവരികയാണ്. നിലവിലുള്ള റെയിൽവേ നിയമപ്രകാരം റെയിവേ വസ്തുവകകൾക്ക് സംരക്ഷണം കൊടുക്കുന്നതും യാത്രക്കാരുടെ സുരക്ഷ ഉറപ്പുവരുത്തുന്നതും കേന്ദ്ര ഗവൺമെന്റിന്റെ കീഴിലുള്ള റെയിൽവേ പ്രൊട്ടക്ഷൻ ഫോഴ്സും സംസ്ഥാന പോലീസിന്റെ കീഴിലുള്ള റെയിൽവേ പോലീസുമാണ്. ഡി.ജി.പി. ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ചനടത്തി റെയിൽവേ സുരക്ഷ വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും ക്രൈംബ്രാഞ്ച് കേസ്സന്വേഷണം ഊർജ്ജിതമായി നടത്തിവരികയുമാണ്. 9-7-2010-ന് കണ്ണൂർ എടക്കാട് സ്റ്റേഷന് സമീപം ബസ്സിൽനിന്ന് സ്ഫോടകവസ്തുക്കൾ കണ്ടെത്തിയതിനെത്തുടർന്ന് സ്ഫോടകവസ്തു നിയമപ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്. തൊടുപുഴ ന്യൂമാൻ

കോളേജ് അദ്ധ്യാപകൻ ശ്രീ ജോസഫിന്റെ നേരെയുണ്ടായ അക്രമം സംബന്ധിച്ച കേസ്സിൽ ഇതുവരെ 4 പ്രതികളെ അറസ്റ്റ് ചെയ്തെങ്കിലും മൂവ്വാറ്റുപുഴ ഡിവൈ.എസ്.പി.യുടെ നേതൃത്വത്തിൽ സ്പെഷ്യൽ ടീം അന്വേഷണം തുടരുകയാണ്. 2002-ൽ സംസ്ഥാനത്ത് മാവോയിസ്റ്റ് തീവ്രവാദികളും 'സിമി' എന്ന സംഘടനയും ക്യാമ്പ് നടത്തിയതായി വിവരങ്ങൾ ലഭിച്ചിട്ടുണ്ട്. കേരളത്തിൽ ഉണ്ടായിട്ടുള്ള തീവ്രവാദ പ്രവർത്തനങ്ങൾ അന്യസംസ്ഥാനങ്ങളും വിദേശരാജ്യങ്ങളുമായി ബന്ധപ്പെട്ടുകിടക്കുന്നതിനാൽ ഇക്കാര്യത്തിൽ കേന്ദ്ര ഏജൻസികളുമായി നിരന്തരമായി ബന്ധപ്പെട്ടും സഹകരിച്ചുമാണ് കേരളാ പോലീസ് പ്രവർത്തിക്കുന്നത്. സമീപകാലത്തുണ്ടായ സംഭവങ്ങളുടെ വെളിച്ചത്തിൽ ഈ വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന് സർക്കാർ തയ്യാറാണ്.

മി. സ്പീക്കർ: പ്രതിപക്ഷനേതാവുമായി ചർച്ച ചെയ്ത് സമയം നിശ്ചയിക്കുന്നതാണ്.

ശ്രദ്ധ ക്ഷണിക്കൽ

(1) കുടിവെള്ള പദ്ധതിയുടെ പൂർത്തീകരണം

ശ്രീ. കെ.കെ. ഷാജു: സംസ്ഥാനത്തെ മുടങ്ങിക്കിടക്കുന്ന ശുദ്ധജല പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കണം. പമ്പ് ഹൗസ്, ഇൻടേക്ക് വെൽ, പമ്പിംഗ് മെയിൻ, ഡിസ്ട്രിബ്യൂഷൻ ലെയിൻ തുടങ്ങിയ ഘടകങ്ങൾ ഒന്നിച്ചുചേർന്നാണ് ഒരു കുടിവെള്ളപദ്ധതി തയ്യാറാക്കുന്നത്. ഇൻടേക്ക് വെൽ-ഉം ഓവർഹെഡ് ടാങ്കും പൂർത്തിയായിട്ടും പമ്പിംഗ് മെയിൻ പൂർത്തിയാക്കാത്തതിനാൽ വർഷങ്ങളായി ധാരാളം കുടിവെള്ള പദ്ധതികൾ മുടങ്ങിക്കിടക്കുകയാണ്. ടെണ്ടർ നടപടിക്രമങ്ങളിലു

ണ്ടാകുന്ന സാങ്കേതിക ബുദ്ധിമുട്ടുകളൊഴിവാക്കി വർക്കുകൾ ഒന്നിച്ചു തന്നെ പൂർത്തിയാക്കി കുടിവെള്ള പദ്ധതികൾ സമയബന്ധിതമായി കമ്മീഷൻ ചെയ്യാൻ നടപടി സ്വീകരിക്കണം. പല പദ്ധതികളും സ്ഥലമെടുപ്പു മായി ബന്ധപ്പെട്ട് കാലതാമസം നേരിടുമ്പോൾ പന്തളം പദ്ധതി പമ്പിംഗ് മെയിൻ വർക്കിനുള്ള ടെണ്ടർ നടപടിക്രമങ്ങളിൽ വന്ന അനിശ്ചിതാവസ്ഥ കൊണ്ടാണ് പൂർത്തീകരണം നിന്നുപോയത്. കരാറുകാരൻ ആവശ്യപ്പെട്ട എക്സസ് തുകയ്ക്ക് ടെണ്ടർ അനുവദിച്ച് പന്തളം കുടിവെള്ള പദ്ധതിയും ചുനക്കര ഓവർഹെഡ് ടാങ്ക് നിർമ്മിച്ച് നൂറനാട് പാറ്റൂർ കുടിവെള്ള പദ്ധതി യും പൂർത്തീകരിക്കണം. ജപ്പാൻ കുടിവെള്ളപദ്ധതികളടക്കമുള്ള കുടിവെള്ള പദ്ധതികളുടെ പ്രവർത്തനത്തിലെ ടെണ്ടർ അനുവദിക്കുന്നതി ലുള്ള സാങ്കേതിക ബുദ്ധിമുട്ടുകളടക്കമുള്ള പ്രശ്നങ്ങൾ പരിഹരിച്ച് എത്രയും പെട്ടെന്ന് സംസ്ഥാനത്തെ കുടിവെള്ള പദ്ധതികൾ കമ്മീഷൻ ചെയ്യാൻ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ): സ്ഥലമെടു പ്പുമായി ബന്ധപ്പെട്ട കാലതാമസം, റെയിൽവേ എൻ.എച്ച്, പി.ഡബ്ല്യു.ഡി. എന്നിവയുടെ അനുമതി കിട്ടുന്നതിലുണ്ടാകുന്ന കാലതാമസം, മഴക്കാലത്ത് ജോലി തുടരാൻ സാധിക്കാതെ വരുന്ന സാഹചര്യം, കരാറുകാർ എക്സസ് എമൗണ്ട് ചോദിക്കുമ്പോൾ ടെണ്ടർ അനുവദിച്ചു നൽകുന്നതിലുണ്ടാകുന്ന ബുദ്ധിമുട്ട്, പരിചയസമ്പന്നരായ തൊഴിലാളികളുടെ അഭാവം, മറ്റ് പ്രാദേ ശിക പ്രശ്നങ്ങൾ തുടങ്ങി സംസ്ഥാനത്ത് നടപ്പാക്കിക്കൊണ്ടിരിക്കുന്ന ശുദ്ധ ജലവിതരണ പദ്ധതികൾ പൂർത്തീകരിക്കുന്നതിലുണ്ടാകുന്ന തടസ്സങ്ങൾ നീക്കി പ്രശ്നം പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. എൽ. ഐ.സി. അടക്കമുള്ള വിവിധ ഏജൻസികളുടെ സാമ്പത്തിക സഹായ

ത്തോടെ വർഷങ്ങൾക്കുമുമ്പ് ആരംഭിച്ച ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികളിൽ ഉൾപ്പെട്ട പദ്ധതിയാണ് പന്തളം കുടിവെള്ള പദ്ധതി. എൽ.ഐ.സി. സാമ്പത്തികസഹായം നിറുത്തിയതിനെത്തുടർന്ന് വർഷങ്ങൾക്കുശേഷം സ്പാൻ പദ്ധതിയിലുൾപ്പെടുത്തിയ ഈ പദ്ധതിയുടെ 90 ശതമാനം പണി പൂർത്തിയായി. ടെണ്ടർ തുകയുടെ ഇരുപത് ശതമാനത്തിലധികരിച്ച തുകയ്ക്ക് കരാറുകാരന് ബാക്കി വർക്കിനുള്ള ടെണ്ടർ അനുവദിക്കേണ്ടതില്ലെന്ന എംപവേർഡ് കമ്മിറ്റിയുടെ നിർദ്ദേശം സർക്കാർ പരിഗണിച്ചു വരികയാണ്. പ്രസ്തുത ടെണ്ടറുമായി ബന്ധപ്പെട്ട വർക്ക് പൂർത്തീകരിച്ചാൽ 2010 മാർച്ച് 31-നുമുമ്പ് പന്തളം ശുദ്ധജലവിതരണ പദ്ധതി പൂർത്തിയാക്കാൻ കഴിയും. പന്തളം കുടിവെള്ള പദ്ധതിയും, നൂറനാട് കുടിവെള്ള പദ്ധതിയും സംബന്ധിച്ച് അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിന് ഈ മാസം 15-ാം തീയതി ഒരു ഉന്നതലയോഗം വിളിച്ചുചേർത്തിട്ടുണ്ട്. ജെ.ബി.ഐ.സി. പദ്ധതിയി.ലുൾപ്പെട്ട തിരുവനന്തപുരം, ചേർത്തല, പട്ടുവം, ചാത്തന്നൂർ, മീനാട് തുടങ്ങിയ കുടിവെള്ള പദ്ധതികൾ കമ്മീഷൻ ചെയ്യാൻ സാധിക്കും. ട്രീറ്റ്മെന്റ് പ്ലാന്റുമായി ബന്ധപ്പെട്ട പ്രശ്നവും അപ്രതീക്ഷിതമായി ഉണ്ടായിട്ടുള്ള ചില സാഹചര്യങ്ങളും മൂലമാണ് കോഴിക്കോട് കുടിവെള്ള പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിയാതെ പോകുന്നത്. ജെ.ബി.ഐ.സി. പദ്ധതികളുൾപ്പെടെയുള്ള കേരളത്തിലെ കുടിവെള്ള പദ്ധതികളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് റോഡ് വർക്കിനുള്ള അനുമതി ലഭ്യമാക്കി സമയബന്ധിതമായി പണി പൂർത്തിയാക്കുന്നതിനും ഭരണപരമായും സാമ്പത്തികവുമായുള്ള ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിനും പി.ഡബ്ല്യു.ഡി.

യുമായി ഒരു കോ-ഓർഡിനേഷൻ വരുത്തി വകുപ്പുകൾ തമ്മിൽ ഒരു ജോയിന്റ് മെക്കാനിസം ഉണ്ടാക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണ്.

(2) കോഴിക്കോട്ടെ റോഡ് വികസന പദ്ധതികൾ

ശ്രീ. പി. എം. എ. സലാം : കോഴിക്കോട് നഗരത്തിലെ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിന് റോഡ് വികസനവുമായി ബന്ധപ്പെട്ട് ധാരാളം പദ്ധതികൾ ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുണ്ട്. കോഴിക്കോട് നഗരത്തിനുവേണ്ടി മാത്രമായി സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്ട് ഉണ്ടാക്കി 13 റോഡുകളെ ഉൾപ്പെടുത്തി മുൻഗണനാക്രമത്തിൽ 7 റോഡുകളെ തെരഞ്ഞെടുത്ത് പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുകയാണ്. 15 അംഗങ്ങളുള്ള ഒരു പ്രത്യേക എൽ.എ. യൂണിറ്റിനെ കോഴിക്കോട് റോഡ് വികസനപദ്ധതിക്കുവേണ്ടി നിയോഗിക്കുകയും ഫാസ്റ്റ്ട്രാക്കിൽ ഉൾപ്പെടുത്തുകയും ചെയ്തുവെങ്കിലും രണ്ട് വർഷമായിട്ടും ഭൂമി ഏറ്റെടുക്കൽപോലും നടന്നിട്ടില്ല. ഭൂമി ഏറ്റെടുക്കുന്നതിലുള്ള അക്ഷന്തവ്യമായ കാലതാമസവും ഉദ്യോഗസ്ഥരുടെ കൃത്യവിലോപവും മെല്ലെപ്പോക്ക് നയവും റോഡ് വികസനത്തെ വളരെയധികം ബാധിക്കുന്നു. ഏഴ് റോഡുകളുടെയും വികസനത്തിനുള്ള ഭൂമി ഏറ്റെടുക്കൽ പ്രക്രിയ പൂർത്തിയാക്കി നിർമ്മാണ പ്രവർത്തനങ്ങൾ നടത്താമെന്ന ധാരണയുണ്ടായിട്ടും ഒരു റോഡിനുപോലും പൂർണ്ണമായി ഭൂമി ഏറ്റെടുക്കാൻ സാധിച്ചിട്ടില്ല. ഇതുപോലെ വർഷങ്ങളായി മുടങ്ങിക്കിടക്കുന്ന ധാരാളം പദ്ധതികളുണ്ട്. തീരപ്രദേശത്തുള്ള ഒരു പാലത്തിന്റെ പണി 12 കൊല്ലംമുമ്പ് പൂർത്തിയാക്കിയെങ്കിലും അപ്രോച്ച് റോഡിനുവേണ്ടിയുള്ള അക്വിസിഷൻ നടപടികൾ പൂർത്തിയാക്കാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. പന്നിയങ്കര ഒരു റെയിൽവേ ഓവർബ്രിഡ്ജ് നിർമ്മി

ക്കണമെന്ന പ്രൊപ്പോസൽ നിലനിൽക്കുകയാണ്. നിലവിലുള്ള ലെവൽക്രോസ് ഭൂരിഭാഗം സമയവും അടച്ചിടുന്നതിനാൽ കോഴിക്കോട് നഗരത്തിന്റെ പടിഞ്ഞാറ് ഭാഗത്തുള്ള ജനങ്ങൾ ബുദ്ധിമുട്ടുകയാണ്. അതുകൊണ്ട് ആർ.ഒ.ബി.-യുടേയും തീരദേശപാലത്തിന്റെ അപ്രോച്ച് റോഡിന്റെയും പണിയും സിറ്റി റോഡ് വികസന പദ്ധതിയുടെ മുടങ്ങിക്കിടക്കുന്ന ഭൂമി ഏറ്റെടുക്കൽ നടപടികളും സമയബന്ധിതമായി പൂർത്തീകരിച്ച് കോഴിക്കോട് നഗരത്തിലെ ഗതാഗതക്കുരുക്ക് അവസാനിപ്പിക്കുന്നതിനും കോഴിക്കോട് നഗരത്തിന് പ്രഖ്യാപിച്ച വികസന പദ്ധതികളൊക്കെ നടപ്പാക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം. വികസനപ്രവർത്തനങ്ങൾക്ക് തടസ്സമായി നിൽക്കുന്ന ഭൂമി ഏറ്റെടുക്കൽ പ്രക്രിയയുടെ നടപടിക്രമങ്ങൾ ലഘൂകരിക്കാനും കാര്യക്ഷമമായി പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥരെ ഇത്തരത്തിൽ പ്രാധാന്യമുള്ള മേഖലകളിൽ നിയോഗിക്കാനും നടപടി സ്വീകരിക്കണം.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) : റോഡ്, പാലം എന്നിവയുടെ നിർമ്മാണപ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് ഭൂമി ഏറ്റെടുക്കുന്നതിനുള്ള കാലതാമസമാണ് ഏറ്റവും വലിയ തടസ്സമായി നിൽക്കുന്നത്. കോഴിക്കോട് സിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാമിന്റെ ഭാഗമായിട്ടുള്ള ഒരു വർക്കാണിത്. 13 റോഡുകളും 2 ഫ്ളൈഓവറുകളുമുൾപ്പെടെ 68.11 കിലോമീറ്റർ പാതയുടെ വികസനപ്രവർത്തനങ്ങളാണ് ഈ പദ്ധതിയിലുൾപ്പെടുത്തിയിരിക്കുന്നത്. രണ്ട് ഘട്ടങ്ങളിലായി നിർമ്മാണപ്രവർത്തനം നടത്താൻ ലക്ഷ്യമിടുന്ന ഈ പദ്ധതിയുടെ ആദ്യഘട്ടമായി 6 റോഡുകളുടെ വികസനപ്രവർത്തനങ്ങൾക്ക് സർക്കാർ ഭൂമി ഏറ്റെടുത്ത് നൽകുകയും ഫാസ്റ്റ്

ട്രാക്കിലുൾപ്പെടുത്തി പ്രത്യേക ലാന്റ് അക്വിസിഷൻ യൂണിറ്റും അനുവദിച്ചു. റവന്യൂ വകുപ്പുമന്ത്രിയെക്കൂടി പങ്കെടുപ്പിച്ചുകൊണ്ട് ജില്ലാ കളക്ടറുടേയും മറ്റ് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടേയും സാന്നിദ്ധ്യത്തിൽ ഈ നിയമസഭാ സമ്മേളത്തിനിടയിൽത്തന്നെ ഒരു യോഗംകൂടി പ്രശ്നം അടിയന്തിരമായി പരിഹരിക്കുന്നതിന് ശ്രമിക്കുന്നതാണ്.

## സബ്മിഷൻ

### (1) റെയിൽവേ മേൽപ്പാലം

ശ്രീ. വി. ശശികുമാർ : നിലമ്പൂർ-ഷൊർണ്ണൂർ റെയിൽവേലൈനിൽ അങ്ങാടിപ്പുറത്ത് ബൈപ്പാസ്സോടുകൂടിയ ഒരു റെയിൽവേ മേൽപ്പാലം നിർമ്മിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) : പെരിന്തയിൽമണ്ണയിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിനായി ബൈപ്പാസ്സോടുകൂടിയ റെയിൽവേ ഓവർബ്രിഡ്ജ് നിർമ്മിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. അവിടത്തെ ഭൂവുടമകളുടെ ഭൂമി അഡ്വാൻസ് പൊസഷനായി ഏറ്റെടുത്ത് ഡിസംബർ മാസത്തിൽ പണം നൽകുമെന്ന് പറഞ്ഞിരുന്നെങ്കിലും നടപടി ക്രമങ്ങൾ പൂർത്തീകരിക്കാത്തതിനാൽ അത് സാധിച്ചില്ല. റെയിൽവേ ഓവർബ്രിഡ്ജിന്റെ അലൈൻമെന്റ് നിശ്ചയിക്കുന്നതിനും ഭൂമി ഏറ്റെടുക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുണ്ട്. ഏറ്റവും മുൻഗണന നൽകി അതിനുള്ള പ്രവൃത്തി മുന്നോട്ടുകൊണ്ടുപോകുന്നതാണ്.

### (2) വീട് ആക്രമണം

ശ്രീ. ജോസഫ് എം. പുതുശ്ശേരി: 8-7-2010 -ന് ഡി.വൈ.എഫ്. ഐ.-എസ്.എഫ്.ഐ. പ്രവർത്തകർ കെ.എസ്.യു. പത്തനംതിട്ട ജില്ലാ

പ്രസിഡന്റ് റോബിൻ പരുമലയുടെ വീട്ടിൽ കടന്നുചെന്ന് അദ്ദേഹത്തിന്റെ പിതാവിനെ ആക്രമിക്കുകയും വീട്ടുപകരണങ്ങൾ നശിപ്പിക്കുകയും ചെയ്ത സംഭവത്തിന് ഉത്തരവാദികളായവരെ അറസ്റ്റ് ചെയ്യാനാവശ്യമായ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): 8-7-10-ന് ഉച്ചയ്ക്ക് കടപ്ര എം.എസ്.എം. യു.പി. സ്ക്കൂളിൽ വച്ച് ഇരുവിഭാഗം വിദ്യാർത്ഥികൾ തമ്മിൽ വാക്കേറ്റമുണ്ടാവുകയും അന്നേദിവസം ഉച്ചയ്ക്ക് പത്തനംതിട്ട കെ.എസ്.യു. ജില്ലാ പ്രസിഡന്റിന്റെ പരുമലയിലുള്ള വീട്ടിൽ പതിനാലോളംപേർ കയറി റോബിൻ കെ.ജോസിന്റെ പിതാവിനെ പിടിച്ചുതള്ളി നിലത്തിടുകയും ആക്രമണം നടത്തുകയും ചെയ്തതായുള്ള റോബിൻ കെ. ജോസിന്റെ പിതാവിന്റെ പരാതിയുടെ അടിസ്ഥാനത്തിൽ പതിനേഴോളം പേരെ പ്രതികളാക്കി വിവിധ വകുപ്പുകൾ പ്രകാരം പുളിക്കീഴ് പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. 2500 രൂപയുടെ നഷ്ടം ഉണ്ടായതായി പരാതി ലഭിച്ചിട്ടുണ്ട്. ഈ കേസിന്റെ അന്വേഷണ വേളയിൽ തിരിച്ചറിഞ്ഞ 4 പ്രതികളെ പോലീസ് അറസ്റ്റ് ചെയ്യുകയും ശേഷിക്കുന്ന പ്രതികളെ അറസ്റ്റ് ചെയ്യുന്നതിനുവേണ്ടി പുളിക്കീഴ് പോലീസ് സബ്ഇൻസ്പെക്ടർ അന്വേഷണം ഊർജ്ജിതമായി നടത്തിവരികയുമാണ്. ഇത്തരം പ്രശ്നങ്ങൾ ഗൗരവമായി കാണാനും ശക്തമായ നടപടി സ്വീകരിക്കാനും സർക്കാർ നിർദ്ദേശം നൽകുന്നതാണ്.

(3) പാനൂർ പോലീസ് സ്റ്റേഷന്റെ ശോച്യാവസ്ഥ

ശ്രീ. കെ.പി. മോഹനൻ: പാനൂർ പോലീസ് സ്റ്റേഷൻ ആധുനിക സംവിധാനങ്ങളോടുകൂടി നവീകരിക്കുന്നതിനും അവിടെയുള്ള പഴയ പോലീസ്

ക്വാർട്ടേഴ്സുകൾ പൊളിച്ചുമാറ്റി ഫ്ളാറ്റ് പണിയാനും നടപടി സ്വീകരിക്കണം. ബാക്കിയുള്ള ഭൂമി ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസിനുവേണ്ടിയും പോലീസുകാർക്കായി മിനി ഇൻഡോർ സ്റ്റേഡിയവും ആയോധനകല പഠിപ്പി ക്കാനായുള്ള കളരിയും സ്ഥാപിക്കുന്നതിനുവേണ്ടിയും വിനിയോഗിക്കാനാ വശ്യമായ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): പാനൂരിലെ പോലീസ് സ്റ്റേഷൻ ആധുനിക സൗകര്യങ്ങളോടെ പുതിക്കിപ്പണിയുന്നതിന് നിർദ്ദേശം സമർപ്പിക്കാൻ കണ്ണൂർ ജില്ലാ പോലീസ് സൂപ്രണ്ടിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. 60 പോലീസുകാർക്ക് വിശ്രമിക്കാൻ സൗകര്യമുള്ള ഒരു ബാരക്ക് ഇപ്പോൾ അവിടെയുണ്ട്. അതിന്റെ മുകൾനിലയിൽ അനുബന്ധ പ്രവർത്തനങ്ങൾക്കുവേണ്ടി കെ.പി. എച്ച്.സി.സി.-യോട് പണി ഏറ്റെടുക്കാൻ നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഇപ്പോൾ ഉപയോഗയോഗ്യമല്ലാത്തതും പൊതുമരാമത്ത് വകുപ്പ് നിർമ്മിച്ചതു മായ പഴയ സ്റ്റേഷൻ കെട്ടിടമുൾപ്പെടെ പൊളിച്ചുമാറ്റി സ്റ്റേഷനിലെ എല്ലാ പോലീസുകാർക്കും ആധുനിക രീതിയിലുള്ള ക്വാർട്ടേഴ്സുകൾ നിർമ്മിക്കുന്ന തിനുള്ള നടപടി സ്വീകരിക്കുന്നതാണ്. പോലീസ് സ്റ്റേഷനോടനുബന്ധിച്ച് കളരി സ്ഥാപിക്കണമോ എന്ന കാര്യം പ്രത്യേകമായി പരിശോധിക്കേണ്ട താണ്. ഫയർസ്റ്റേഷൻ പാനൂരിൽ അനുവദിക്കുന്ന സമയത്ത് അതിനായി പ്രത്യേക സ്ഥലം കണ്ടെത്താവുന്നതാണ്.

(4) സതീഷ് കുമാറിന്റെ കുടുംബത്തിന് ധനസഹായം

ശ്രീ. വി. ശിവൻകുട്ടി: സതീഷ് കുമാർ എന്ന ചളുക്ക് ചന്ദ്രനെ 9-7-10-ന് ഭാര്യയുടെ പരാതിയുടെ അടിസ്ഥാനത്തിൽ പോലീസ് അറസ്റ്റ്

ചെയ്യുകയും കസ്റ്റഡിയിലിരിക്കെ അയാൾ വിഷം കഴിച്ച് മരണപ്പെടുകയും ചെയ്ത സംഭവത്തിൽ സാധ്യമായ എല്ലാ നടപടികളും ഗവൺമെന്റ് സ്വീകരിച്ചുവെങ്കിലും സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്ന ഇയാളുടെ ആശ്രിതർക്ക് വീട് നിർമ്മിക്കാനാവശ്യമായ സാമ്പത്തിക സഹായം നൽകുന്നതിനുകൂടി നടപടി സ്വീകരിക്കണം.

ശ്രീ. ജോർജ് മേഴ്സിയർ: സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിലെ കസ്റ്റഡിമരണം തടയണം. സുപ്രീംകോടതി ഗൈഡ്‍ലൈൻസ് ലംഘിച്ച കരമന പോലീസ് സ്റ്റേഷനിലെ പോലീസുകാർക്കെതിരെ മാതൃകാപരമായ ശിക്ഷണ നടപടി സ്വീകരിക്കണം. സതീഷ്കുമാറിന്റെ കുടുംബത്തിന് ധനസഹായം നൽകണം.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): കരമന-കിള്ളിപ്പാലം ബണ്ട് റോഡിൽ വാടകയ്ക്ക് താമസിക്കുന്ന സതീഷ്കുമാറിന്റെ ഭാര്യ 9-7-2010-ന് രാത്രി പത്തുമണിയോടെ പോലീസ് കൺട്രോൾറൂമിൽ വിളിച്ച് സതീഷ്കുമാർ ദേഹോപദ്രവം ഏൽപ്പിക്കുന്നതായി അറിയിച്ചതിനെ തുടർന്നാണ് കൺട്രോൾ റൂം വാഹനത്തിൽ അന്നേ ദിവസം രാത്രി സതീഷ്കുമാറിനെ കരമന പോലീസിന് കൈമാറിയത്. സതീഷ്കുമാറിന്റെ ബന്ധുക്കളാരും വരാത്തതിനാൽ അയാളെ പോലീസ് സ്റ്റേഷനിൽ തന്നെ സൂക്ഷിക്കുകയും 11-7-2010-ന് രാവിലെ 6.45-ന് പ്രാഥമിക കർമ്മങ്ങൾ നിർവ്വഹിക്കണമെന്ന് പറഞ്ഞതിനാൽ ബാത്ത്റൂമിൽ കൊണ്ടുപോവുകയും ബാത്ത്റൂമിൽ നിന്ന് മടങ്ങിവന്ന സതീഷ്കുമാർ താൻ വിഷം കഴിച്ചിരിക്കുന്നുവെന്ന് അറിയിക്കുകയുമുണ്ടായി. തുടർന്ന് തിരുവനന്തപുരം മെഡിക്കൽ

കോളേജ് ആശുപത്രിയിലെത്തിക്കുകയും രാവിലെ 8.05-ന് മരണപ്പെടുകയും ചെയ്തു. അതു സംബന്ധിച്ച് കരമന പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഒരു പ്രതിയെ കസ്റ്റഡിയിലെടുത്താൽ കോടതിയിലെത്തിക്കുന്നതുവരെ അയാളുടെ സുരക്ഷ ഉറപ്പുവരുത്തുവാനുള്ള ബാധ്യത പോലീസിനുണ്ട്. അതിന് വിരുദ്ധമായി പ്രവർത്തിച്ച പോലീസുകാരുടെ പേരിൽ നടപടി സ്വീകരിച്ചിട്ടുണ്ട്. അന്വേഷണത്തിൽ മറ്റെന്തെങ്കിലും കാര്യങ്ങൾ ശദ്ധയിൽപ്പെട്ടാൽ തുടർനടപടി സ്വീകരിക്കുന്നതാണ്. സതീഷ്കുമാറിന്റെ കുടുംബത്തെ സഹായിക്കുന്ന കാര്യം സർക്കാർ പ്രത്യേകം പരിശോധിക്കുന്നതാണ്.

പ്രതിപക്ഷ നേതാവ് (ശ്രീ. ഉമ്മൻചാണ്ടി): പ്രതി വിഷം കഴിക്കേണ്ട സാഹചര്യത്തിലേയ്ക്ക് നയിച്ചത് ലോക്കപ്പിലുണ്ടായ അനുഭവങ്ങളായിരിക്കും. ഇക്കാര്യം സർക്കാർ അന്വേഷിക്കണം. ലോക്കപ്പ് മർദ്ദനങ്ങൾ അനുവദിക്കുകയില്ലെന്ന് പറയുന്ന സർക്കാർ സുപ്രീംകോടതി ഗൈഡ്ലൈൻസ് ലംഘിച്ചുകൊണ്ട് പോലീസ് സ്റ്റേഷനിലുണ്ടായ നടപടി ഗൗരവമായി കാണണം. പാലക്കാട് ഇതുപോലെ ഒരു സംഭവമുണ്ടായ അവസരത്തിൽ കോടതി അതുസംബന്ധിച്ച് ഒരു തീരുമാനം പറയുകയും സർക്കാർ അപ്പീലിന് പോകാനുമാണ് ശ്രമിച്ചത്. അതുപോലെ ക്രിക്കറ്റ് കളിച്ചുകൊണ്ടിരുന്ന ഊമയായ 13 വയസ്സ് പ്രായമുള്ള കുട്ടിയെ പോലീസ് പിടിച്ചുകൊണ്ടുപോയി ക്രൂരമായി മർദ്ദിച്ച കേസ് സംസ്ഥാനത്തിനുതന്നെ അപമാനകരമാണ്. ഇതിൽ കുറ്റക്കാരായവരുടെ പേരിൽ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): കരമന പോലീസ് സ്റ്റേഷനിലുണ്ടായ സംഭവത്തെക്കുറിച്ച് വിശദമായ റിപ്പോർട്ട് കിട്ടിയാൽ മറ്റുകാര്യങ്ങൾ അന്വേഷിക്കുന്നതാണ്. പ്രാഥമികറിപ്പോർട്ടിലും പോസ്റ്റുമോർട്ടം റിപ്പോർട്ടിലും ലോക്കപ്പ് മർദ്ദനം നടന്നതായോ സതീഷ്കുമാറിന് പരിക്കേറ്റിട്ടുള്ളതായോ പറയുന്നില്ല. ദേഹപരിശോധന നടത്താതിരുന്നതിനെ സംബന്ധിച്ച് പോലീസ് ഓഫീസർമാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്. പോലീസ് സ്റ്റേഷനിൽ മൂന്നാംമുറയും മർദ്ദനവും സർക്കാർ അനുവദിക്കുകയില്ല. ക്രിക്കറ്റ് കളിച്ചുകൊണ്ടിരുന്ന കുട്ടിയെ മർദ്ദിച്ച സംഭവത്തെക്കുറിച്ച് വിശദമായി അന്വേഷിച്ച് ആവശ്യമായ നടപടി സ്വീകരിക്കും. പാലക്കാട് സംഭവത്തിൽ പ്രതിപക്ഷം സ്വീകരിച്ച സമീപനം സർക്കാർ അംഗീകരിക്കുന്നു. അക്കാര്യത്തിൽ ആരെയും സംരക്ഷിക്കാൻ ഉദ്ദേശിച്ചിട്ടില്ല. ഉന്നത ഉദ്യോഗസ്ഥരടക്കമുള്ള ആളുകളുടെ പേരിൽ കേസ് എടുത്തിട്ടുണ്ട്. സർക്കാരിന്റെ അംഗീകാരം ഇല്ലാതെ കേസുകൾ സി.ബി.ഐ.ക്ക് വിടുന്നതു സംബന്ധിച്ച് നയപരമായി കൂടുതൽ പരിശോധിക്കണമെന്ന അഭിപ്രായമാണുള്ളത്. കേരള പോലീസിനെക്കുറിച്ച് നടത്തുന്ന മോശമായ പരാമർശം മാറ്റിയെടുക്കാൻ വേണ്ടിയാണ് സുപ്രീം കോടതിയിൽ അപ്പീൽ സമർപ്പിച്ചിട്ടുള്ളത്. കുറ്റം ചെയ്യുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കും.

(5) കൊല്ലം പാർവ്വതി മില്ലിന്റെ പ്രവർത്തനം

ശ്രീ. എ.എ. അസീസ്: നാഷണൽ ടെക്സ്റ്റൈൽ കോർപ്പറേഷന്റെ അധീനതയിലുള്ള കൊല്ലം പാർവ്വതിമിൽ നവീകരിച്ച് സ്ഥാപനത്തിൽ പണിയെടുത്തിരുന്ന തൊഴിലാളികളെ സംരക്ഷിക്കാനും ഇപ്പോൾ ശമ്പള

മില്ലാതെ പണിയെടുക്കുന്ന തൊഴിലാളികൾക്ക് ശമ്പളം നൽകാനുമുള്ള നടപടി സ്വീകരിക്കണം.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം) : കൊല്ലം പാർവ്വതി മിൽ കേന്ദ്ര പൊതുമേഖലാസ്ഥാപനമായ നാഷണൽ ടെക്സ്റ്റൈൽ കോർപ്പറേഷന്റെ കീഴിലുള്ള സ്ഥാപനമാണ്. ഈ മില്ലിനെ 2002-ൽ റീഹാബിലിറ്റേഷൻ സ്കീമിൽ ഉൾപ്പെടുത്തിയിരുന്നു. 31-12-2007-ൽ 307 തൊഴിലാളികൾ വി.ആർ.എസ് പ്രകാരം പിരിഞ്ഞുപോയി. ഇപ്പോൾ മസ്റ്റർറോളിലുള്ള 145 തൊഴിലാളികൾക്ക് 2010 ഏപ്രിൽ വരെയുള്ള ശമ്പളവും മറ്റാനുകൂല്യങ്ങളും നൽകിയിട്ടുണ്ട്. പിരിഞ്ഞുപോയ എല്ലാ ജീവനക്കാർക്കും അർഹതപ്പെട്ട ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ട്. മില്ലിനെ നവീകരിച്ച് എൻ.ടി.സി-യുടെ കീഴിൽ കൊണ്ടുവരണമെന്ന് തൊഴിലാളികൾ ആവശ്യപ്പെട്ടെങ്കിലും മറ്റ് പത്ത് മില്ലുകളോടൊപ്പം ഈ മിൽ സംയുക്തസംരംഭമായി പുനരുദ്ധരിക്കാനുള്ള പ്ലാൻ എൻ.ടി.സി-യുടെ ഡയറക്ടർ ബോർഡ് യോഗം പരിഗണിക്കുകയും അടുത്ത 6 മാസത്തിനുള്ളിൽ ടെക്സ്റ്റൈൽ മന്ത്രാലയത്തിന്റെയും ബി.ഐ.എഫ്.ആർ-ന്റെയും അംഗീകാരത്തിനു വിധേയമായി പുനരുദ്ധരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നതായും എൻ.ടി.സി. അറിയിച്ചിട്ടുണ്ട്.

(6) സജീവന്റെ കുടുംബത്തിന് ധനസഹായം

ശ്രീ. കെ.സി. ജോസഫ് : ഇരിക്കൂർ നിയോജകമണ്ഡലത്തിൽപ്പെട്ട മണ്ണേരി, നെല്ലിപ്പാറ, കൈതളം പട്ടികജാതി/പട്ടികവർഗ്ഗ കോളനികളിലെ വയറിംഗ് പൂർത്തിയാക്കിയ വീടുകൾക്ക് വൈദ്യുതി കണക്ഷൻ നൽകാനും വൈദ്യുതി കുടിശ്ശിക എഴുതിത്തള്ളാനും പയ്യാവൂർ പഞ്ചായത്തിലെ ചിറ്റാരി കോളനിയിൽ എച്ച് 1 എൻ 1 പനി ബാധിച്ച് മരണമടഞ്ഞ ആദിവാസി

സജീവന്റെ കുടുംബത്തിന് സാമ്പത്തിക സഹായം നൽകാനും മഴക്കാല രോഗങ്ങൾ തടയുന്നതിന് മെഡിക്കൽ ക്യാമ്പുകൾ നടത്താനും കോളനികളിൽ വ്യാപകമായി നടത്തുന്ന മദ്യവിൽപ്പനയ്ക്കെതിരെ നടപടി സ്വീകരിക്കാനും മദ്യത്തിനെതിരെ കോളനികളിൽ ബോധവൽക്കരണം നടത്താനും സർക്കാർ ശക്തമായ നടപടി സ്വീകരിക്കണം.

പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ.എ.കെ. ബാലൻ) : ഇരിക്കൂർ നിയോജകമണ്ഡലത്തിലെ ചിറ്റാരി കരിമ്പാലൻ കോളനിയിലെ സജീവൻ മരണപ്പെട്ടത് എച്ച് 1 എൻ 1 പനി മൂലമാണെന്ന് സ്ഥിരീകരിച്ചിട്ടില്ല. സജീവന് സൗജന്യ ചികിത്സ നൽകുകയും മരണാനന്തര ചെലവുകൾക്കായി ആയിരം രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ചിറ്റാരി കോളനി വൈദ്യുതീകരണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരികയാണ്. കോട്ടയം തട്ട്കോളനി വൈദ്യുതീകരിക്കുന്നതിനായി ഈ സാമ്പത്തിക വർഷം 22 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട് . കൂടാതെ മണ്ഡലത്തിലെ പട്ടികജാതി/പട്ടികവർഗ്ഗ കോളനികളുടെ വൈദ്യുതീകരണം മണ്ഡല സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയോടനുബന്ധിച്ച് പൂർത്തീകരിക്കുന്നതാണ്. പടിയൂർ ഗ്രാമപഞ്ചായത്തിലെ മണ്ണേരി പണിയ കോളനിയിലെ 30 വീടുകളിൽ 18 വീടുകൾ വൈദ്യുതീകരിച്ചിട്ടുണ്ടെങ്കിലും വൈദ്യുതി ചാർജ്ജ് അടയ്ക്കാത്തതിനാൽ 16 എണ്ണത്തിന്റെ കണക്ഷൻ വിച്ഛേദിച്ചിട്ടുണ്ട്. 10 പുതിയ വീടുകളുടെ നിർമ്മാണം പുരോഗമിക്കുകയാണ്. ആലക്കോട്, നെല്ലിപ്പാറ കോളനികളിൽ ആകെയുള്ള 52 വീടുകളിൽ 27 എണ്ണം വൈദ്യുതീകരിക്കുകയും ശേഷിക്കുന്ന വീടുകളുടെ വൈദ്യുതീകരണം നടന്നുവരികയുമാണ്. കൈതളം കോളനിയിൽ ആകെയുള്ള 20 വീടുകളിൽ 16 വീടുകൾ

വൈദ്യുതീകരിച്ചിട്ടുണ്ട്. ഇവിടെയെല്ലാം വൈദ്യുതി എത്തിക്കുന്നതിനുള്ള നടപടി സ്വീകരിക്കും. എല്ലാ വൈദ്യുതി കുടിശ്ശികയും എഴുതിത്തള്ളാൻ സാദ്ധ്യമല്ല. വൈദ്യുതി കുടിശ്ശിക എഴുതിത്തള്ളിയിട്ടുള്ളതിന്റെ ഗുണം ഈ കോളനികളിൽ ലഭ്യമായിട്ടുണ്ടോയെന്ന കാര്യം പരിശോധിക്കുന്നതാണ്. മഴക്കാല രോഗങ്ങൾ തടയുന്നതിന് ആരോഗ്യവകുപ്പിന്റെ സഹായത്തോടു കൂടി പട്ടികവർഗ്ഗകോളനികളിൽ മെഡിക്കൽ ക്യാമ്പുകളും ശുചീകരണ പ്രവർത്തനവും നടത്തുകയും ഇവ പരിശോധിക്കുന്നതിന് പ്രൊമോട്ടേഴ്സിനെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. മദ്യത്തിനും മയക്കുമരുന്നിനുമെതിരെ പ്രാദേശികമായി ജനപ്രതിനിധികൾതന്നെ ശക്തമായ നിലപാട് എടുക്കണം. ഇക്കാര്യങ്ങൾ പരിശോധിച്ച് അടിയന്തിര നടപടി സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പനി ബാധിച്ച് മരണപ്പെടുന്ന ഒരു കേസ്സിന് ആനുകൂല്യം കൊടുത്തുകഴിഞ്ഞാൽ അതുമായി ബന്ധപ്പെട്ട എല്ലാവർക്കും കൊടുക്കേണ്ടിവരുമെന്നതുകൊണ്ട് സാമ്പത്തിക സഹായം അനുവദിക്കാനാകില്ല.

(7) വേലുത്തമ്പി ദളവയുടെ ഉടവാൾ

ശ്രീ. എൻ. രാജൻ: വേലുത്തമ്പി ദളവയുടെ ഉടവാൾ ഇപ്പോൾ കേന്ദ്ര ഗവൺമെന്റിൽനിന്നും സംസ്ഥാന സാംസ്ക്കാരിക വകുപ്പിന് കൈമാറി കിട്ടിയിരിക്കുന്ന സാഹചര്യത്തിൽ അത് കിളിമാനൂർ കൊട്ടാരത്തിൽ പൊതു ദർശനത്തിന് വയ്ക്കുന്നതിന് നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി): ഡൽഹി മ്യൂസിയത്തിൽ സൂക്ഷിച്ചിരുന്ന വേലുത്തമ്പി ദളവയുടെ ഉടവാൾ സംസ്ഥാന ഗവൺമെന്റ് നിരന്തരമായി നടത്തിയ പരിശ്രമത്തിന്റെ ഫലമായിട്ടാണ് സാംസ്കാരിക വകുപ്പിന് കൈമാറിക്കിട്ടിയത്. ഇപ്പോൾ

നേപ്പിയർ മ്യൂസിയത്തിൽ അതീവസുരക്ഷയോടുകൂടി സൂക്ഷിച്ചിരിക്കുന്ന ഉടവാൾ കേന്ദ്ര ഗവൺമെന്റിന്റെ അനുവാദത്തോടുകൂടി മാത്രമേ പുറത്തെടുക്കാൻ സാധിക്കുകയുള്ളൂ. ചരിത്രപ്രസിദ്ധമായ കുണ്ടറ വിളംബരം നടത്തിയ കുണ്ടറയിലും വേലുത്തമ്പി ദളവ രക്തസാക്ഷിത്വം വരിച്ച മണ്ണടിയിലും ഉടവാൾ പ്രദർശിപ്പിക്കുന്നതിനുള്ള അനുമതിക്കായി കേന്ദ്ര ഗവൺമെന്റിനോട് അപേക്ഷിച്ചിട്ടുണ്ട്. കിളിമാനൂർ കൊട്ടാരത്തിന്റെ ചരിത്രപ്രാധാന്യം പരിഗണിച്ച് അവിടെയും ഉടവാൾ പ്രദർശിപ്പിക്കുന്നതിനുള്ള അനുമതിക്കായി അപേക്ഷിക്കുന്നതാണ്.

### (8) പന്തളം താലൂക്ക് രൂപീകരണം

ശ്രീ. കെ. കെ. ഷാജു : 1982-ൽ പത്തനംതിട്ട ജില്ലയുടെ രൂപീകരണം മുതൽ പട്ടണമായി അറിയപ്പെട്ടിരുന്ന പന്തളം ബ്ലോക്കിനെ താലൂക്കായി രൂപീകരിക്കുമെന്ന പ്രഖ്യാപനമുണ്ടായിരുന്നെങ്കിലും നിയോജമണ്ഡലങ്ങളുടെ പുനർനിർണ്ണയം വന്നതോടുകൂടി ആ മണ്ഡലംതന്നെ ഇല്ലാതായിരിക്കുകയാണ്. മൂന്നോ അതിൽ കുറവോ പഞ്ചായത്തുകളുള്ള ബ്ലോക്കുകളെ സംയോജിപ്പിക്കുമെന്ന നയപരമായ തീരുമാനം നിലനിൽക്കുമ്പോൾത്തന്നെ പന്തളം ബ്ലോക്കിന്റെ ആസ്ഥാനം കുളനടയിലേയ്ക്ക് മാറ്റി. പന്തളം ബ്ലോക്ക് നിലനിറുത്തുന്നതിനുവേണ്ടി കോന്നി ബ്ലോക്കിൽനിന്ന് വള്ളിക്കോട് പഞ്ചായത്തോ പറക്കോട് ബ്ലോക്കിൽനിന്ന് കൊടുമൺ പഞ്ചായത്തോ ഇതിനോട് ചേർത്ത് പന്തളം ബ്ലോക്കായും മയിലപ്രയിൽനിന്ന് ചെന്നീർക്കട പഞ്ചായത്ത് കുളനടയോടു സംയോജിപ്പിച്ച് കുളനട ബ്ലോക്കായും നിലനിർത്തണം. പന്തളം ബ്ലോക്കിന്റെ ആസ്ഥാനം പന്തളത്തുതന്നെ നിലനിർത്താൻ അടിയന്തിര തീരുമാനം ഉണ്ടാകണം.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി <u>(ശ്രീ. പാലോളി മുഹമ്മദ്കുട്ടി)</u>: നഗരസ്വഭാവം ആർജ്ജിച്ച ചില ഗ്രാമപഞ്ചായത്തുകളെ മുനിസിപ്പാലിറ്റികളാക്കി ഉയർത്തിയതുകൊണ്ടും മറ്റ് ചിലത് കോർപ്പറേഷനുകളോടും മുനിസിപ്പാലികളോടും സംയോജിപ്പിച്ചതുമൂലവും സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളുടെ എണ്ണത്തിലുള്ള വ്യത്യാസം കുറച്ചുകൊണ്ടുവരുന്നതിനായി മൂന്നോ അതിൽ കുറവോ ഗ്രാമപഞ്ചായത്തുകളുള്ള ബ്ലോക്ക്പഞ്ചായത്തുകൾ സംയോജിപ്പിക്കുന്നതിന് ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. പന്തളം, കുളനട ബ്ലോക്ക് പഞ്ചായത്തുകളിൽ മൂന്ന് വീതം ഗ്രാമ പഞ്ചായത്തുകളാണുണ്ടായിരുന്നത്. പത്തനംതിട്ട ജില്ലയിലെ ബ്ലോക്ക് പഞ്ചായത്തുകളിലെ ഗ്രാമപഞ്ചായത്തുകളുടെ എണ്ണം ശരാശരി ഏഴിൽ താഴെയാണ്. ബ്ലോക്ക് പഞ്ചായത്തുകളെ സംയോജിപ്പിച്ച് രൂപീകരിക്കുന്ന പുതിയ ബ്ലോക്കിന്റെ പേരും ആസ്ഥാനവും കരട് വിജ്ഞാപനത്തിൽ പ്രസിദ്ധീകരിക്കുകയും അതുസംബന്ധിച്ച് തദ്ദേശഭരണ സ്ഥാപനങ്ങളിൽനിന്നും വ്യക്തികളിൽനിന്നും ആക്ഷേപങ്ങളും നിർദ്ദേശങ്ങളും സ്വീകരിക്കുകയും ബന്ധപ്പെട്ടവരെ നേരിൽ കേൾക്കുകയും ഉദ്യോഗസ്ഥതല അന്വേഷണം നടത്തുകയും ചെയ്തിട്ടുണ്ട്. പന്തളം ബ്ലോക്ക് പഞ്ചായത്ത് ഓഫീസിന് 67.5 സെന്റ് സ്ഥലവും കുളനട ബ്ലോക്ക് പഞ്ചായത്തിന് ഒരു ഏക്കർ സ്ഥലവുമാണുള്ളത്. അതുകൊണ്ട് സ്ഥലസൗകര്യത്തിന്റേയും കെട്ടിടത്തിന്റേയും കാര്യത്തിൽ കുളനട ആസ്ഥാനം മെച്ചപ്പെട്ട നിലയിലുള്ളതാണ്. മാത്രമല്ല പന്തളം, കുളനട ആസ്ഥാനങ്ങൾ തമ്മിലുള്ള ദൂരം മൂന്ന് കിലോമീറ്ററിൽ കുറവുമാണ്. പന്തളം സമീപഭാവിയിൽ മുനിസിപ്പാലിറ്റിയായി ഉയർത്താൻ നടപടി സ്വീകരിക്കുന്നത് പരിഗണിച്ചാണ് പുതുതായി രൂപീകരിക്കുന്ന ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്ഥാനം കുളനടയായി തീരുമാ

നിച്ചിട്ടുള്ളത്. ചരിത്രപരമായ പ്രാധാന്യം കണക്കിലെടുത്ത് ബ്ലോക്ക് പഞ്ചായത്തിന്റെ പേര് പന്തളമായി നിലനിർത്താനും പന്തളം ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്ഥാനമായി പ്രവർത്തിക്കുന്ന കെട്ടിടവും മറ്റ് അടിസ്ഥാനസൗകര്യങ്ങളും തുടർന്നും ലഭ്യമാക്കാനും ബ്ലോക്ക് പഞ്ചായത്തിന്റെ സേവനം ആ പ്രദേശത്തെ ജനങ്ങൾക്കുവേണ്ടി ഉപയോഗപ്പെടുത്താനുമാണ് തീരുമാനിച്ചിട്ടുള്ളത്.

(9) എണ്ണപ്പനക്കുരു സംസ്ക്കരണ ഫാക്ടറി

ശ്രീ. ബി.ഡി.ദേവസ്സി: അതിരപ്പിള്ളി പഞ്ചായത്തിൽ പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരളയുടെ കാലടി പ്ലാന്റേഷനിൽ എണ്ണപ്പനക്കുരു സംസ്ക്കരണ ഫാക്ടറി ആരംഭിക്കാൻ നടപടി സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ): ഓയിൽ പാം ഇന്ത്യയുടെ ഏലൂർ എസ്റ്റേറ്റിലെ ഫാക്ടറിയിൽ എണ്ണപ്പനക്കുരു സംസ്ക്കരണം നടന്നുവരുന്നു. ഈ ഫാക്ടറിയിൽ ഒരു ദിവസം 3 ഷിഫ്റ്റിലായി 400 ടണ്ണിനുമേൽ സംസ്ക്കരിക്കാൻ കഴിയുന്നതാണ്. പ്ലാന്റേഷൻ കോർപ്പറേഷന്റെ എസ്റ്റേറ്റിൽ നിന്നും കിട്ടുന്ന പഴങ്ങൾ ഉൾപ്പെടെയാണ് ഇവിടെ സംസ്ക്കരിക്കുന്നത്. പുതിയ ഫാക്ടറി സ്ഥാപിക്കുമ്പോൾ രണ്ട് ഫാകടറികൾക്കും ആവശ്യമായ അസംസ്കൃതവസ്തു ലഭ്യമാക്കുന്ന കാര്യം പരിശോധിക്കേണ്ടതാണ്. എങ്കിലും പ്ലാന്റേഷൻ കോർപ്പറേഷൻ ബോർഡ് ഒരു പ്ലാന്റ് സ്ഥാപിക്കുന്ന കാര്യം പരിഗണിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച സാധ്യതാ പഠനം നടത്തുന്നതിനും പ്രോജക്ട് തയ്യാറാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. പ്രോജക്ട് തയ്യാറാക്കുന്ന മുറയ്ക്ക് എല്ലാ കാര്യങ്ങളും പഠിച്ച് കോർപ്പറേഷന്റെ കാലടി ഗ്രൂപ്പിൽ പുതിയ ഫാക്ടറി സ്ഥാപിക്കുന്ന കാര്യം പരിശോധിച്ച് നടപടികൾ എടുക്കുന്നതാണ്.

(10) സി.ബി.എസ്.ഇ/ഐ.സി.എസ്.ഇ സ്കൂളുകളുടെ പ്രവർത്തനം

ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് : കേരളത്തിലെ സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ സ്കൂളികളിലുണ്ടാകുന്ന വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും മാനേജ്മെന്റുകളെ നിയന്ത്രിക്കുന്നതിനുമായി നിയമനിർമ്മാണം നടത്തി വിദ്യാർത്ഥികളെ രക്ഷിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി ( ശ്രീ. എം.എ ബേബി): സർക്കാർ നൽകുന്ന എൻ.ഒ.സി. പ്രകാരമാണ് കേരളത്തിൽ സി.ബി.എസ്.ഇ/ഐ.സി.എസ്.ഇ സ്കൂളുകൾ പ്രവർത്തിക്കുന്നത്. എന്നാൽ സംസ്ഥാന സർക്കാരിന്റെ അനുമതിയില്ലാതെ ഒട്ടേറെ സി.ബി.എസ്.ഇ/ഐ.സി.എസ്.ഇ സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. ഇപ്പോൾ നിലവിൽവന്ന വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ വെളിച്ചത്തിൽ അനുമതിയില്ലാത്ത സ്കൂളുകൾക്ക് പ്രവർത്തിക്കാൻ കഴിയില്ല. കേന്ദ്ര വിദ്യാഭ്യാസ നിയമം നടപ്പാക്കുന്ന സാഹചര്യത്തിൽ നിയമവിരുദ്ധ സ്കൂളുകളെ സംബന്ധിച്ച് തീരുമാനിക്കുന്നതാണ്.

(11) ഗവൺമെന്റ് എൽ.പി. സ്കൂളിലെ മതിൽ പൊളിച്ച സംഭവം

ശ്രീ. യു.സി.രാമൻ: കുന്നമംഗലം നിയോജകമണ്ഡലത്തിലെ ചാത്തമംഗലം ഗ്രാമപഞ്ചായത്തിൽ ന്യൂ ഗവൺമെന്റ് എൽ.പി.സ്കൂളിലെ ചുറ്റുമതിൽ സ്വകാര്യ വ്യക്തിക്കുവേണ്ടി പൊളിച്ചുമാറ്റിയവർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുന്നതിനും സ്കൂൾ വിദ്യാർത്ഥികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി പൊളിച്ച മതിൽ പുനർനിർമ്മിക്കുന്നതിനും ആ ഭാഗത്തുള്ള തേക്കുമരം മുറിച്ചുമാറ്റാനുമുള്ള ശ്രമം തടയാനും നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി) : പ്രസ്തുത സ്കൂളിലെ ചുറ്റുമതിൽ എസ്.എസ്.എ ഫണ്ടുപയോഗിച്ചാണ് നിർമ്മിച്ചിരുന്നത്. ഈ മതിലിന്റെ പടിഞ്ഞാറുഭാഗം 10 അടി പൊളിച്ചുമാറ്റിയ നിലയിൽ കണ്ടതിനാൽ സ്കൂൾ ഹെഡ്മാസ്റ്റർ കുന്നമംഗലം പോലീസ് സ്റ്റേഷനിൽ പരാതി നൽകിയിട്ടുണ്ട്. മതിൽ പൊളിച്ചത് അതേനിലയിൽ തുടരുകയാണ്. 17-4-2010-ൽ കൂടിയ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയിൽ മതിൽ പൊളിച്ച ഭാഗത്തുകൂടി വെള്ളനാട്-കുന്നത്തൂർ-പള്ളാവൂർ റോഡിനുവേണ്ടി സ്കൂളിന്റെ സ്ഥലം മൂന്ന് മീറ്റർ വീതിയിൽ വിട്ടുകൊടുക്കാൻ ഏകകണ്ഠമായി തീരുമാനിക്കുകയുണ്ടായി. എന്നാൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ അറിവോടുകൂടി വിദ്യാഭ്യാസ വകുപ്പിന് മാത്രമേ സ്ഥലം വിട്ടുനൽകാൻ അധികാരമുള്ളൂ. പ്രസ്തുത വിഷയത്തിൽ കൂടുതൽ അന്വേഷണം നടത്തി ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(12) ശാന്തിക്കാരുടെ ഗ്രേഡ് ഉയർത്താൻ നടപടി

ശ്രീ. പി.സി. വിഷ്ണുനാഥ് : തിരുവിതാംകൂർ ദേവസ്വംബോർഡിലെ ശാന്തിക്കാരുടെ ഗ്രേഡ് സബ്ഗ്രൂപ്പ് ഓഫീസർമാരുടെ ഗ്രേഡിലേയ്ക്ക് ഉയർത്തുന്നതിനും ദേവസ്വം ബോർഡിന് കീഴിലല്ലാത്ത സ്വകാര്യക്ഷേത്രങ്ങളിലെ ശാന്തിക്കാർക്ക് ക്ഷേമനിധി ഏർപ്പെടുത്തുന്നതിനുമുള്ള നടപടി സ്വീകരിക്കണം.

ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ശാന്തിക്കാർക്ക് അർഹതയനുസരിച്ച് പാർട്ട് ടൈമിൽ നിന്നും ഫുൾടൈമായി പ്രൊമോഷൻ നൽകി വരുന്നുണ്ട്. കൂടാതെ നിശ്ചിതവർഷം പൂർത്തിയാകുന്ന മുറയ്ക്ക്

ഗ്രേഡ് പ്രൊമോഷനും കാലാകാലങ്ങളിൽ ഡി.എ വർദ്ധിപ്പിച്ചും നൽകി വരുന്നു. അതോടൊപ്പം ശാന്തിക്കാർക്ക് 150 രൂപ ശാന്തി അലവൻസും 75 രൂപ വസ്ത്ര അലവൻസും നൽകി വരുന്നു. കൂടാതെ ശാന്തിക്കാർ അപേക്ഷ നൽകുന്ന പക്ഷം പ്യൂൺ തസ്തികയ്ക്കും ക്ലറിക്കൽ തസ്തികയ്ക്കും യോഗ്യതയുടെ അടിസ്ഥാനത്തിൽ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കി ഒഴിവു വരുന്ന മുറയ്ക്ക് നിലവിലുള്ള മാനദണ്ഡം അനുസരിച്ച് ദേവസ്വം ബോർഡിൽ പ്രൊമോഷൻ നൽകി വരുന്നുണ്ട്.

(13) നെൽകർഷകരുടെ പ്രശ്നങ്ങൾ

ശ്രീ. മുരളി പെരുനെല്ലി: ആഗോളതാപനം മൂലമുണ്ടാകുന്ന കാലാവസ്ഥാ വ്യതിയാനത്തിന്റെ ഫലമായി തൃശ്ശൂർ കോൾമേഖലയിലെ നെൽകൃഷിക്ക് നേരിടുന്ന വിപത്തുകൾ തടയുന്നതിനായി ശാസ്ത്രീയമായി പഠനം നടത്തി വിത്തിനങ്ങൾ കണ്ടുപിടിച്ച് അടുത്ത വിളവിലേയ്ക്ക് നൽകുന്നതിനും നഷ്ടം സംഭവിച്ചവർക്ക് സഹായം നൽകുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ) : കാലാവസ്ഥാ ദുരന്തങ്ങളിൽ കർഷകർക്ക് ആശ്വാസം നൽകുന്ന നടപടികൾ അടിയന്തിരമായി സർക്കാർ കൈക്കൊണ്ടുവരുന്നുണ്ട്. തൃശ്ശൂർ കോൾമേഖലയിലെ നെൽകൃഷിക്ക് 2009-ലെ അതിവർഷംമൂലമുണ്ടായ നഷ്ടം നികത്താൻ പത്ത് ലക്ഷത്തി ഇരുപത്തെട്ടായിരം രൂപ അനുവദിച്ചിട്ടുണ്ട്. ഈ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനായി തൃശ്ശൂർ കോൾമേഖലയിലെ എം.എൽ.എമാർ, കോൾ കർഷക സംഘം പ്രതിനിധികൾ എന്നിവരുടെ യോഗം വിളിച്ചുചേർത്തിരുന്നു. പ്രസ്തുത വിഷയം പഠിച്ച് റിപ്പോർട്ട് നൽകുന്നതിനായി മൂന്നംഗ സമിതിയെ

നിയോഗിച്ചിട്ടുണ്ട്. റവന്യൂ വകുപ്പുമന്ത്രി ഉൾപ്പെടെ ബന്ധപ്പെട്ടവരുടെ യോഗം ഈ മാസം 14-ാം തീയതി വിളിച്ചുകൂട്ടി ഈ വിഷയം ചർച്ച ചെയ്ത് കർഷകർക്ക് കഴിയുന്നത്ര അനുകൂലമായ തീരുമാനം കൈക്കൊള്ളാനാണ് ഉദ്ദേശിക്കുന്നത്.

## ധനകാര്യം

### 2010-2011 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ ബേബി) : താഴെപ്പറയുന്ന ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ - XVII-വിദ്യാഭ്യാസം,കായികവിനോദം,കല സംസ്ക്കാരം ( 4700,61,22,000 രൂപ)

ഭക്ഷ്യവും സിവിൽസപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ) പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രിക്കുവേണ്ടി കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ) വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്ക്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥന സംബന്ധിക്കുന്ന ചട്ടം 236(3) അനുസരിച്ചുള്ള പ്രസ്താവന മേശപ്പുറത്തു വയ്ക്കുന്നു.

സർവ്വശ്രീ കെ. ശിവദാസൻ നായർ, വർക്കല കഹാർ, എ.പി. അനിൽ കുമാർ, ജോർജ് മേഴ്സിയർ, എം.എ. വാഹീദ്, കെ. ബാബു, വി.ഡി സതീശൻ, എ.എ. ഷുക്കൂർ, തിരുവഞ്ചൂർ രാധാകൃഷ്ണൻ, എ.പി.അബ്ദുള്ളക്കുട്ടി, സി.ടി. അഹമ്മദ് അലി, കെ. മുഹമ്മദുണ്ണി ഹാജി

എം.ഉമ്മർ, കെ.സി. ജോസഫ്, പി.സി വിഷ്ണുനാഥ്, പ്രൊഫ.എൻ. ജയരാജ് എന്നീ അംഗങ്ങൾ ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചു.

ശ്രീ. പി.സി. വിഷ്ണുനാഥ്: ധനാഭ്യർത്ഥനയെ എതിർക്കുന്നു. യു.പി.എ സർക്കാർ നടപ്പിലാക്കിയ മഹാത്മാഗാന്ധി തൊഴിലുറപ്പ് നിയമം, വിവരാവകാശ നിയമം, ആദിവാസി വനാവകാശ നിയമം, സംഘടിത തൊഴിൽ നിയമം എന്നിവയുടെ പട്ടികയിൽ ഏറ്റവും ഒടുവിലത്തേതാണ് ദേശീയ വിദ്യാഭ്യാസ അവകാശ നിയമം. ചില സ്വകാര്യ മാനേജുമെന്റുകളൊഴികെ രാഷ്ട്രീയത്തിനതീതമായി എല്ലാപേരും ഈ നിയമത്തെ സ്വാഗതം ചെയ്തിട്ടുണ്ട്. ഈ നിയമം പ്രാബല്യത്തിൽ വരുന്നതോടുകൂടി കേന്ദ്രത്തിൽ നിന്നും 75 ശതമാനം അധികവരുമാനം ലഭിക്കുകയും 25 ശതമാനം കുട്ടികൾക്കുകൂടി അൺ-എയ്ഡഡ് സ്കൂളുകളിൽ പഠിക്കാനുള്ള അവസരമുണ്ടാകുകയും അദ്ധ്യാപകരുടെ പ്രോട്ടക്ഷന്റെ പ്രശ്നം പരിഹരിക്കപ്പെടുകയും ഹെഡ്മാസ്റ്റർമാരുടെ തസ്തിക ഉണ്ടാകുകയും 300 പുതിയ സ്കൂളുകൾ നിലവിൽ വരികയും ചെയ്യും. എന്നാൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ഒരു വശത്ത് അൺ എയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരം കൊടുക്കുകയും മറുവശത്ത് അൺ എയ്ഡഡ് സ്കൂളുകളെ വിമർശിക്കുകയും ചെയ്യുന്ന നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. ഈ നിയമത്തെ സംബന്ധിച്ച് തെറ്റായ പ്രചരണമാണ് സംസ്ഥാന ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്. നിലവിലുള്ള മാനദണ്ഡങ്ങൾ ലംഘിച്ചുകൊണ്ടാണ് പ്രൊഫഷണൽ കോഴ്സുകൾക്ക് ഫീസ് നിശ്ചയിച്ചത്. യു.ഡി.എഫ് ഗവൺമെന്റ് അധികാരത്തിലിരിക്കുമ്പോൾ ഐ.എച്ച്.ആർ.ഡി എഞ്ചിനീയറിംഗ് കോളേജുകളിൽ ഗവൺമെന്റ് സീറ്റിന്

5200 രൂപ ഫീസായിരുന്നത് ഈ ഗവൺമെന്റ് 20000 രൂപയാക്കി വർദ്ധിപ്പിച്ചിരിക്കുകയാണ്. സ്വകാര്യ സ്വാശ്രയകോളേജുകളിലെ മാനേജുമെന്റ് സീറ്റിന് ഒരു ലക്ഷം രൂപ ഫീസും ഒന്നര ലക്ഷം രൂപ റീഫണ്ടബിൾ ഡെപ്പോസിറ്റുമായി. നിശ്ചയിച്ചുകൊണ്ട് മാനേജുമെന്റുകളുമായി കരാർ ഒപ്പിട്ടിരിക്കുകയാണ് വിദ്യാർത്ഥികൾക്ക് ഓപ്ഷൻ നൽകാനുള്ള അവസരം നഷ്ടപ്പെടുത്തിക്കൊണ്ട് മെറിറ്റ് സീറ്റുകൾകൂടി മാനേജ്മെന്റിന് ഏൽപ്പിച്ചു കൊടുക്കുന്ന രീതിയാണ് ഗവൺമെന്റ് അവലംബിച്ചിരിക്കുന്നത്. പാഠപുസ്തക വിതരണം കാര്യക്ഷമമായി നടത്താൻ കഴിഞ്ഞിട്ടില്ല. ചൈൽഡ് സെൻസസ്, കെ.ഇ.ആർ. പരിഷ്കരണം എന്നിവ ഫലപ്രാപ്തിയിൽ എത്തിയി ട്ടില്ല. പാഠപുസ്തകങ്ങൾ മാതൃകാപരവും കുട്ടികളുടെ സർഗ്ഗവാസനയേയും സദ്ഭാവനയേയും ഉണർത്തുന്നവയുമായിരിക്കണം. എല്ലാ സ്കൂളുകളിലും ഇംഗ്ലീഷ് അധ്യാപകരെ നിലനിറുത്തുന്നതിനും അധ്യാപകരുടെ പ്രൊട്ടക്ഷന്റെ കാര്യത്തിലും അനുകൂല നടപടി സ്വീകരിക്കണം.

<u>ശ്രീ. വി. ശശികുമാർ</u> : ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. കഴിഞ്ഞ നാലു വർഷത്തെ കാര്യക്ഷമമായ പ്രവർത്തനങ്ങളിലൂടെ വിദ്യാഭ്യാസ അന്തരീക്ഷം സമാധാനപരമാക്കാൻ കഴിഞ്ഞു. വിദ്യാഭ്യാസ കച്ചവടത്തിന് അറുതിവരുത്തി. ഈ മേഖലയിൽ പ്രൈമറി തലം തൊട്ട് സെക്കണ്ടറിതലം വരെ നടപ്പിലാക്കിയ പരിഷ്കാരങ്ങളും പരീക്ഷണങ്ങളും ഗുണപരമായ ലക്ഷ്യം കൈവരിച്ചു എന്നതിന്റെ തെളിവാണ് സെക്കണ്ടറിതലം തൊട്ടുള്ള പരീക്ഷാഫലങ്ങൾ വെളിപ്പെടുത്തുന്നത്. പെരിന്തൽമണ്ണ നിയോജകമണ്ഡല ത്തിൽ അൺഎയ്ഡഡ് മേഖലയിൽ കോ-ഓപ്പറേറ്റീവ് മാനേജ്മെന്റിന്റെ കീഴിൽ പ്രവർത്തിക്കുന്ന മലയാളം മീഡിയം സ്കൂളിന് റെക്കഗ്നിഷൻ

നൽകണം. മലബാർ മേഖലയിൽ പ്ളസ്ടു സീറ്റുകളുടെ എണ്ണം വർദ്ധിപ്പിച്ച് എസ്.എസ്.എൽ.സി. കഴിഞ്ഞ കുട്ടികൾക്ക് ഉപരിപഠനം സാധ്യമാക്കുന്ന തിനും വിദ്യാഭ്യാസ പിന്നോക്കാവസ്ഥയ്ക്ക് പരിഹാരം കാണുന്നതിനും മാതൃകാപരമായ നടപടി സ്വീകരിച്ചു. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വിദ്യാഭ്യാസമേഖല പൂർണ്ണമായും സ്വകാര്യവൽക്കരണത്തിന്റെ പിടിയിലായി രുന്നു. കഴിഞ്ഞ 4 വർഷത്തിനിടയിൽ ഇരുപതിനായിരത്തോളം അദ്ധ്യാപകരെ നിയമിക്കാൻ ഈ സർക്കാരിന് കഴിഞ്ഞു. ഉന്നത വിദ്യാ ഭ്യാസമേഖലയിലുണ്ടായിരുന്ന അദ്ധ്യാപക നിയമനനിരോധനം എടുത്തുകളഞ്ഞ് 642 അദ്ധ്യാപകരെ ആർട്ട്സ് ആന്റ് സയൻസ് കോളേജുകളിൽ നിയമിക്കുകയും 176 പുതിയ അദ്ധ്യാപകതസ്തികകൾ സൃഷ്ടിക്കുകയും ചെയ്തത് ഗവൺമെന്റ് കോളേജുകളുടേയും എയ്ഡഡ് കോളേജുകളുടേയും നിലവാരം ഉയർത്തുന്നതിന് സഹായകരമായിട്ടുണ്ട്. പിന്നോക്കം നിൽക്കുന്ന സർക്കാർ കോളേജുകളിൽ പുതിയ കോഴ്സുകൾ അനുവദിക്കണം. ഉന്നതവിദ്യാഭ്യാസ മേഖലയിലെ വിദ്യാർത്ഥികൾക്കായി സ്കോളർഷിപ്പ് പദ്ധതി നടപ്പിലാക്കി. ആൾ ഇന്ത്യാ നിലവാരത്തിലുള്ള സർവ്വകലാശാലകൾ സംസ്ഥാനത്ത് സ്ഥാപിക്കുന്ന പ്രവർത്തനത്തിന് തുടക്ക മിടാൻ കഴിഞ്ഞിട്ടുണ്ട്. അലിഗഢ് മുസ്ലീം സർവ്വകലാശാല സ്ഥാപിക്കുന്നതിനുള്ള സ്ഥലം എത്രയുംവേഗം ഏറ്റെടുത്ത് കൈമാറുന്നതാണ്. പെരിന്തൽമണ്ണയിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന ഗലീലിയോ സയൻസ് പാർക്കിന് വിദ്യാഭ്യാസവകുപ്പിന്റെ സഹകരണം ഉണ്ടാകണം. പാഠപുസ്തകവിതരണം 90 ശതമാനവും പൂർത്തീകരിച്ചു. 8-ാം ക്ലാസ്സുവരെയുള്ള പാഠപുസ്തകങ്ങൾ സൗജന്യമാക്കി. എസ്.എസ്. എൽ.സി.,

പ്ലസ് ടു വിജയശതമാനം ഉയർത്താനും മലബാറിലെ വിദ്യാഭ്യാസ പിന്നോക്കാവസ്ഥയ്ക്ക് പരിഹാരം കാണാനും ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. വിദ്യാഭ്യാസരംഗത്തെ നേട്ടങ്ങളെ അംഗീകരിക്കാത്ത നിലപാട് പ്രതിപക്ഷം സ്വീകരിക്കുന്നത് ശരിയല്ല. ഓരോ മണ്ഡലത്തിലും കോടിക്കണക്കിനുരൂപയുടെ വികസന പ്രവർത്തനങ്ങൾ നടത്താൻ കഴിഞ്ഞിട്ടുണ്ട്.

<u>ശ്രീ. എം. ഉമ്മർ</u>: ധനാഭ്യർത്ഥനയെ എതിർക്കുന്നു. പൊതു വിദ്യാഭ്യാസം ശക്തിപ്പെടുത്താൻ ഫലപ്രദമായ നടപടികൾ സ്വീകരിക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. എക്സ്പെർട്ട് കമ്മിറ്റിയുടെ നിർദ്ദേശ പ്രകാരം അച്ചടിക്കപ്പെട്ട പാഠപുസ്തകങ്ങളിൽ നിരവധി തെറ്റുകളാണ് കടന്നു കൂടിയിരിക്കുന്നത്. അൺ-ഇക്കണോമിക് സ്ക്കൂളുകളിലെ അദ്ധ്യാപകരെ സ്ഥിരപ്പെടുത്തണം. ഏരിയ ഇന്റൻസീവ് പ്രോഗ്രാമിലുൾപ്പെടുത്തി നടപ്പാക്കിയ സ്ക്കൂളുകളിൽ കുട്ടികൾക്കാനുപാതികമായി അഡീഷണൽ ബാച്ച് അനുവദിക്കുകയോ അദ്ധ്യാപകരെ നിയമിക്കുകയോ ചെയ്യണം. ഉന്നത വിദ്യാഭ്യാസ രംഗത്ത് വികലമായ കാഴ്ചപ്പാടാണ് സർക്കാർ സ്വീകരി ച്ചിരിക്കുന്നത്. സ്വകാര്യമേഖലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളോടുള്ള ഗവൺമെന്റ് സമീപനം അപലപനീയമാണ്.

<u>ശ്രീമതി ഇ. എസ്. ബിജിമോൾ</u> : ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. കായികരംഗത്ത് ധാരാളം നേട്ടങ്ങളുണ്ടാക്കാൻ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. സ്പോർട്ട്സിനെ ഒരു പ്രത്യേക വകുപ്പായി പ്രഖ്യാപിച്ചതും ദേശീയ ഗെയിംസുമായി ബന്ധപ്പെട്ട് നടത്തുന്ന തയ്യാറെടുപ്പുകളും വളരെ പ്രശംസനീ യമാണ്. ഇടുക്കിയിലെ കായികതാരമായ സയോണയ്ക്ക് ദേശീയ ഗെയിംസിൽ പങ്കെടുക്കാനാവശ്യമായ സഹായം നൽകണം. സ്കൂളുകളിലെ

അടിസ്ഥാനസൗകര്യം വർദ്ധിപ്പിക്കണം. ഗവൺമെന്റ് സ്കൂളുകളിൽ പഠിക്കാൻ ബഹുഭൂരിപക്ഷം കുട്ടികളും താൽപ്പര്യം കാണിക്കുന്നത് ഈ ഗവൺമെന്റിന്റെ എടുത്തുപറയത്തക്ക നേട്ടങ്ങളിലൊന്നാണ്. വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്കൂളുകൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിച്ച് നൽകണം. മറ്റ് സംസ്ഥാനങ്ങളിൽനിന്നും വ്യത്യസ്തമായ വിദ്യഭ്യാസശൃംഖലയുള്ള കേരളത്തിൽ കേന്ദ്ര ഗവൺമെന്റിന്റെ ദേശീയ വിദ്യാഭ്യാസ അവകാശനിയമം പ്രശ്നങ്ങൾ സൃഷ്ടിക്കാൻ സാദ്ധ്യതയുണ്ട്. പ്രസ്തുത നിയമമനുസരിച്ച് ആറ് വയസ്സിൽ കുട്ടികളെ ഒന്നാം ക്ലാസ്സിൽ ചേർക്കണമെന്ന പഠനസമ്പ്രദായത്തെ മാതാപിതാക്കൾ അംഗീകരിക്കാൻ തയ്യാറാകാത്ത സാഹചര്യത്തിൽ ബോധവൽക്കരണം നടത്തേണ്ടിവരും. എൽ.പി./യു.പി., സെക്കണ്ടറി വിഭാഗങ്ങളുമായി ബന്ധപ്പെട്ട സ്ട്രക്ച്ചറൽ മാറ്റങ്ങൾ ഗൗരവമായി പരിഗണിക്കണം. സർക്കാർ സ്കൂളുകളിൽനിന്ന് കുട്ടികൾ കൊഴിഞ്ഞുപോകുന്നത് അവസാനിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഏകജാലക സംവിധാനത്തിലൂടെ ഹയർ സെക്കണ്ടറി വിദ്യാഭ്യാസരംഗത്തെ പ്രവേശനത്തിൽ കൃത്യതയും സാമൂഹ്യനീതിയും സുതാര്യതയും ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടുണ്ട്. ബി. പി. എൽ. വിഭാഗത്തിൽപ്പെട്ട 10000 കുട്ടികൾക്ക് 5,000 രൂപ വീതം സ്കോളർഷിപ്പ് ഏർപ്പെടുത്തിയത് അഭിനന്ദനാർഹമാണ്. ഉന്നതവിദ്യാഭ്യാസ രംഗത്ത് സ്വകാര്യ മാനേജ്മെന്റുകളുമായി സമവായമുണ്ടാക്കാൻ കഴിഞ്ഞു. സ്കൂൾ റിസോഴ്സ് ഗ്രൂപ്പ് പദ്ധതി, നൂറ്റുക്ക് നൂറ് പദ്ധതി, സ്കോളേഴ്സ് ഇൻ റസിഡന്റ്സ് പ്രോഗ്രാം, ഉന്നതവിദ്യാഭ്യാസ സ്കോളർഷിപ്പ് ഫണ്ട്, കോളേജുകളിലെ ക്ലസ്റ്റർ സമ്പ്രദായം തുടങ്ങി വിദ്യാഭ്യാസരംഗത്ത് കൊണ്ടുവന്നിട്ടുള്ള പരിഷ്ക്കാരങ്ങൾ എടുത്തുപറ

യേണ്ടതാണ്. പ്രീ-പ്രൈമറി രംഗത്തിന് നിയമപരിരക്ഷ നൽകുന്നതിനു വേണ്ടി ഒരു ബിൽ കൊണ്ടുവന്ന് സെമി ജുഡീഷ്യൽ കമ്മിറ്റിക്ക് രൂപം നൽകുന്നതടക്കമുള്ള കാര്യങ്ങൾ ഗൗരവമായി ആലോചിക്കണം.

ശ്രീ. വി. സുരേന്ദ്രൻ പിള്ള : ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. വിദ്യാഭ്യാസ രംഗത്തുണ്ടായിരുന്ന കുറവുകൾ പരിഹരിച്ചുകൊണ്ടും ദീർഘ വീക്ഷണത്തോടുകൂടി ഘട്ടംഘട്ടമായി സാമൂഹ്യനീതി ഉറപ്പുവരുത്തിക്കൊണ്ടും കാര്യക്ഷമമായും ഗുണനിലവാരം ഉറപ്പുവരുത്തിക്കൊണ്ടും ജീവനക്കാരുടെ സേവനമികവ് ഫലവത്താക്കിക്കൊണ്ടും വിദ്യാഭ്യാസ രംഗത്തെ മുന്നോട്ടുകൊണ്ടുപോകുന്ന വിശാലമായ കാഴ്ചപ്പാടോടെയുള്ള പരിഷ്ക്കാരങ്ങളാണ് കഴിഞ്ഞ നാലുവർഷംകൊണ്ട് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. പാവപ്പെട്ട കുട്ടികളുടെ വിദ്യാഭ്യാസനിലവാരം ഉയർത്തുന്നതിനും സമൂഹത്തിന്റെ അടിത്തട്ടിൽനിന്നും കുട്ടികളെ ഉയർന്ന നിലവാരത്തിൽ കൊണ്ടുവരുന്നതിനുമായി പ്രതിബദ്ധതയോടുകൂടി പ്രവർത്തിച്ചത് ഏറ്റവും വലിയ നേട്ടമാണ്. വിദ്യാഭ്യാസ രംഗത്ത് പശ്ചാത്തല സൗകര്യം ഏർപ്പെടുത്താനും ആവശ്യമുള്ള കോഴ്സുകൾ അനുവദിക്കാനും ക്വാളിഫൈഡായ അദ്ധ്യാപകരെ നിയമിക്കാനും നടപടി സ്വീകരിച്ചു. ഉച്ചക്കഞ്ഞി സമ്പ്രദായത്തിനുപകരം ഉച്ചയ്ക്ക് ഊണ് നൽകുന്നതും ബ്രേക്ക്ഫാസ്റ്റും പാലും നൽകുന്നതും പ്രശംസനീയമാണ്. വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട എല്ലാ രംഗത്തും മാറ്റങ്ങൾ വന്നുകൊണ്ടിരിക്കുകയാണ്. പത്താം ക്ലാസ് പാസ്സാകുന്ന കുട്ടികൾക്ക് ഹയർ സെക്കണ്ടറി കോഴ്സിന് അഡ്മിഷൻ കിട്ടുന്ന സാഹചര്യം സംജാതമായിട്ടുണ്ട്. ദീർഘവീക്ഷണത്തോടുകൂടിയുള്ള ഒരു വിദ്യാഭ്യാസ സമ്പ്രദായം ഈ ഗവൺമെന്റ് നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്.

<u>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ</u>: ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. കേരളത്തിലെ വിദ്യാഭ്യാസ മേഖലയെ പുരോഗതിയിലേയ്ക്കെത്തിക്കാൻ ഈ ഗവണ്മെന്റ് ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. കേന്ദ്ര ഗവൺമെന്റിന്റെ പാഠ്യപദ്ധതി ചട്ടക്കൂട് ആദ്യമായി നടപ്പിലാക്കിയ സംസ്ഥാനം കേരളമാണ്. അതിന്റെ ഫലം കേരളത്തിലുണ്ടാവുകയും ചെയ്തിട്ടുണ്ട്. ഒന്ന് മുതൽ എട്ട് വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് സൗജന്യമായി പാഠപുസ്തകം, ഉച്ചഭക്ഷണം, പാൽ എന്നിവ നൽകാനുള്ള നടപടി സ്വാഗതാർഹമാണ്. ഹയർസെക്കണ്ടറി വിദ്യാഭ്യാസ മേഖലയിൽ അഡ്മിഷന് ഓൺലൈൻ സംവിധാനം വിജയകരമായി നടപ്പിലാക്കി. സ്ക്കൂളുകളുടെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനും അദ്ധ്യാപകർക്ക് പരിശീലനത്തിലൂടെ പുനർവിദ്യാഭ്യാസം നൽകുന്നതിനും വിദ്യാഭ്യാസത്തിന്റെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനുമാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് മോഡറേഷനില്ലാതെ വിദ്യാർത്ഥികൾ പാസ്സാകുന്ന അവസ്ഥ സംജാതമായി. ഹയർ സെക്കണ്ടറി വിദ്യാഭ്യാസത്തിന് സൗകര്യമില്ലാത്ത എല്ലാ പഞ്ചായത്തുകളിലും മാനേജ്മെന്റ് സ്ക്കൂളുകളിൽ പ്ലസ് ടു കോഴ്സ് അനുവദിക്കാൻ തീരുമാനിച്ചതും മലബാർ മേഖലയിൽ ഗവൺമെന്റ് സ്ക്കൂളുകളിൽ പ്ലസ് ടു കോഴ്സ് അനുവദിക്കാൻ തീരുമാനിച്ചതും സ്വാഗതാർഹമാണ്. കായികരംഗത്ത് സമഗ്ര ആരോഗ്യ പദ്ധതി ഏർപ്പെടുത്തിയത് അഭിനന്ദനീയമാണ്. സ്പോർട്ട്സ് പാഠ്യാനുബന്ധ പ്രവർത്തനമാക്കുന്നതിന് സാഹചര്യമൊരുക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. കായികവകുപ്പും വിദ്യാഭ്യാസവകുപ്പും തദ്ദേശഭരണവകുപ്പും ചേർന്നുകൊണ്ട് എല്ലാ പഞ്ചായത്തുകളിലും ഓരോ സ്റ്റേഡിയവും നീന്തൽക്കുളവും എല്ലാ വാർഡുകളിലും ഓരോ മിനി സ്റ്റേഡിയവും നിർമ്മിക്കുന്നതിനാവശ്യമായ

തീരുമാനമെടുത്തത് സ്വാഗതാർഹമാണ്. അദ്ധ്യാപകരുടെ സ്ഥലംമാറ്റം ഓൺലൈൻ ആക്കിയതുവഴി പരാതികൾ പരിഹരിക്കാനും മധ്യവർത്തികളെ ഒഴിവാക്കാനും കഴിഞ്ഞു. സംസ്ഥാന ജീവനക്കാർക്കും അദ്ധ്യാപകർക്കും ഡി.എ. കുടിശ്ശിക നൽകാനും ട്രഷറിബാൻ പൂർണ്ണമായി ഒഴിവാക്കാനും കഴിഞ്ഞു. നിയമന നിരോധനം അവസാപ്പിക്കാനും സമയബന്ധിതമായി ശമ്പളപരിഷ്ക്കരണം നടപ്പിലാക്കാനും അൺ-എക്കണോമിക് സ്കൂളുകൾ എക്കണോമിക് സ്കൂളുകളാക്കി മാറ്റാനും സാധിച്ചു. വിദ്യാഭ്യാസരംഗത്ത് നയപരമായ മാറ്റമുണ്ടാക്കാനും അൺഎയ്ഡഡ് സ്കൂളുകൾ നിയന്ത്രിക്കാനും സാധിച്ചിട്ടുണ്ട്.

ശ്രീ. കെ. പി. മോഹനൻ: ധനാഭ്യർത്ഥനയെ എതിർക്കുന്നു. വികലമായ വിദ്യാഭ്യാസ രീതിയാണ് ഈ സർക്കാർ തുടർന്നുവരുന്നത്. പല പ്രദേശങ്ങളിലെയും സ്കൂളുകൾ മുൻപന്തിയിലെത്തുന്നതിന് പ്രധാന കാരണം അവിടെയുള്ള ജനകീയ കൂട്ടായ്മയാണ്. വിദ്യാഭ്യാസ നയങ്ങൾ സാധാരണക്കാരിലെത്തിക്കാൻ സർക്കാരിന് കഴിയുന്നില്ല. പ്ളസ് വൺ പ്രവേശനം യഥാസമയം പൂർത്തീകരിക്കണം. സ്കൂളുകളിൽ അടിസ്ഥാന സൗകര്യം ഏർപ്പെടുത്തണമെന്ന ഹൈക്കോടതി വിധി പാലിക്കണം. വിദ്യാഭ്യാസമേഖലയിലെ സങ്കീർണ്ണമായ പ്രശ്നങ്ങൾക്ക് പരിഹാരം കാണണം. എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപക നിയമന നിരോധനം പിൻവലിക്കുന്നതോടൊപ്പം അക്കാര്യത്തിൽ ആവശ്യമായ സർക്കാർ ഇടപെടലുകൾ ഉണ്ടാകുകയും ചെയ്യണം. കഴിഞ്ഞ ഗവണ്മെന്റിന്റെ കാലത്ത് 160-ഓളം സ്പെഷ്യലിസ്റ്റ് അദ്ധ്യാപകർക്ക് അംഗീകാരം നൽകിയ തീരുമാനം പ്രാവർത്തികമാക്കണം. കായികക്ഷമത വർദ്ധിപ്പിക്കുന്നതിന്

വിദ്യാലയങ്ങളിൽ കായികക്ഷമത കിറ്റ് നൽകണം. സ്കൂൾ തലത്തിൽ കളരി അഭ്യസിപ്പിക്കാൻ നടപടി സ്വീകരിക്കണം. വിദ്യാഭ്യാസ മേഖലയിൽ ജനകീയ കൂട്ടായ്മ ഉണ്ടാകണം. കായികരംഗത്ത് മുന്നേറ്റം ഉണ്ടാക്കാനുള്ള ശ്രമം നടത്തണം.

ശ്രീ. എം.എം. മോനായി : ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. കേരളത്തിലെ പൊതു വിദ്യാഭ്യാസരംഗത്ത് വളരെയധികം നേട്ടങ്ങളുണ്ടാക്കാൻ ഈ സർക്കാരിന് കഴിഞ്ഞു. ആഗോള അടിസ്ഥാനത്തിൽ കേരളീയ മാതൃക ഇന്ന് വളരെയധികം പ്രശംസിക്കപ്പെടുകയാണ്. ഒരു കിലോമീറ്റർ ചുറ്റളവിൽ പ്രൈമറി സ്കൂൾ, രണ്ട് കിലോമീറ്റർ ചുറ്റളവിൽ യു.പി സ്കൂൾ, അഞ്ചെട്ട് കിലോമീറ്റർ ചുറ്റളവിൽ ഹയർ സെക്കണ്ടറി സ്കൂൾ എന്നത് യാഥാർത്ഥ്യമാക്കി. ഗവൺമെന്റ് ഉടമസ്ഥതയിലുള്ള 6817 എൽ.പി. സ്കൂളുകളും 3037 അപ്പർ പ്രൈമറി സ്കൂളുകളും അടക്കം സർക്കാർ സഹായത്തിലും ഉടമസ്ഥതയിലുമുള്ള 11788 സ്കൂളുകളും 16017 അൺ എയ്ഡഡ് സ്കൂളുകളും പ്രവർത്തിക്കുന്നത് കേരളത്തിന്റെ നേട്ടമാണ്. കേരളം വിദ്യാഭ്യാസ രംഗത്ത് കൈവരിച്ച നേട്ടങ്ങളെ തകിടം മറിക്കുന്ന തരത്തിലുള്ള നിയമമാണ് കേന്ദ്ര ഗവൺമെന്റ് ആവിഷ്ക്കരിച്ചിരിക്കുന്നത്. വിദ്യാഭ്യാസ രംഗത്ത് ദീർഘവീക്ഷണത്തോടെ നടത്തിയ മുതൽമുടക്കിന്റെ ഫലമായുണ്ടായ മുന്നേറ്റത്തിൽ കേരളം ശിക്ഷിക്കപ്പെടരുത്. കഴിഞ്ഞ രണ്ട് വർഷമായി ഒരു മോഡൽ സ്കൂൾപോലും കേരളത്തിന് അനുവദിച്ചുകിട്ടിയില്ല എന്നുള്ള യാഥാർത്ഥ്യം തിരിച്ചറിയേണ്ടതാണ്. 2006-ൽ രണ്ടായിരത്തിലേറെ പൊതു വിദ്യാലയങ്ങൾ നേരിട്ടിരുന്ന അടച്ചുപൂട്ടൽ ഭീഷണി അവസാനിക്കുകയും അദ്ധ്യാപകർക്ക് തൊഴിൽ സുരക്ഷിതത്വം ഉണ്ടാകുകയും ചെയ്തിരിക്കുന്നു.

എസ്.എസ്.എൽ.സി വിജയം 92 ശതമാനമാക്കി ഉയർത്താൻ സാധിച്ചു. പൊതുവിദ്യാഭ്യാസത്തോടുള്ള നിഷേധാത്മകമായ കാഴ്ചപ്പാടും കച്ചവടവൽക്കരണവും സ്വകാര്യവൽക്കരണവും സമുദായവൽക്കരണവും ഒഴിവാക്കി. സ്പോർട്ട്സ് കമ്മീഷന് സമർപ്പിച്ചിട്ടുള്ള പ്രധാനപ്പെട്ട ശുപാർശകൾ നടപ്പിലാക്കണം. കുന്നത്തുനാട് മണ്ഡലത്തിൽ ഫുട്ബോൾ ഗ്രൗണ്ടിനുവേണ്ടി സ്പോർട്ട്സ് കൗൺസിലിന് സമർപ്പിച്ചിട്ടുള്ള അപേക്ഷകളിന്മേൽ തീർപ്പുണ്ടാക്കണം. ജലപാതയും സമുദ്രപാതയും ഉപയോഗപ്പെടുത്തി ചരക്ക് ഗതാഗതവും യാത്രാസൗകര്യവും മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണം. മലയാളഭാഷാ പഠനം എല്ലാ സ്കൂളുകളിലും നിർബന്ധമാക്കണം.

(അടിയന്തിര പ്രമേയത്തിന്മേലുള്ള ചർച്ച തുടങ്ങുന്നതിനായി 12.30-ന് ധനാഭ്യർത്ഥനയുടെ ചർച്ച നിറുത്തിവച്ചു.)

## അടിയന്തിരപ്രമേയ ചർച്ച

<u>തീവ്രവാദ പ്രവർത്തനം</u>

<u>സംസ്ഥാനത്ത് തീവ്രവാദ പ്രവർത്തനങ്ങൾ വർദ്ധിച്ചു വരുന്നതായും മതതീവ്രവാദ മാവോയിസ്റ്റ് സംഘടനകളുടെ രഹസ്യക്യാമ്പുകൾ നടക്കുന്നതായും ഉപരാഷ്ട്രപതിയുടെ സന്ദർശനത്തിനു തൊട്ടുമുമ്പായി കണ്ണൂരിൽ ബസ്സിൽ സ്ഫോടകവസ്തുക്കൾ കണ്ടെത്തിയതായുമുള്ള ഗുരുതരമായ സ്ഥിതിവിശേഷത്തെപ്പറ്റി സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്ന പ്രമേയം</u>

<u>ശ്രീ. ആര്യാടൻ മുഹമ്മദ് :</u> നിലമ്പൂർ പഞ്ചായത്തിലും സംസ്ഥാനത്തിന്റെ വിവിധ പ്രദേശങ്ങളിലുമായി അടുത്ത കാലത്തുണ്ടായ സംഭവങ്ങളുടെ പശ്ചാത്തലത്തിലാണ് പ്രമേയം അവതരിപ്പിച്ചിട്ടുള്ളത്. ഇന്ന്

സംസ്ഥാനം തീവ്രവാദ പ്രവർത്തനങ്ങളുടെ ഏറ്റവും വലിയ കേന്ദ്രമായി മാറിയിരിക്കുകയാണ്. മതാധിഷ്ഠിത തീവ്രവാദവും, സാമ്പത്തികവും സാമൂഹികവുമായ പിന്നോക്കാവസ്ഥയെ ചൂഷണം ചെയ്ത് തീവ്രവാദം പ്രചരിപ്പിക്കാനുള്ള മാവോയിസ്റ്റ് വിഭാഗങ്ങളുടെ നീക്കവുമാണ് പ്രധാനമായുള്ളത്. കേരളത്തിലേയ്ക്ക് പടർന്നിരിക്കുന്ന ഈ തീവ്രവാദപ്രവർത്തനങ്ങളെ ഒറ്റക്കെട്ടായി നേരിട്ടില്ലെങ്കിൽ സംസ്ഥാനം അപകടകരമായ സ്ഥിതിയിലേയ്ക്ക് എത്തിച്ചേരും. ബാംഗ്ലൂർ, കാശ്മീർ, ഹൈദരാബാദ് തുടങ്ങി പല സംസ്ഥാനങ്ങളിലും നടക്കുന്ന സ്ഫോടനപരമ്പരകളുടെ അന്വേഷണം വന്നെത്തി നിൽക്കുന്നത് കേരളത്തിലാണ്. പാനായിക്കുളത്തെ സിമി ക്യാമ്പുമായി ബന്ധപ്പെട്ട വിഷയത്തിൽ 18 പ്രതികളിൽ 5 പേർക്കെതിരെ കേസെടുക്കുകയും മറ്റ് 13 പേരെ വിട്ടയയ്ക്കുകയുമാണുണ്ടായത്. വാഗമൺ ക്യാമ്പിൽ മലകയറാനും എ.കെ. 47 തോക്ക് ഉപയോഗിക്കാനും വെള്ളത്തിൽകൂടി ആക്രമണം നടത്താനുമുള്ള ട്രെയിനിംഗ് കൊടുക്കുകയുണ്ടായെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്. അത്തരത്തിൽ ട്രെയിനിംഗ് സിദ്ധിച്ച ആളുകളാണ് ബാംഗ്ലൂർ സ്ഫോടന കേസിലും കാശ്മീർ സ്ഫോടന കേസിലും പ്രതികളായിട്ടുള്ളത്. അതിർത്തിസേനയെ നേരിടാൻ പോയതുപോലും മലയാളികളാണെന്നുള്ള കാര്യം വേദനാജനകമാണ്. ഇത്തരം ഭീകരവാദ പ്രവർത്തനങ്ങളെ നിസ്സാരമായി കാണാൻ കഴിയില്ല. നിലമ്പൂർ-ഷൊർണ്ണൂർ പാസഞ്ചർ ട്രെയിനിലുണ്ടായ അട്ടിമറി സംഭവത്തെക്കുറിച്ചുള്ള പോലീസിന്റെ അന്വേഷണത്തെക്കുറിച്ച് ആക്ഷേപമില്ല. ഇന്ത്യയുടെ വൈസ്പ്രസിഡന്റ് കണ്ണൂരിൽ വരുന്നതിന് മൂന്ന് ദിവസം മുമ്പ് പ്രധാനപ്പെട്ട വ്യക്തിയുടെ സന്ദർശനവേളയിൽ അട്ടിമറി നടക്കുമെന്ന് പോലീസിന് വിവരം ലഭിച്ചിരുന്നുവെന്നാണ് അറിയാൻ കഴി

ഞ്ഞത്. അദ്ദേഹത്തിന്റെ സന്ദർശന ദിവസമാണ് കോഴിക്കോട് നിന്ന് പയ്യന്നൂരിലേയ്ക്ക് പോകുന്ന ബസ്സിൽനിന്നും സ്ഫോടകവസ്തുശേഖരം പിടിച്ചെടുത്തത്. പ്രസ്തുത കേസിലെ പ്രതികളെയും വഞ്ചിനാട് എക്സ്പ്രസ്സിൽ സ്ഫോടകവസ്തു കണ്ടെത്തിയ സംഭവത്തിലെ പ്രതികളെയും കണ്ടെത്താനായിട്ടില്ല. കോളേജുകളുടെ മുമ്പിൽ തീവ്രവാദികളുടെ പോസ്റ്ററുകൾ വന്നുകൊണ്ടിരിക്കുന്നു. ഇന്റർനെറ്റിലൂടെ തീവ്രവാദപ്രവർത്തനങ്ങളെ അനുകൂലിച്ചുകൊണ്ടുള്ള പ്രസ്താവനകളും പോസ്റ്ററുകളും പ്രചരിപ്പിച്ചുകൊണ്ടിരിക്കുകയാണ്. സംസ്ഥാനത്ത് ഭീതിജനകമായ വിധത്തിൽ വളരുന്ന ഇത്തരം തീവ്രവാദ പ്രവർത്തനങ്ങളെ തടയാൻ സമയോചിതമായി നടപടി എടുക്കണം. പോലീസ് സംവിധാനത്തിലുള്ള പന്തികേടിനെക്കുറിച്ച് പരിശോധിക്കേണ്ടതുണ്ട്. കേരളത്തിൽ തീവ്രവാദ സ്ലീപ്പർ സെല്ലുകൾ ഉണ്ടെന്നാണ് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുള്ളത്. പുനലൂരിലെ ഫോറസ്റ്റിൽവരെ മാവോവാദികൾക്കായി ട്രെയിനിംഗ് നടക്കുന്നതായി കേൾക്കുന്നുണ്ട്. ലഷ്കറെ തോയ്ബയുടെ സഹായത്തോടുകൂടി കേരളത്തിൽ മാവോയിസ്റ്റ് ഗ്രൂപ്പുകൾ ശക്തമാകുന്നുവെന്നും കേരളത്തിൽ ഭീകരർക്ക് അൽഖയ്ദയുടെ സാമ്പത്തിക സഹായമായി 6 കോടി രൂപ ലഭിച്ചെന്നുമാണ് റിപ്പോർട്ട്. പാക്കിസ്ഥാനിൽനിന്ന് വരുന്ന കള്ളനോട്ടുകൾ തീവ്രവാദികൾ ഉപയോഗിക്കുന്നുവെന്നും സംസ്ഥാനത്ത് താലിബാൻ കോടതി പ്രവർത്തിക്കുന്നുണ്ടെന്നുമാണ് അറിയുന്നത്. തൊടുപുഴ ന്യൂമാൻ കോളേജിലെ പ്രൊഫസർ ടി.ജെ.ജോസഫിന്റെ കൈപ്പത്തി വെട്ടിമാറ്റിയ സംഭവത്തിൽ താലിബാൻ കോടതി ഇടപെട്ടിട്ടുണ്ടോയെന്നതിനെക്കുറിച്ച് അന്വേഷണം നടത്തണം. മുസ്ലീങ്ങളുടെ ഇടയിലുള്ള കേസുകൾ താലിബാൻ കോടതി കൈകാര്യം

ചെയ്യുന്നുവെന്നും അറുകൊലകളുടെ സി.ഡി. പോലും പ്രചരിപ്പിച്ച് ആളുകളിൽ ക്രിമിനൽസ്വഭാവം വളർത്തിയെടുക്കുന്നുവെന്നും അറിയുന്നുണ്ട്. ഇത്തരം സംഭവങ്ങളെ രാഷ്ടീയത്തിനതീതമായി കാണണം. തീവ്രവാദത്തെ ശക്തമായി ചെറുക്കാൻ ഭരണ-പ്രതിപക്ഷകക്ഷി ഭേദമെന്യേ ഒരുമിച്ച് നിൽക്കാൻ തയ്യാറാകണം. തീവ്രവാദത്തിനെ നേരിടാൻ സർക്കാർ എടുക്കുന്ന എല്ലാ നടപടികൾക്കും പ്രതിപക്ഷത്തിന്റെ പൂർണ്ണ പിന്തുണയുണ്ടായിരിക്കും.

<u>ശ്രീ. പി. ജയരാജൻ</u>: രാജ്യത്ത് മതതീവ്രവാദം വലിയ ആപത്തിലേയ്ക്ക് പോയ്ക്കൊണ്ടിരിക്കുന്ന സാഹചര്യത്തിലാണ് തീവ്രവാദം കേരളത്തെ എങ്ങനെ ബാധിക്കുന്നു എന്നത് സംബന്ധിച്ച് നിയമസഭ ചർച്ച ചെയ്യുന്നത്. തീവ്രവാദികളെ റിക്രൂട്ട് ചെയ്യുന്ന കേന്ദ്രമാണ് കേരളമെന്ന് പറയുന്നത് തികച്ചും ഖേദകരമാണ്. ഇൻഡ്യയിലേയോ കേരളത്തിലേയോ മത തീവ്രവാദം ഏതെങ്കിലും ഒരു സമുദായത്തിനുമേൽ കെട്ടിവയ്ക്കുന്ന സമീപനം ശരിയല്ല. ഇൻഡ്യയിലെ പല സംസ്ഥാനങ്ങളിലും മതത്തിന്റെ അടിസ്ഥാനത്തിൽ ഭീകരാക്രമണങ്ങൾ നടന്നിട്ടുണ്ട്. ഹൈദരാബാദിലെ മെക്കാ മസ്ജിദ് സ്ഫോടനത്തിനും രാജസ്ഥാനിലെ അജ്മീർ ദർഗയിൽ നടന്ന സ്ഫോടനത്തിനും പിന്നിൽ ഹിന്ദുത്വ തീവ്രവാദ ശക്തികളാണെന്ന് റിപ്പോർട്ട് ഇപ്പോൾ പുറത്തു വന്നിരിക്കുന്നു. രാജ്യത്ത് ഹിന്ദു തീവ്രവാദവും മുസ്ലീം തീവ്രവാദവുമുണ്ട്. മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കേരളത്തിൽ മാവോയിസ്റ്റ് തീവ്രവാദ സംഘടനകളുടെ ചില ഒറ്റപ്പെട്ട സംഭവങ്ങൾ മാത്രമാണുള്ളത്. അതിനെതിരെ സർക്കാർ ഗൗരവപൂർവ്വം നടപടി സ്വീകരിക്കുന്നുണ്ട്. ഈ രാജ്യത്ത് മത തീവ്രവാദികൾക്ക് വളരാൻ സൗകര്യം ചെയ്ത് കൊടുത്തത് കോൺഗ്രസ്സുകാരാണ്.

1992-ൽ ഇൻഡ്യയിൽ ബാബറി മസ്ജിദ് പൊളിക്കേണ്ട സാഹചര്യം അന്ന് രാജ്യം ഭരിച്ചിരുന്ന കോൺഗ്രസ്സ് സർക്കാർ ശരിയായ രീതിയിൽ കൈകാര്യം ചെയ്തിരുന്നുവെങ്കിൽ ഇന്ന് നടക്കുന്ന തരത്തിലുള്ള പല മത ഭീകരവാദ ങ്ങളും തീവ്രവാദ പ്രവർത്തനങ്ങളും ഒഴിവാക്കാമായിരുന്നു. മതനിരപേക്ഷത യോട് കൂറില്ലാതെ രാഷ്ട്രീയമായ സങ്കുചിതതാൽപര്യം വച്ച് എൽ.ഡി.എഫ്. -നെ ആക്രമിക്കുകയാണ്. അതിന് കേരളത്തിലെ ജനങ്ങളെ തന്നെ പ്രതിക്കൂ ട്ടിലാക്കുന്ന സമീപനമാണ് സ്വീകരിക്കുന്നത്. ഭൂരിപക്ഷ മതത്തെ അടിസ്ഥാന പ്പെടുത്തിയുണ്ടായ തീവ്രവാദം, വർഗ്ഗീയവാദം, ഭീകരവാദം എന്നിവ ഈ രാജ്യത്ത് ശക്തിപ്പെട്ടിട്ടുണ്ട്. അതിന്റെ പ്രതിപ്രക്രിയയായി ന്യൂനപക്ഷ സമുദാ യങ്ങൾക്കിടയിലും തീവ്രവാദ പ്രവർത്തനങ്ങൾ ശക്തിപ്പെട്ടു. 1992-നുശേഷം മലപ്പുറം ജില്ലയിലുണ്ടായ പല അനിഷ്ടസംഭവങ്ങൾക്കും കാരണം എൻ.ഡി.എഫ്. ആണ്. മാറാട് കലാപകാലത്ത് എല്ലാവിധ പ്രോൽസാഹനവും കോൺഗ്രസ്സുകാർ എൻ.ഡി.എഫ്-ന് നൽകി. പഴയ എൻ.ഡി.എഫ്. ഇന്ന് പോപ്പുലർ ഫ്രണ്ട് എന്ന പേരിൽ അറിയപ്പെടുകയും രാജ്യത്തിന്റെ അഖണ്ഡ തയ്ക്ക് നേരെ ശത്രുത പ്രഖ്യാപിച്ചുകൊണ്ട് വിദേശശക്തികളുടെ സഹായ ത്തോടുകൂടി രാജ്യത്തിനകത്ത് വിധ്വംസക പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്നു. ഇത്തരം സംഘടനകളുടെ വോട്ട് വേണ്ടെന്നുപറയാനുള്ള ധൈര്യം കോൺഗ്രസ്സുകാർ കാണിക്കണം. എക്കാലത്തും വർഗ്ഗീയശക്തിക ളുടെ വോട്ട് വേണ്ടെന്ന സമീപനമാണ് എൽ.ഡി.എഫ് സ്വീകരിച്ചിട്ടുള്ളത്.

എൽ.ഡി.എഫ്, ആർ.എസ്.എസ്സുമായി യാതൊരുവിധത്തിലുള്ള ധാരണയോ യോജിപ്പോ ഉണ്ടാക്കിയിട്ടില്ല. യു.ഡി.എഫ് ആർ.എസ്.എസ്സുമായി ഒത്തുതീർപ്പുണ്ടാക്കിയതിന്റെ ഭാഗമായിട്ടാണ് മാറാട് കലാപവുമായി

ബന്ധപ്പെട്ട കേസുകൾ പിൻവലിക്കാൻ തയ്യാറായത്. ഈ കലാപത്തെ സംബന്ധിച്ച് സി.ബി.ഐ അന്വേഷണം വേണമെന്നാണ് എൽ.ഡി.എഫ് ഗവൺമെന്റ് ആവശ്യപ്പെട്ടത്. യു.ഡി.എഫ്. രാഷ്ട്രീയ സ്വാധീനമുപയോഗിച്ച് സി.ബി.ഐ അന്വേഷണം തടയാനാണ് ശ്രമിച്ചത്. 2001-2006 കാലഘട്ടത്തിൽ യു.ഡി.എഫ് ഭരണകാലത്തുണ്ടായിട്ടുള്ള ബേപ്പൂർ സ്ഫോടന കേസ്, കോഴിക്കോട് ബസ് സ്റ്റാന്റിൽ നടന്ന സ്ഫോടനം, ഗ്രീൻ വാലി ഫൗണ്ടേഷൻ വളപ്പിൽ നടന്ന സ്ഫോടനം, വളപട്ടണത്തുനിന്ന് പൈപ്പ് ബോംബ് കണ്ടെത്തിയത്, കളമശ്ശേരി ബസ് കത്തിച്ച സംഭവം ഇതെല്ലാം തീവ്രവാദബന്ധമുള്ള കേസുകളാണ്. മതത്തിന്റെ ഭാഗമായിട്ടുള്ള തീവ്രവാദത്തെ ശക്തമായി എതിർക്കുകയും തീവ്രവാദികൾക്ക് സംരക്ഷണം കൊടുക്കാതിരിക്കുകയും തീവ്രവാദികളെ ഒറ്റപ്പെടുത്തുകയും ചെയ്യുന്ന നിലപാടാണ് ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്.

<u>ശ്രീ. ജി. കാർത്തികേയൻ</u> : തീവ്രവാദ പ്രവർത്തനം ചർച്ചചെയ്യപ്പെടേണ്ട കാര്യമാണെന്നുള്ളതുകൊണ്ടാണ് അടിയന്തിരപ്രമേയം ചർച്ച ചെയ്യാൻ സർക്കാർ തയ്യാറായത്. സംഘപരിവാറിനും ആർ.എസ്.എസ്സിനുമെതിരെ നിലപാടെടുത്തിട്ടുള്ള ഒരു പ്രസ്ഥാനമാണ് ഇൻഡ്യൻ നാഷണൽ കോൺഗ്രസ്. ഇൻഡ്യൻ സ്വാതന്ത്ര്യദിനത്തിൽ പ്രധാനമന്ത്രിക്ക് ബുള്ളറ്റ് പ്രൂഫ് കവചമറയിൽ പതാകയുയർത്തി സംസാരിക്കേണ്ടിവന്നത് നാടിന് അപമാനകരമാണ്. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് സന്ദർഭത്തിനൊത്ത് ഉയരാറില്ല. തീവ്രവാദം തടയുന്ന കാര്യത്തിൽ സംസ്ഥാനത്തെ പോലീസ് പൂർണ്ണമായും പരാജയപ്പെട്ടിരിക്കുകയാണ്. കേരളത്തിലെ സ്കൂളുകളിലും കോളേജുകളിലും

പ്രത്യയശാസ്ത്രങ്ങളുടേയും നല്ല ചിന്തകളുടേയും പ്രസക്തി നഷ്ടപ്പെട്ടിരിക്കുകയും അവിടെയെല്ലാം തീവ്രവാദചിന്തകൾ വളർന്നു വരികയുമാണ്. രാഷ്ട്രീയനേതാക്കന്മാരും സമുദായനേതാക്കൻമാരും സമൂഹത്തിൽ സാഹചര്യത്തിനനുസരിച്ച് ഉണർന്ന് പ്രവർത്തിക്കണം. ബാബറി മസ്ജിദ് തകർത്തതിനുശേഷം വടക്കേ ഇൻഡ്യൻ സംസ്ഥാനങ്ങ ളിൽ കലാപം പൊട്ടിപ്പുറപ്പെട്ടപ്പോൾ സി.എച്ച്.മുഹമ്മദ്കോയ, പാണക്കാട് മുഹമ്മദലി ശിഹാബ് തങ്ങൾ എന്നിവരുടെ നേതൃത്വത്തിൽ മുസ്ലീം സമൂഹം സ്വീകരിച്ച മാതൃകാപരമായ നിലപാടുകൾ കാരണം കേരളത്തിൽ യാതൊരു അനിഷ്ടസംഭവങ്ങളും ഉണ്ടായില്ല. അന്ധമായ രാഷ്ട്രീയ വിരോധത്തിന്റെ പേരിൽ ഇടതുപക്ഷ പ്രസ്ഥാനങ്ങൾ ഉൾപ്പെടെ സ്വീകരിച്ച നിഷ്ക്രിയത്വനില പാടുകൾ രാജ്യതാല്പര്യത്തിന് ഉതകുന്നവയായിരുന്നില്ല. ജനാധിപത്യത്തെ കളങ്കപ്പെടുത്തുന്ന തരത്തിലുള്ള നടപടികളാണ് പോലീസിന്റെ ഭാഗത്തു നിന്നും ഉണ്ടായിക്കൊണ്ടിരിക്കുന്നത്. തീവ്രവാദത്തിനെതിരായ എല്ലാ നടപടി കൾക്കും ഐക്യജനാധിപത്യ മുന്നണിയുടെ ശക്തമായ പിന്തുണ ഉണ്ടാകും.

ശ്രീ. വി.എസ്. സുനിൽകുമാർ : ആഗോളതലത്തിൽ വലിയ ഭീഷണി യായി മാറിയിരിക്കുന്ന മതതീവ്രവാദ പ്രവർത്തനങ്ങൾ കേരളസംസ്ഥാനത്തും വന്നുകഴിഞ്ഞിരിക്കുന്നു. ഒരു തിവ്രവാദത്തേയും കേരളത്തിലെ ജനങ്ങൾ അംഗീകരിച്ചിട്ടില്ല. മറ്റെല്ലാ സംസ്ഥാനങ്ങളിലും പലവിധത്തിലുള്ള തീവ്രവാദ പ്രസ്ഥാനങ്ങൾ ശക്തിപ്രാപിച്ചപ്പോൾ അതിൽനിന്നും വ്യത്യസ്തമായി അവയൊക്കെ ചെറുത്തുതോൽപ്പിക്കാൻ കേരളത്തിന് കഴിഞ്ഞു. കേരളത്തിൽ വളർന്നുവന്ന നവോത്ഥാന പ്രസ്ഥാനങ്ങളും കമ്മ്യൂണിസ്റ്റ് പ്രസ്ഥാനവുമെല്ലാം ഇവിടെ മതനിരപേക്ഷത കാത്തുസൂക്ഷിക്കുന്നതിൽ വളരെ പ്രധാനപ്പെട്ട പങ്ക് വഹിച്ചിട്ടുണ്ട്. മതതീവ്രവാദത്തെ നേരിടാൻ ഭരണപ്രതിപക്ഷ വ്യത്യാസമി

ല്ലാതെ ഒരുമിച്ച് നിൽക്കണം. മതതീവ്രവാദത്തിനെതിരെ ഈ ഗവൺമെന്റ് വിട്ടുവീഴ്ചയില്ലാത്ത നിലപാട് സ്വീകരിക്കും. സംസ്ഥാനത്ത് മതതീവ്രവാദം പലരൂപത്തിൽ ശക്തിപ്പെട്ടുവരുന്നു എന്നുള്ളത് വസ്തുതയാണ്. മതതീവ്ര വാദത്തെ അക്രമപ്രവർത്തനമായിട്ടും അതിലെ പ്രവർത്തകരെ കൊടുംകുറ്റ വാളികളായിട്ടും കാണുന്ന നിലപാടാണ് ഇടതുപക്ഷ ജനാധിപത്യമുന്നണിക്കു ള്ളത്. ഇന്ന് കേരളത്തിൽ വളർന്നുവരുന്ന മതതീവ്രവാദശക്തികൾക്ക് സാമ്പത്തിക സഹായം എത്തിച്ചുകൊടുക്കുന്ന സ്രോതസ്സിനെക്കുറിച്ചും ഇതിലെ പ്രവർത്തകരുടെ ആർഭാട ജീവിതത്തെക്കുറിച്ചും ഗൗരവമായി അന്വേഷിക്കണം. ഈ വിഷയത്തെ സംബന്ധിച്ച് പ്രധാനമായും അന്വേഷണം നടത്തേണ്ട കേന്ദ്ര ഗവൺമെന്റ് നിസ്സംഗത പാലിക്കുകയാണ്. ഇതിനെതിരെ ഇടതുപക്ഷ ജനാധിപത്യമുന്നണി ശക്തമായ നിലപാട് സ്വീകരിക്കുമ്പോൾ അതിനെ തകർക്കുന്ന നിലപാടാണ് പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്നും ഉണ്ടാകുന്നത്. ഇൻഡ്യയിൽ വർഗ്ഗീയത വളർന്നുവരുന്നതിൽ പ്രധാന പങ്കുവഹിച്ചിട്ടുള്ളത് കോൺഗ്രസ്സ് പ്രസ്ഥാനമാണ്. ആർ.എസ്.എസ്, എൻ.ഡി.എഫ്., സിമി തുടങ്ങിയ തീവ്രവാദ സംഘടനകളെ സംസ്ഥാനത്ത് നിരോധിക്കുന്നതിന് നിയമസഭ ഏകകണ്ഠമായി തീരുമാനമെടുക്കണം.

<u>ശ്രീ. കെ. എം. മാണി:</u> കേരളത്തിൽ വ്യാപകമായിക്കൊണ്ടിരിക്കുന്ന ഭീകരപ്രവർത്തനങ്ങളേയും സംഘടനകളുടെ വളർച്ചയേയും തടയുവാൻ ഈ സർക്കാർ സ്വീകരിച്ച നടപടികളെക്കുറിച്ച് വ്യക്തമാക്കണം. തീവ്രവാദ പ്രവർത്തനങ്ങൾ തടയുന്നതിന് ഭരണപ്രതിപക്ഷ കക്ഷികൾ യോജിച്ച് നടപടി കളിലേയ്ക്ക് നീങ്ങണം. ഭീകരപ്രവർത്തനവുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസ്സുകളിൽ ഗവൺമെന്റ് സ്വീകരിച്ച സമീപനം വ്യക്തമാക്കണം. സംസ്ഥാനത്ത് ട്രെയിനിൽ സ്ഫോടക വസ്തുക്കൾ കൊണ്ടുപോവുക,

അട്ടിമറി ശ്രമങ്ങൾ നടത്തുക, ഭീകരപ്രവർത്തന ക്യാമ്പുകൾ സംഘടിപ്പിക്കുക തുടങ്ങി സംഭ്രമജനകമായ റിപ്പോർട്ടുകളാണ് പത്രങ്ങളിൽ വന്നുകൊണ്ടിരിക്കുന്നത്. ഇവയെപ്പറ്റി കേന്ദ്ര ഇന്റലിജൻസ് റിപ്പോർട്ട് സംസ്ഥാനത്തിന് കിട്ടിയിട്ടുണ്ടെങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടിയെക്കുറിച്ച് വ്യക്തമാക്കണം. സംസ്ഥാനത്ത് തീവ്രവാദം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഇന്റലിജൻസ്, ഇൻവെസ്റ്റിഗേറ്റിംഗ് വിഭാഗങ്ങൾ സംയോജിപ്പിച്ചുകൊണ്ടുള്ള പുതിയൊരു അന്വേഷണ സംവിധാനത്തിന് രൂപം കൊടുക്കാമെന്നുള്ള പ്രഖ്യാപനം ഇതുവരെ നടപ്പിലായില്ല. ഭീകരപ്രസ്ഥാനങ്ങൾക്കെതിരെ ഇഫക്ടീവായിട്ടുള്ള യാതൊരു സംവിധാനവും സർക്കാർ കൈക്കൊണ്ടിട്ടില്ല.

ശ്രീ വി. സുരേന്ദ്രൻപിള്ള: സംസ്ഥാനത്തെ തീവ്രവാദ പ്രവർത്തനങ്ങൾ അവസാനിപ്പിക്കുന്നതിന് പ്രതിപക്ഷത്തിന് ക്രിയാത്മകമായ നിർദ്ദേശങ്ങളുണ്ടെങ്കിൽ അതുകൂടി സ്വീകരിച്ചുകൊണ്ട് തീരുമാനമെടുക്കുന്നതിനാണ് സർക്കാർ ഇത്തരത്തിലൊരു ചർച്ചയ്ക്ക് മുതിർന്നത്. എന്നാൽ ഇതിന്റെ പേരിൽ ഗവൺമെന്റിനെ പ്രതിക്കൂട്ടിലാക്കാനാണ് പ്രതിപക്ഷം ഇപ്പോൾ ശ്രമിക്കുന്നത്. തീവ്രവാദികളുടെ പ്രഭവകേന്ദ്രത്തെക്കുറിച്ചും ഇവർക്ക് സംരക്ഷണം ഏർപ്പെടുത്തുന്നവരെക്കുറിച്ചും പരിശോധിക്കേണ്ടതാണ്. തീവ്രവാദ പ്രവർത്തനങ്ങൾ നേരിടുന്നതിൽ സംസ്ഥാന സർക്കാർ ശുഷ്ക്കാന്തിയോടുകൂടിയ പ്രവർത്തനങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. തീവ്രവാദത്തിനെതിരെ സംസ്ഥാന സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്ന നടപടികളെ ഭരണപ്രതിപക്ഷ ഭേദമെന്യേ പിന്തുണയ്ക്കണം.

ശ്രീ. സി. ടി. അഹമ്മദ് അലി: സംസ്ഥാനം അഭിമുഖീകരിക്കുന്ന ഗൗരവമേറിയ ഈ വിഷയത്തെ സംബന്ധിച്ച് നിഷ്പക്ഷമായി ചർച്ച ചെയ്യണം. ജനാധിപത്യ മാർഗ്ഗത്തിലൂടെ മതസൗഹാർദ്ദം നിലനിറുത്തുന്ന കാര്യത്തിൽ

മുൻനിരയിൽ പ്രവർത്തിച്ച പാർട്ടിയാണ് ഇൻഡ്യൻ യൂണിയൻ മുസ്ലീം ലീഗ്. ന്യൂനപക്ഷങ്ങളെ സംഘടിപ്പിച്ച് തീവ്രവാദം വളർത്തുന്നത് നിരുൽസാഹപ്പെടുത്തണം. തീവ്രവാദ ഭീഷണിയെ സംബന്ധിച്ച് ശ്രദ്ധയിൽപ്പെടുത്തിയിട്ടും അതിനെതിരെ സർക്കാർ ശക്തമായ നടപടിയെടുക്കാതെ പോയത് നിർഭാഗ്യകരമാണ്. ഉപതെരഞ്ഞെടുപ്പുകളിൽ വോട്ടിനുവേണ്ടി തീവ്രവാദ ബന്ധമുള്ള പാർട്ടികളെ കൂട്ടുപിടിച്ച് തീവ്രവാദത്തെ പ്രോൽസാഹിപ്പിച്ച് സംസ്ഥാനത്തെ ഇന്നത്തെ അവസ്ഥയിൽ എത്തിച്ചതിനുള്ള ഉത്തരവാദിത്വത്തിൽ നിന്ന് ഒഴിഞ്ഞുമാറാൻ സർക്കാരിന് കഴിയില്ല. തീവ്രവാദത്തെ നശിപ്പിക്കുന്നതിനുവേണ്ടി സർക്കാർ സ്വീകരിക്കുന്ന നടപടികൾക്ക് പൂർണ്ണപിന്തുണ പ്രഖ്യാപിക്കുന്നു. സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന തീവ്രവാദ പ്രവർത്തനങ്ങൾ അന്വേഷിച്ച് കുറ്റവാളികളെ കണ്ടെത്തണം. അതോടൊപ്പം തീവ്രവാദ പ്രസംഗങ്ങൾ നടത്തുന്നത് തടയാനും നടപടി സ്വീകരിക്കണം. ഈ വിഷയം ചർച്ച ചെയ്യുന്നതിന് ഒരു സർവ്വകക്ഷി യോഗം വിളിച്ചു ചേർക്കണം. ഇതിനായി ഒരു സ്ഥിരം സമിതി ഉണ്ടാക്കണം.

<u>ശ്രീ. കെ. പി. മോഹനൻ:</u> മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് വ്യത്യസ്തമായ സുരക്ഷിതത്വമായിരുന്നു കേരളത്തിൽ നിലനിന്നിരുന്നത്. ഭരണപ്രതിപക്ഷ ഭേദമില്ലാതെ തീവ്രവാദ പ്രവർത്തനങ്ങൾ ഇല്ലാതാക്കുന്നതിൽ യോജിച്ച് പ്രവർത്തിക്കണം. തീവ്രവാദ പ്രവർത്തനങ്ങളുടെ പിന്നിൽ പ്രവർത്തിക്കുന്നവരെയും അവർക്ക് ആയുധങ്ങളും ബോംബ് നിർമ്മാണത്തിനാവശ്യമായ അസംസ്കൃത വസ്തുക്കളും ലഭ്യമാക്കുന്ന ഉറവിടവും കണ്ടുപിടിക്കുന്നതിന് ഇന്റലിജൻസ് വിഭാഗത്തെ ശക്തിപ്പെടുത്തണം.

<u>ശ്രീ. പി.എം.എ. സലാം</u>: ആഗോളതലത്തിൽ തന്നെ വളരെയേറെ ദുരന്തങ്ങളുണ്ടാക്കുന്നതും പരക്കെ ചർച്ച ചെയ്യപ്പെടുന്നതുമായ വിഷയമാണ്

തീവ്രവാദം. സ്വാതന്ത്ര്യാനന്തരം രാജ്യത്ത് ഭീകരവാദം വളർന്നുവരികയാണ്. മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് സാമുദായിക മൈത്രിയുണ്ടായിരുന്ന കേരളം ഇന്ന് ഭീതിയുളവാക്കുന്ന ഒരു സംസ്ഥാനമായി മാറിയിരിക്കുന്നു. ഭീകരവാദ പ്രവർത്തനത്തിന് ഒരു മതവുമായി ബന്ധമില്ല. ഭരണകൂടം നീതി നിഷേധിക്കുമ്പോൾ നിരാശരാകുന്ന യുവാക്കളെ സംഘടിപ്പിച്ച് പ്രതിലോമ ശക്തികൾ ചൂഷണം ചെയ്യുന്ന അവസ്ഥയാണ് ഭീകരവാദത്തിലേയ്ക്ക് നയിക്കുന്നത്. അതുകൊണ്ട് യുവാക്കൾക്ക് നീതിനിഷേധം ഉണ്ടാകാതിരി ക്കാൻ ശ്രമങ്ങൾ വേണം. സാമുദായിക സൗഹാർദ്ദം വളർത്തിയെടുക്കാൻ അനുയോജ്യമായ പ്രവർത്തനമുണ്ടാകണം. അതിന് ഭരണപ്രതിപക്ഷഭേദമെന്യേ യോജിച്ചു പ്രവർത്തിക്കണം. എന്നാൽ തീവ്രവാദത്തിനെതിരെ സ്വീകരിക്കുന്ന നടപടികളുടെ പേരിൽ നിരപരാധികൾ ശിക്ഷിക്കപ്പെടാനിടവരരുത്.

ശ്രീ. പി.ടി.എ. റഹീം: സംസ്ഥാനത്താകെ തീവ്രവാദം എന്ന് ചിത്രീകരി ക്കാനാണ് പ്രതിപക്ഷ കക്ഷികൾ ശ്രമിക്കുന്നത്. മതസൗഹാർദ്ദം നില നിൽക്കുന്ന സംസ്ഥാനമാണ് കേരളം. ഏതെങ്കിലും ഒരു മതവിഭാഗത്തെമാത്രം അടച്ചാക്ഷേപിച്ചുകൊണ്ട് പ്രസ്താവന നടത്തുന്നത് ഉചിതമല്ല. കേരളത്തിൽ മതതീവ്രവാദങ്ങൾക്ക് നേതൃത്വം കൊടുക്കുന്നതിന് ഏകപക്ഷീയമായ നില പാട് സ്വീകരിച്ച പാർട്ടിയാണ് കോൺഗ്രസ്.

ശ്രീ. കെ.കെ. ഷാജു: ലോകവും ഇൻഡ്യയും ഇന്ന് അഭിമുഖീകരി ക്കുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രശ്നമാണ് തീവ്രവാദം. കേരളവും തീവ്രവാദ ഭീഷണിയിൽ നിന്നും വിമുക്തമല്ല എന്ന് തെളിയിക്കപ്പെട്ടിരിക്കുകയാണ്. തീവ്രവാദവും വർഗ്ഗീയവാദവും എതിർക്കപ്പെടേണ്ടതാണ്.

ശ്രീ. എ.സി. മൊയ്തീൻ: ലോകത്തിനുതന്നെ വലിയ ഭീഷണിയായി വളർന്നുവരുന്ന തീവ്രവാദത്തിന്റെ കെടുതികൾ കേരളവും അനുഭവിച്ചു കൊണ്ടിരിക്കുകയാണ്. വിദേശശക്തികളും സാമ്രാജ്യത്വശക്തികളുമാണ് തീവ്രവാദ പ്രവർത്തനത്തെ പ്രോൽസാഹിപ്പിക്കുന്നത്. ഈ പ്രശ്ന ങ്ങൾക്കൊക്കെ പരിഹാരം കാണാൻവേണ്ടിയുള്ള യോജിപ്പുണ്ടാവുകയും തീവ്രവാദ ശക്തികളുടെ പ്രവർത്തനങ്ങളെ അമർച്ച ചെയ്യണമെന്നുമുള്ള കാര്യത്തിൽ രണ്ടഭിപ്രായമില്ല. മാവോയിസ്റ്റ് അക്രമികളുൾപ്പെടെയുള്ളവരെ സാമ്രാജ്യത്വശക്തികൾ പിന്തുണയ്ക്കുന്നുണ്ടെന്ന വസ്തുത മനസ്സിലാക്കി ക്കൊണ്ട് അതിനെതിരായ നിലപാട് സ്വീകരിക്കാതെ അതിനെ പ്രോൽസാഹി പ്പിക്കുന്ന സമീപനമാണ് കേന്ദ്രഗവൺമെന്റ് സ്വീകരിക്കുന്നത്. അതിൽനിന്ന് വ്യത്യസ്തമായി കേരളത്തിലെ പോലീസ് നടത്തിയ അന്വേഷണത്തിൽ നിരവധി തീവ്രവാദ ബന്ധമുള്ള കുറ്റവാളികളെ പിടികൂടാൻ സാധിച്ചിട്ടുണ്ട്. വർഗ്ഗീയവാദത്തേയും ഭീകരവാദത്തേയും ശക്തമായി എതിർക്കുന്ന ഒരു ഗവൺമെന്റാണ് ഇന്ന് സംസ്ഥാനം ഭരിക്കുന്നത്. ന്യൂനപക്ഷ താത്പര്യം സംരക്ഷിക്കുന്ന ഗവൺമെന്റാണിത്. മതനിരപേക്ഷതയിൽ ഊന്നിയ ഒരു നിലപാട് സ്വീകരിക്കാൻ പ്രതിപക്ഷം തയ്യാറാകണം. തീവ്രവാദ പ്രവർത്തകരെ ഒറ്റപ്പെടുത്താനും രാജ്യത്തിന്റെ മതനിരപേക്ഷത ഉയർത്തിപ്പി ടിക്കാനും കഴിയണം.

പ്രതിപക്ഷ നേതാവ് (ശ്രീ. ഉമ്മൻചാണ്ടി): കേരളത്തിൽ പുതിയതായി കാണുന്ന തീവ്രവാദ പ്രവർത്തനങ്ങളെ മുളയിലേ നുള്ളിക്കളയാൻ എല്ലാവരുടേയും സഹകരണത്തോടുകൂടിയുള്ള പ്രവർത്തനം ആവശ്യമാണ്. തീവ്രവാദ പ്രവർത്തനങ്ങൾക്കെതിരെ ജനങ്ങളും രാഷ്ട്രീയപാർട്ടികളും ഒന്നിച്ച് പോരാടണം. തീവ്രവാദത്തിന്റെ പേരിൽ സമുദായത്തെ

കുറ്റപ്പെടുത്താൻ നടക്കുന്ന ശ്രമങ്ങളും പ്രചരണങ്ങളും ഒരുതരത്തിലും ന്യായീകരിക്കാവുന്നതല്ല. കാശ്മീരിൽനിന്ന് പാക്കിസ്ഥാനിലേയ്ക്ക് കടക്കാൻ ശ്രമിച്ച നാല് മലയാളി ചെറുപ്പക്കാർ വെടിയേറ്റ് മരിച്ചപ്പോഴാണ് കേരളത്തിൽ തീവ്രവാദ സംഘടനകൾ ക്യാമ്പ് നടത്തുന്നതും ട്രെയിനിംഗ് നടത്തുന്നതും റിക്രൂട്ടുമെന്റ് നടത്തുന്നതുമൊക്കെ അറിയാൻ കഴിഞ്ഞത്. കേരളത്തിൽ നടക്കുന്ന തീവ്രവാദപ്രവർത്തനങ്ങളുടെ ഗൗരവം ഉൾക്കൊണ്ടു കൊണ്ട് പ്രവർത്തിക്കാൻ സർക്കാരിന് സാധിക്കണം. ഭീകരതീവ്രവാദം തടയുന്നതിന് സർക്കാർ സ്വീകരിക്കുന്ന നടപടികൾക്ക് പ്രതിപക്ഷത്തിന്റെ പിന്തുണയുണ്ടാകും. രാജ്യത്തിന്റെ സുരക്ഷയും ജനങ്ങളുടെ സംരക്ഷണവും ഉറപ്പുവരുത്താൻ ഭരണപ്രതിപക്ഷ വ്യത്യാസമില്ലാതെ ഒന്നിച്ചുനിൽക്കണം. ഭീകര പ്രവർത്തകരും ഭീകര പ്രസ്ഥാനങ്ങളുമായി കോൺഗ്രസ്സിനോ യു.ഡി.എഫ്.-നോ യാതൊരും ബന്ധവുമില്ലെന്നുമാത്രമല്ല തെരഞ്ഞെടുപ്പുകാലത്തും ഈ നിലപാടിൽ യാതൊരു മാറ്റവും ഉണ്ടാകാൻ പോകുന്നില്ല. അദ്ധ്യാപകന്റെ കൈവെട്ടിയ പ്രശ്നം സഭയിൽ ഉന്നയിച്ചപ്പോൾ സർക്കാർ പറഞ്ഞ മറുപടി, ഇക്കാര്യത്തിൽ ഗൂഢാലോചന ഉണ്ടെങ്കിൽ അത് പരിശോധിക്കും, പോലീസിന്റെ ഭാഗത്തുനിന്ന് വീഴ്ച ഉണ്ടെങ്കിൽ അതിനുവേണ്ട നടപടിയെടുക്കും എന്നുമാണ്. പ്രതികളെ പിടിക്കുന്ന കാര്യത്തിൽ സർക്കാർ ഒരുപാട് മുമ്പോട്ടുപോയിട്ടുണ്ടെങ്കിലും ഈ അദ്ധ്യാപകന്റെ വീട്ടിൽ വീട്ടുകാരെപ്പോലും ധിക്കരിച്ച് മൂന്ന് പ്രാവശ്യം വീട്ടിൽക്കയറി പരിശോധിച്ച വിവരവും അദ്ധ്യാപകന് ഭീഷണിയുള്ള വിവരവും സ്പെഷ്യൽ ബ്രാഞ്ച് സംസ്ഥാന പോലീസിനേയും ഹോം സെക്രട്ടറിയേയും അറിയിച്ചതനുസരിച്ച് രണ്ടുദിവസം പോലീസ് പിക്കറ്റ് ഏർപ്പെടുത്തിയതല്ലാതെ മറ്റൊരു സംരക്ഷണവും പോലീസിന്റെ

ഭാഗത്തുനിന്നുണ്ടായില്ല. ഭീകര പ്രവർത്തനങ്ങളിലേർപ്പെടുന്നവർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുന്നതിൽ പ്രതിപക്ഷത്തിന്റെ പൂർണ്ണ പിന്തുണ യുണ്ടാകും. അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശത്തിന്റെ അടിസ്ഥാനത്തി ലാണ് മാറാട് സംഭവത്തിന്റെ പേരിൽ നടന്ന പ്രതിഷേധസമരവുമായി ബന്ധപ്പെട്ട കേസ്സുകൾ പിൻവലിക്കാൻ തീരുമാനം എടുത്തത്. ഭീകരതയ്ക്കെതിരെ ഗവൺമെന്റ് എടുക്കുന്ന നടപടികൾക്ക് പ്രതിപക്ഷ ത്തിന്റെ പൂർണ്ണ പിന്തുണയുണ്ടാകും.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) : ഈ സഭ ഒറ്റക്കെട്ടായി നിൽക്കേണ്ട വളരെ പ്രധാനപ്പെട്ട വിഷയമാണ് ഇവിടെ ചർച്ചചെയ്യുന്നത്. മതേതരത്വത്തിന് പോറലേൽപ്പിക്കുന്ന ഒരു സംഭവത്തിനും ജനാധിപത്യ പ്രസ്ഥാനങ്ങളോ മതേതര പ്രസ്ഥാനങ്ങളോ ദേശീയ പ്രസ്ഥാനങ്ങളോ ഒരിക്കലും കൂട്ടുനിൽക്കാ റില്ല. എന്നാൽ സമീപകാലത്തുണ്ടായ ചില സംഭവങ്ങളുടെ വെളിച്ചത്തിലാണ് ഈ പ്രമേയം ചർച്ചയ്ക്ക് വന്നതെങ്കിലും ഈ പ്രശ്നത്തിൽ സ്വീകരിക്കേണ്ട ജാഗ്രത വളരെ വലുതാണ്. ഭീകരവാദവും തീവ്രവാദവും ലോകതല ത്തിൽത്തന്നെ ഭീഷണി ഉയർത്തുന്നതാണ്. രാജ്യത്തിന്റെ ആഭ്യന്തര സുരക്ഷിതത്വത്തിന് ഭീഷണി ഉയർത്തുന്ന വിധത്തിൽ ചില വിധ്വംസക പ്രവർത്തനങ്ങൾ സംസ്ഥാനത്ത് നടക്കുന്നുണ്ട്. രാജ്യം നേരിട്ടുകൊണ്ടിരി ക്കുന്ന മതത്തിന്റേയും രാഷ്ട്രീയത്തിന്റേയും പേരിലുള്ള തീവ്രവാദ ഭീഷണികൾ നേരിടുന്നതിന് സംസ്ഥാന ഗവൺമെന്റും കേന്ദ്ര ഗവൺമെന്റും ഒറ്റക്കെട്ടായി പ്രവർത്തിക്കണം. തീവ്രവാദികൾക്കും ഭീകരവാദ പ്രസ്ഥാനത്തി നുമെതിരെ ഒരു ഭരണകൂടസംവിധാനത്തിന് സ്വീകരിക്കാൻ സാധിക്കുന്ന എല്ലാ നടപടികളും സ്വീകരിക്കാൻ സംസ്ഥാന ഗവൺമെന്റ് തയ്യാറാണ്.

അതിനുവേണ്ടി പ്രതിപക്ഷവും സഹകരിക്കണം. 1994-നു ശേഷമുണ്ടായ ഒട്ടേറെ തീവ്രവാദ സംഭവങ്ങൾ സംസ്ഥാനഗവണ്മെന്റ് ശ്രദ്ധയോടെ കൈകാര്യം ചെയ്തിട്ടുണ്ട്. പാനായിക്കുളത്ത് സ്വാതന്ത്ര്യദിനത്തിൽ സിമി പ്രവർത്തകർ യോഗം ചേരുകയും പോലീസ് 18 പേരെ അറസ്റ്റ് ചെയ്യുകയും അതിൽ 13 പേർ യോഗത്തിൽ പങ്കെടുക്കുകമാത്രമേ ചെയ്തുള്ളുവെന്നും ക്യാമ്പുമായി ബന്ധമില്ലെന്നുമുള്ളതിന്റെ അടിസ്ഥാനത്തിൽ സാക്ഷികളാക്കി വിട്ടയയ്ക്കുകയും ബാക്കിയുള്ള 5 പേരെ പ്രതിചേർക്കുകയുമാണുണ്ടായത്. മുസ്ലീം സമുദായത്തെ ആക്രമിക്കുന്നുവെന്ന രൂപത്തിലുള്ള പല വിമർശന ങ്ങളും സംസ്ഥാന സർക്കാരിന് നേരിടേണ്ടി വന്നുവെങ്കിലും കൂടുതൽ അന്വേ ഷണത്തിനായി നിർദ്ദേശം കൊടുക്കുകയും ജോയിന്റ് ഇൻവെസ്റ്റിഗേഷൻ ടീമിനെ നിയമിക്കുകയും പരിശോധനയിൽ വിട്ടയച്ച ആളുകൾ നിരപരാധി കളല്ലെന്ന് കണ്ടെത്തിയതിനെത്തുടർന്ന് അവരെയും പ്രതി ചേർത്ത് 17 പേരെ പിടികൂടി ചാർജ് ചെയ്ത കേസ് ഇപ്പോൾ എൻ.ഐ.എ. അന്വേഷിച്ചുവരിക യുമാണ്. വാഗമൺ സംഭവം റിപ്പോർട്ട് ചെയ്യപ്പെട്ടപ്പോൾ 2008 ജൂൺ മാസം 19-നുതന്നെ മുണ്ടക്കയം പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തിരുന്നു. ഗുജറാത്ത് സംഭവം 2008 ജൂലൈയിലാണ് നടന്നത്. ഗുജറാത്ത് പോലീസിൽനിന്നും അവർ വാഗമൺ ക്യാമ്പിൽ പങ്കെടുത്തതായി വിവരം ലഭിക്കുകയുണ്ടായി. ജോയിന്റ് ഇൻവെസ്റ്റിഗേഷൻ ടീം നടത്തിയ പരിശോധനയിലാണ് ഇക്കാര്യങ്ങൾ പുറത്തുകൊണ്ടുവരാൻ സാധിച്ചത്. നിലമ്പൂർ ട്രെയിൻ അട്ടിമറിശ്രമവുമായി ബന്ധപ്പെട്ട് കൂടുതൽ അന്വേഷണം നടത്താനും റെയിൽവേയുമായി ബന്ധപ്പെട്ട വിഷയമായതുകൊണ്ട് അന്വേഷണം എൻ.ഐ.എ.-യെ ചുമതലപ്പെടുത്തുന്നതിനുമാണ് സർക്കാർ

ഉദ്ദേശിക്കുന്നത്. ഇന്ത്യൻ വൈസ്പ്രസിഡന്റിന്റെ സന്ദർശനവേളയിൽ കണ്ണൂരിൽ ബസ്സിൽ സ്ഫോടകവസ്തു കണ്ടെത്താനായത് പോലീസിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിലൂടെയാണ്. മലപ്പുറം ജില്ലയിലും സ്ഫോടക വസ്തു പിടിച്ചെടുത്ത സംഭവമുണ്ടായിട്ടുണ്ട്. എക്സ്പ്ലോസീവ് ആക്ട് അനുസരിച്ച് സ്ഫോടക വസ്തുക്കൾ ഒരു സംസ്ഥാനത്തുനിന്ന് മറ്റൊരു സംസ്ഥാനത്തേയ്ക്ക് കൊണ്ടുവരുന്നതിന് ആരുടേയും അനുമതി വാങ്ങിക്കുന്നില്ല. എക്സ്പ്ലോസീവ് ആക്ടിന്റെ ദുരുപയോഗം തടയുവാൻ കേന്ദ്ര ഗവൺമെന്റിന്റെ സഹായം തേടാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. വിദേശരാജ്യത്തുനിന്നും അമ്പതിലധികം എ.കെ. 47 തോക്കുകൾ ഇന്ത്യയിലേയ്ക്ക് കൊണ്ടുവന്നിട്ടുണ്ടെങ്കിൽ അതുസംബന്ധിച്ച് അന്വേഷിക്കേണ്ടത് കേന്ദ്ര ഏജൻസിയായ കസ്റ്റംസാണ്. സംസ്ഥാനത്ത് കള്ളനോട്ടിന്റെ ഉപയോഗം വ്യാപകമായിട്ടുണ്ടെന്നും തീവ്രവാദികൾ അത് ഉപയോഗിക്കുന്നുണ്ടെന്നുമുള്ള കാര്യം വളരെ ഗൗരവമേറിയതാണ്. കള്ളനോട്ട് കേസ് അന്വേഷണമാണ് നായനാർ വധോദ്യമ കേസിലേയ്ക്ക് എത്തിച്ചത്. ഇത്തരത്തിൽ പണം വരുന്ന സ്രോതസ്സിനെക്കുറിച്ചും വിദേശ ഫണ്ടിംഗിനെക്കുറിച്ചും അന്വേഷിക്കേണ്ടത് കേന്ദ്ര രഹസ്യാന്വേഷണ ഏജൻസികളും എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റുമാണ്. വിദേശപണം ബാങ്കുവഴി വന്നാൽ അന്വേഷിക്കേണ്ടത് റിസർവ്വ് ബാങ്കും ഹവാല പണത്തിന്റെ അന്വേഷണം നടത്തേണ്ടത് എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റുമാണ്. ഇത്തരത്തിലുള്ള പണത്തിന്റെ സോഴ്സ് കണ്ടുപിടിക്കാനുള്ള സംവിധാനം കേന്ദ്ര ഗവൺമെന്റ് ഉണ്ടാക്കണം. ഇക്കാര്യം കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്. കൊച്ചിയിൽ പ്രൈവറ്റ്-പബ്ലിക് സെക്ടർ ഏജൻസികളെ ഏകോപിപ്പിച്ചു

കൊണ്ട് 'കൊച്ചി സിറ്റി ആക്ഷൻ പ്ലാനിന് ' രൂപം നൽകുകയും അത് നടപ്പിലാക്കികൊണ്ടിരിക്കുകയുമാണ്. കടൽവഴിയുള്ള ഭീകരപ്രവർത്തനം തടയുന്നതിനുവേണ്ടി നേവി, കോസ്റ്റ്ഗാർഡ്, സംസ്ഥാന പോലീസ് എന്നീ വിഭാഗങ്ങൾ സംയുക്തമായി പ്രവർത്തിച്ചുവരികയാണ്. കോസ്റ്റൽ പോലീസ് സ്റ്റേഷനുകൾ സംസ്ഥാനത്ത് പ്രവർത്തനമാരംഭിച്ചുകൊണ്ട് കടലിലുള്ള നിരീക്ഷണവും ശക്തിപ്പെടുത്താൻ സാധിച്ചിട്ടുണ്ട്. മത്സ്യത്തൊഴിലാളികളുടെ സഹകരണത്തോടെ ഫിഷറീസ് ഡിപ്പാർട്ടുമെന്റുമായി ചേർന്ന് കേരളത്തിൽ 73 പോലീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് കടലോര ജാഗ്രതാ സമിതികൾ രൂപീകരിക്കാനും എല്ലാ സംസ്ഥാനത്തും കടലിൽ പോകുന്നവർക്ക് ഐഡന്റിറ്റി കാർഡ് വിതരണം ചെയ്യാനും തീരുമാനിച്ചിട്ടുണ്ട്. വന പ്രദേശങ്ങളിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കാനും തീവ്രവാദ പ്രവർത്തനത്തിന് ആദിവാസികളെ ഉപയോഗപ്പെടുത്തുന്നത് തടയാൻ ഫോറസ്റ്റ്-പോലീസ് ഡിപ്പാർട്ടുമെന്റുകൾ ആദിവാസി സമൂഹവുമായി ചേർന്ന് വനജാഗ്രതാ സമിതി രൂപീകരിക്കാനും തീരുമാനിച്ചിട്ടുണ്ട്. മതത്തിന്റെ പേരിലുള്ള തീവ്രവാദ പ്രവർത്തനം പല രൂപത്തിൽ സംസ്ഥാനത്ത് നടക്കുന്നുണ്ട്. ഒരു മതവിഭാഗത്തിൽപ്പെടുന്ന ചെറിയ വിഭാഗമാണ് മതത്തിന്റെ പേരുപറഞ്ഞ് ആരാധാനാലയങ്ങൾപോലും ഉപയോഗപ്പെടുത്തി തീവ്രവാദ പ്രവർത്തനം നടത്തുന്നത്. ഇതിനെതിരെ മതേതര ശക്തികൾ ഒരുമിച്ച് പ്രവർത്തിക്കേണ്ടതുണ്ട്. 'സിമി' നിരോധിച്ചതിനുശേഷം ആ പേരിൽ പ്രവർത്തിക്കാൻ സാധിക്കാത്തതുകൊണ്ട് മറ്റ് പല പേരുകളിൽ പ്രവർത്തിക്കുന്നതായും ഇവർക്ക് വിദേശ രാജ്യത്തുള്ളവരുമായുള്ള ബന്ധത്തെക്കുറിച്ചും റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ട്. ഇവരുടെ പണത്തിന്റെ സോഴ്സ്, ആയുധങ്ങൾ എന്നീ വിഷയങ്ങൾ

വിശദമായ പരിശോധനയ്ക്ക് വിധേയമാക്കണം. തൊടുപുഴ ന്യൂമാൻ കോളേജിലെ പ്രൊഫസറുടെ കൈപ്പത്തി വെട്ടിയെടുത്ത കേസുമായി ബന്ധപ്പെട്ട അന്വേഷണം ശരിയായ വിധത്തിലാണ് നടക്കുന്നത്. കേസന്വേഷണം പൂർത്തിയാകാത്തതുകൊണ്ട് എല്ലാ കാര്യങ്ങളും സഭയിൽ വ്യക്തമാക്കാൻ നിർവ്വാഹമില്ല. ലഭിക്കുന്ന വിവരങ്ങൾ പ്രതിപക്ഷത്തിന് കൈമാറുവാനും ഗവൺമെന്റ് സന്നദ്ധമാണ്. താലിബാൻ കോടതി പ്രവർത്തിക്കുന്നത് സംബന്ധിച്ച് കൂടുതൽ അന്വേഷണം നടത്താനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. മതത്തിന്റെ പേരിൽ കോടതി പ്രവർത്തിക്കുന്നത് ശക്തമായി നേരിടും. ആയുധങ്ങൾ സംഭരിച്ചു വയ്ക്കുന്നതും അക്രമങ്ങൾ നടത്തുന്നതും തടയും. സംസ്ഥാനത്ത് നടക്കുന്ന പ്രശ്നങ്ങളുടെ മറവിൽ അരാജകത്വം സൃഷ്ടിക്കാൻ അനുവദിക്കുകയില്ല. തീവ്രവാദ സംഘടനകളും മാവോയിസ്റ്റുകളുമായിട്ടുള്ള ബന്ധത്തെക്കുറിച്ചും അന്വേഷണം നടത്തേണ്ടതുണ്ട്. മനുഷ്യാവകാശത്തിന്റെ പേരുപറഞ്ഞ് തീവ്രവാദ സംഘടനകൾ ഒന്നിക്കുന്നത് സമീപകാലത്തുണ്ടായ സംഭവമാണ്. ഇത്തരക്കാർക്ക് അറിഞ്ഞോ അറിയാതെയോ യാതൊരു പിന്തുണയും കൊടുക്കുകയില്ല എന്ന് നിയമസഭ തീരുമാനിക്കുക തന്നെ വേണം. സംസ്ഥാനത്ത് പ്രത്യേകമായ ഇൻവെസ്റ്റിഗേഷൻ ടീമിനെ നിയോഗിക്കാനുള്ള നടപടി പൂർത്തിയായിട്ടുണ്ട്. മുമ്പുണ്ടായിരുന്ന സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമാണ് കാശ്മീരിലെ സംഭവത്തെക്കുറിച്ചുള്ള കാര്യങ്ങൾ പുറത്തുകൊണ്ടുവന്നത്. ഭീകരവാദ-തീവ്രവാദ പ്രവർത്തനങ്ങളെ അമർച്ച ചെയ്യാൻ സഭ ഒറ്റക്കെട്ടായി നിൽക്കണം.

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): ബാബറി മസ്ജിദ് പ്രശ്നമുണ്ടായതിനെത്തുടർന്നാണ് മറ്റ് സമുദായിക പാർട്ടികളും ഭീകരപ്രവർത്തനങ്ങളിലേയ്ക്ക് വന്നിട്ടുള്ളത്. തീവ്രവാദികളെ അമർച്ചചെയ്യാൻ ഒത്തൊരുമിച്ച്

പ്രവർത്തിക്കണം. പ്രതിപക്ഷത്തിന്റെ കൂടി പൂർണ്ണപിന്തുണയോടെ തീവ്രവാദി കളെ അമർച്ചചെയ്യാനുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്നതാണ്. ഇന്ന് വൈകുന്നേരം ഇതുസംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി നടത്തുന്ന ചർച്ചയിൽ പ്രതിപക്ഷ ഭാഗത്തുനിന്നും ഉയർന്നുവരുന്ന നിർദ്ദേശ ങ്ങളെല്ലാം പരിഗണിക്കാം. ഈ പ്രമേയം പൂർണ്ണമായ അർത്ഥത്തിൽ അംഗീകരിക്കണം. വർഗ്ഗീയവാദികളേയും ഭീകരവാദികളേയും അമർച്ച ചെയ്യാൻ എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്.

## ധനകാര്യം (തുടർച്ച)

ശ്രീ. പി.ടി.എ റഹീം : ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. മലബാർ മേഖലയിലെ മുഴുവൻ പഞ്ചായത്തുകളിലും പ്ളസ് വൺ സ്കൂളുകൾ ആരംഭിക്കണം. ഉന്നത വിദ്യാഭ്യാസ രംഗത്ത് നിലനിൽക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കാനും കൊടുവള്ളിയിൽ ഒരു ആർട്ട്സ് ആന്റ് സയൻസ് കോളേജ് ആരംഭിക്കാനും നടപടി സ്വീകരിക്കണം. സ്വാശ്രയ മാനേജുമെന്റുകളെ നിയന്ത്രിക്കുന്നതിനുള്ള നിയമം ഉദ്ദേശിച്ചരൂപത്തിൽ നടപ്പിലാക്കാൻ സാധിച്ചി ല്ലെങ്കിലും സ്വകാര്യ മാനേജുമെന്റുകളും സർക്കാരുമായി സഹകരണമുണ്ടാക്കാൻ കഴിഞ്ഞു. ന്യൂമാൻ കോളേജിലുണ്ടായ പ്രശ്നം ദൗർഭാഗ്യകരമാണ്. വിദ്യാഭ്യാസരംഗത്ത് സാമുദായിക വിദ്വേഷമുണ്ടാക്കാൻ ശ്രമിക്കുന്നവർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കണം.

ശ്രീ. വർക്കല കഹാർ : ധനാഭ്യർത്ഥനയെ എതിർക്കുന്നു. കേരളത്തിലെ വിദ്യാഭ്യാസ മേഖലയാകെ തകർന്നിരിക്കുന്നു. ഇൻഡ്യ മുഴുവൻ പ്രകീർത്തിക്കുന്ന തരത്തിലുള്ള വിദ്യാഭ്യാസരീതി ഉണ്ടായിരുന്ന കേരളത്തിൽ പരീക്ഷകൾക്കും സർട്ടിഫിക്കറ്റുകൾക്കും നല്ല മതിപ്പായിരുന്നു.

വിദ്യാഭ്യാസ മേഖലയിൽ കച്ചവടമാണ് നടക്കുന്നത്. കേരള യൂണിവേഴ്സിറ്റിയിൽ സെമസ്റ്റർ സമ്പ്രദായം നടപ്പിലാക്കാൻ ഒരുവർഷം താമസിപ്പിച്ചത് സ്വകാര്യ ഗൈഡ് കമ്പനികളെ സഹായിക്കുന്നതിനുവേണ്ടിയാണ്. മാർക്ക് തട്ടിപ്പ് ഉൾപ്പെടെയുള്ള അഴിമതിയുടെ കേന്ദ്രമായി സർവ്വകലാശാലകൾ മാറിയിരിക്കുന്നു. യൂണിവേഴ്സിറ്റി നിയമനങ്ങൾ പി.എസ്.സി.ക്ക് വിടണം. ഈ ഗവൺമെന്റിന്റെ എല്ലാ വകുപ്പുകളിലും അഴിമതിയും സ്വജനപക്ഷപാതവും മാത്രമാണുള്ളത്. പ്രഖ്യാപനങ്ങൾ ഒന്നും നടപ്പിലാക്കുന്നില്ല. ഈ ഗവൺമെന്റ് യാതൊരു ദിശാബോധവുമില്ലാതെയാണ് ഭരണം നടത്തിക്കൊണ്ടിരിക്കുന്നത്.

<u>ശ്രീ. ബാബു എം. പാലിശ്ശേരി</u> : ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വിദ്യാഭ്യാസ-കായിക മേഖലകളിൽ 65-ഓളം നിയമങ്ങൾ പാസ്സാക്കുകയുണ്ടായി. പൊതുവിദ്യാഭ്യാസ മേഖലയെ മികവിന്റെ കേന്ദ്രമാക്കി മാറ്റിയെടുക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞു. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് അടച്ചുപൂട്ടാൻ തീരുമാനിച്ച 2644 വിദ്യാലയങ്ങളെ നല്ല നിലവാരത്തിലേയ്ക്ക് ഉയർത്തിക്കൊണ്ടുവന്നു. സർക്കാർ സ്കൂളുകളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഫലമായി എസ്.എസ്.എൽ.സി., ഹയർ സെക്കണ്ടറി, വി.എച്ച്.എസ്.ഇ. പരീക്ഷകളുടെ വിജയശതമാനത്തിൽ വൻവർദ്ധനവുണ്ടായി. 2005-ൽ ആവിഷ്ക്കരിച്ച ദേശീയ പാഠ്യപദ്ധതി ചട്ടക്കൂടിന്റെ മാതൃകയിൽ സംസ്ഥാന പാഠ്യപദ്ധതി ചട്ടക്കൂട് 2007 വിജയകരമായി നടപ്പിലാക്കുകയും പാഠപുസ്തകം പരിഷ്കരിക്കുകയും ചെയ്തു. 2500-ലധികം അധ്യാപകർക്ക് പുതിയതായി നിയമനം നൽകി. ഹയർ സെക്കണ്ടറിയിൽ നടപ്പിലാക്കിയ

ഏകജാലക പ്രവേശന സമ്പ്രദായം പ്രശംസ പിടിച്ചുപറ്റുകയുണ്ടായി. കേന്ദ്രാവിഷ്കൃത പദ്ധതികൾ നല്ല രീതിയിൽ സംഘടിപ്പിച്ചു. ഹയർ സെക്കണ്ടറി, വി.എച്ച്.എസ്.ഇ. മേഖലയിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന മിടുക്കരായ 10000 വിദ്യാർത്ഥികൾക്ക് 5000 രൂപ വീതം സ്കോളർഷിപ്പ് കൊടുക്കുന്ന പദ്ധതി നടപ്പിലാക്കി. ഉന്നത വിദ്യാഭ്യാസമേഖല യിൽ ഗണ്യമായ മുന്നേറ്റം ഉണ്ടാക്കാൻ സാധിച്ചു. സ്വാശ്രയ മേഖലയിൽ നിരവധി നിയന്ത്രണങ്ങൾ ഏർപ്പെടുത്തി. ഉന്നത വിദ്യാഭ്യാസ കൗൺസിൽ രൂപീകരിച്ചു. ഇൻഡ്യയ്ക്ക് മാതൃകയായി ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പ് ഏർപ്പെടുത്തി. അൺ എയ്ഡഡ് സ്കൂളുകൾ തുടങ്ങുന്നതിന് അനുവാദം നൽകാനുള്ള അവകാശം കേന്ദ്ര ഗവൺമെന്റ് തട്ടിയെടുക്കുന്ന തരത്തിലുള്ള സമീപനം അപലപനീയമാണ്. സാംസ്ക്കാരിക മേഖലയ്ക്ക് ഇത്രയധികം സഹായം ലഭിച്ച ഒരു കാലഘട്ടം മുമ്പുണ്ടായിട്ടില്ല. എല്ലാ സാംസ്ക്കാരിക പ്രസ്ഥാനങ്ങളേയും കൂട്ടിയോജിപ്പിച്ചുകൊണ്ടുള്ള സാംസ്ക്കാരിക ജാഥ വിജയകരമായി നടത്തി. അന്തർദേശീയ നാടകോത്സവം വിജയകരമാക്കി. ലളിതകലാ അക്കാഡമിയുടെ നേതൃത്വത്തിൽ ചിത്രകലാ ക്യാമ്പുകൾ, എക്സിബിഷനുകൾ, ചലച്ചിത്രോത്സവങ്ങൾ എന്നിവ സംഘടിപ്പിക്കാൻ നടപടി സ്വീകരിച്ചു. കലാമണ്ഡലത്തെ ഡീംഡ് യൂണിവേഴ്സിറ്റിയായി ഉയർത്താൻ സ്വീകരിച്ച നടപടി ശ്ലാഘനീയമാണ്. തുഞ്ചൻ സ്മാരകം, കുഞ്ചൻ സ്മാരകം അടക്കമുള്ള സാംസ്ക്കാരിക സ്ഥാപനങ്ങൾക്ക് ഈ വർഷം കൂടുതൽ പണം അനുവദിച്ചത് ശ്രദ്ധേയമാണ്. രാജ്യത്തിന്റെ വിവിധ മേഖലകളിൽ നടക്കുന്ന തീവ്രവാദ ആക്രമണങ്ങളും സ്ഫോടനങ്ങളും തടയാൻ കഴിയുന്നില്ല. മുൻ സർക്കാരിന്റെ കാലത്തുനടന്ന അക്രമപ്രവർത്തന

ങ്ങളിൽ ഇപ്പോഴാണ് നടപടിയുണ്ടാകുന്നത്. ട്രെയിനിൽ സ്ഫോടന ങ്ങളുണ്ടാകുന്നതിനാൽ ജനങ്ങൾ പരിഭ്രാന്തരാണ്. കായികരംഗം അഭിവൃദ്ധി പ്പെടുത്തുന്നതിനായി കായിക വകുപ്പ് രൂപീകരിച്ചത് ശ്ലാഘനീയമാണ്.

<u>ശ്രീ. എൻ. അനിരുദ്ധൻ</u>: ധനാഭ്യർത്ഥനയെ പിന്താങ്ങുന്നു. പൊതു വിദ്യാഭ്യാസ പരിപാടിയിലൂടെ സാക്ഷരതയിൽ നൂറുശതമാനം വിജയം കൈവരിക്കാൻ സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട്. ഗുണനിലവാരമുള്ള വിദ്യാഭ്യാസം കുട്ടികളുടെ മൗലികാവകാശമാണെന്ന് സ്ഥാപിക്കാൻ കഴിഞ്ഞത് ഈ സർക്കാരിന്റെ കാലത്താണ്. ഇന്ത്യയുടെ ട്രഷറി വരുമാന ത്തിന്റെ 4.18 ശതമാനമാണ് വിദ്യാഭ്യാസമേഖലയ്ക്കുവേണ്ടി ചെലവഴിക്കു ന്നത്. പ്രാഥമിക വിദ്യാഭ്യാസം ഭരണഘടനാ ഭേദഗതിയിലൂടെ മൗലികാവകാശമായി മാറിയിരിക്കുന്നു. പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങ ളാണ് വിദ്യാഭ്യാസ മേഖലയിലെ പ്രവർത്തനത്തിന് നേതൃത്വം നൽകേണ്ടത്. പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങൾ, സംരക്ഷണ സമിതികൾ, പി.ടി.എ. എന്നിവ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു സംവിധാനം വിദ്യാഭ്യാസത്തിന്റെ പുരോഗതിക്ക് അനിവാര്യമാണ്. മതേതര സോഷ്യലിസ്റ്റ് ഇൻഡ്യയെന്ന ലക്ഷ്യ പ്രാപ്തിക്കുവേണ്ടിയുള്ള രാഷ്ട്രീയം ഇൻഡ്യയിലെ വിദ്യാഭ്യാസത്തിന്റെ അടിസ്ഥാന ഘടകമാണ്. ഫോറിൻ യൂണിവേഴ്സിറ്റികളുടെ വരവും അതുവഴി ലഭിക്കാൻ പോകുന്ന ഗുണമേന്മയുള്ള വിദ്യാഭ്യാസവും എതിർക്ക പ്പെടുന്നത് അഭിലഷണീയമല്ല. എല്ലാ പഞ്ചായത്തുകളിലുമുള്ള സ്ക്കൂളുക ളിൽ പ്ലസ് ടു കോഴ്സുകൾ അനുവദിക്കണം.

<u>ശ്രീ. പി.സി. ജോർജ്</u>: ധനാഭ്യർത്ഥനയെ എതിർക്കുന്നു. പൂഞ്ഞാറിൽ വച്ച് നടത്താൻ തീരുമാനിച്ചിരുന്ന ജി.വി. രാജാ അവാർഡ് തിരുവനന്ത

പുറത്തേയ്ക്ക് മാറ്റിയത് പുനഃപരിശോധിക്കണം. സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഫീസ് ഘടനയിലോ, ഡെപ്പോസിറ്റ് നിരക്കിലോ മാറ്റം വരുത്താൻ സാധിച്ചിട്ടില്ല. സ്വാശ്രയ മാനേജ്മെന്റുകളെ പരിപോഷിപ്പിക്കുന്ന ഗവൺമെന്റാണിത്. സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളുടെ എണ്ണം വർദ്ധിച്ചിരിക്കുന്നു. കത്തോലിക്കാ മാനേജ്മെന്റ് കോളേജിൽ സംസ്ഥാന എൻട്രൻസ് എക്സാമിനേഷന്റേയും പ്ലസ് ടു എക്സാമിനേഷന്റേയും മാർക്കിന്റെ അടിസ്ഥാനത്തിൽ മെറിറ്റ് ലിസ്റ്റുണ്ടാക്കി 3,70,000 രൂപ വാർഷിക ഫീസിൽ അഡ്മിഷൻ നടത്തുകയും ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട പത്തുപേരെ സൗജന്യമായി പഠിപ്പിക്കുകയുമാണ്. എസ്.സി./എസ്.ടി. വിഭാഗ ത്തിൽപ്പെട്ട കുട്ടികൾക്ക് പത്തുശതമാനം സംവരണം നൽകുന്നുണ്ടെങ്കിലും അവർക്ക് അർഹതപ്പെട്ട സ്റ്റൈപ്പന്റ് നൽകാൻ സംസ്ഥാന ഗവൺമെന്റ് തയ്യാറാ കുന്നില്ല. കത്തോലിക്കാ സഭയ്ക്ക് കീഴിലുള്ള സ്ഥാപനങ്ങൾക്ക് 3,70,000 രൂപ വാർഷിക ഫീസിന് മെഡിക്കൽ പഠനം നടത്താമെങ്കിൽ മറ്റ് സ്വാശ്രയ കോളേജുകളുമായി അഞ്ചര ലക്ഷം രൂപ വാർഷിക ഫീസ് എന്ന വ്യവസ്ഥ അംഗീകരിച്ചുകൊണ്ടുള്ള എഗ്രിമെന്റ് ഒപ്പിട്ട സാഹചര്യം വ്യക്തമാക്കണം. അന്യായമായി ഫീസ് വാങ്ങുന്ന സ്വാശ്രയ മാനേജ്മെന്റുകൾക്കെതിരെ കർശന നടപടി സ്വീകരിക്കണം. ആജ്ഞാനുവർത്തികളായി പ്രവർത്തിക്കുന്ന വിദ്യാഭ്യാസവിചക്ഷണന്മാരെ നിയമിച്ചുകൊണ്ട് കേരളത്തിലെ സർവ്വകലാശാലകളെ തകർക്കുകയാണ് ഈ ഗവൺമെന്റ് ചെയ്യുന്നത്.

<u>ശ്രീ. എം. പ്രകാശൻ മാസ്റ്റർ</u> : ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. എല്ലാ രംഗത്തും മോശപ്പെട്ട പ്രവർത്തനങ്ങളാണ് നടക്കുന്നതെന്ന് പ്രതിപക്ഷം ആക്ഷേപിക്കുമ്പോൾ ഓരോ രംഗത്തെയും മികവിന് സംസ്ഥാന

ഗവൺമെന്റിന് കേന്ദ്ര ഗവൺമെന്റ് അവാർഡ് കൊടുക്കുകയാണ്. ഹയർ സെക്കണ്ടറി പ്രവേശനത്തിൽ ഏകജാലക സംവിധാനത്തിന്റേയും ഇ-ഗവേ ണൻസിന്റേയും പ്രവർത്തനത്തിൽ ഇന്ത്യയിൽ ഏറ്റവും നല്ല സർക്കാർ വകുപ്പിനുള്ള അംഗീകാരം നൽകിയത് കേരളത്തിലെ വിദ്യാഭ്യാസ വകു പ്പിനാണ്. യു. ഡി. എഫ്. ഗവൺമെന്റ്, റിട്ടയർ ചെയ്ത പോസ്റ്റുകളി ലേയ്ക്കുള്ള അദ്ധ്യാപക നിയമനങ്ങളിൽ നിരോധനം ഏർപ്പെടുത്തിയിരുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം നിയമനനിരോധനം പിൻവലിക്കുകയും വിദ്യാഭ്യാസ മേഖലയിൽമാത്രം ആറായിരത്തിൽപ്പരം പുതിയ അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തു. കേന്ദ്ര ഫണ്ടുപയോഗിച്ച് എസ്. എസ്. എ. പദ്ധതി നന്നായി നടപ്പിലാക്കിയതിനുള്ള മികച്ച അംഗീകാരം കേരള സംസ്ഥാനത്തിനാണ് ലഭിച്ചിട്ടുള്ളത്. കഴിഞ്ഞ നാലുവർഷം വിദ്യാഭ്യാസ രംഗത്തുണ്ടാക്കിയ നേട്ടം ആർക്കും നിഷേധി ക്കാനാവാത്ത ഒന്നാണ്. പ്രീ-പ്രൈമറി മുതൽ ഹയർസെക്കണ്ടറി തലംവരെ യുള്ള വിദ്യാഭ്യാസം ഇന്ത്യാ രാജ്യത്തിലെ മുഴുവൻ കുട്ടികളുടേയും മൗലി കാവകാശമാണെന്ന് പ്രഖ്യാപിക്കാനാണ് കേന്ദ്ര ഗവൺമെന്റ് തയ്യാറാകേണ്ടത്. അൺഎയ്ഡഡ് മേഖലയിൽ 25 ശതമാനം കുട്ടികൾക്ക് പ്രവേശനം നൽകണമെന്ന് കേന്ദ്ര ബില്ലിൽ പറയുന്നത് കേരളത്തിൽ നടപ്പിലാക്കുകയാ ണെങ്കിൽ പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളിലെ കുട്ടികളുടെ സ്ട്രെംഗ്തിനെ എങ്ങനെ ബാധിക്കുമെന്നുള്ളത് പരിശോധിക്കേണ്ടതാണ്. ഈ കുട്ടികളുടെ ചെലവ് സംസ്ഥാന സർക്കാർ വഹിക്കണമെന്നും ബില്ലിൽ പറഞ്ഞിട്ടുള്ളത് വിദ്യാഭ്യാസം കച്ചവടമാക്കുന്ന അൺഎയ്ഡഡ് സ്ഥാപനങ്ങളെ സഹായിക്കാ നാണ്. സംസ്ഥാന ഗവൺമെന്റിന് വലിയൊരു ബാദ്ധ്യതയാണ് ഇതിന്റെ

ഫലമായി കേന്ദ്ര ഗവൺമെന്റ് അടിച്ചേൽപ്പിക്കാൻ പോകുന്നത്. ഇപ്പോൾ കേരളത്തിൽ 12-ാം ക്ലാസ് വരെയുള്ള വിദ്യാഭ്യാസം ഏതാണ്ട് സൗജന്യമാണ്, കേന്ദ്രനിയമപ്രകാരം നടപ്പിലാക്കിയാൽ അത് എട്ടാം ക്ലാസ് വരെ പരിമിതപ്പെടും. 8-ാം ക്ലാസ് മുതൽ 12-ാം ക്ലാസ് വരെയുള്ള കുട്ടികൾക്ക് ഇന്ന് കേരളത്തിൽ ലഭിച്ചുകൊണ്ടിരിക്കുന്ന സൗജന്യവിദ്യാഭ്യാസത്തിനുള്ള അവസരം ഇല്ലാതാവുകയാണ്. പ്രീ-പ്രൈമറി വിദ്യാഭ്യാസത്തെ വിദ്യാഭ്യാസ മേഖലയിൽനിന്നും പൂർണ്ണമായും ഒഴിവാക്കുന്ന നിലപാടാണ് കേന്ദ്രനിയമത്തിലുള്ളത്. സ്ക്കൂളുകൾ സ്ഥാപിച്ച് അവിടെ സൗജന്യ വിദ്യാഭ്യാസത്തിനുള്ള ചുമതല പരിപൂർണ്ണമായും സംസ്ഥാന ഗവൺമെന്റോ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോ ഏറ്റെടുക്കണമെന്നാണ് കേന്ദ്രനിയമത്തിൽ പറയുന്നത്. സെക്കണ്ടറി വിദ്യാഭ്യാസ മേഖലയിൽ സ്വകാര്യ പങ്കാളിത്തം അനുവദിക്കാനുള്ള കേന്ദ്ര തീരുമാനം പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഘടനയെ തകർക്കും. ഈ സ്ഥാപനങ്ങളിലെ അദ്ധ്യാപക നിയമനം, സേവന-വേതന വ്യവസ്ഥകൾ, കുട്ടികളുടെ ഫീസ്, പശ്ചാത്തല വികസനം എന്നീ കാര്യങ്ങളിൽ പൂർണ്ണമായും സ്വകാര്യ പങ്കാളിത്തത്തിന് അനുവാദം കൊടുക്കുകയാണ്. സേവനമേഖലയെ പരിപൂർണ്ണമായും വ്യാപാരവൽക്കരിക്കുന്ന നിലപാടാണ് കേന്ദ്ര ഗവൺമെന്റ് സെക്കണ്ടറി വിദ്യാഭ്യാസ മേഖലയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. അത്തരമൊരു നിലപാട് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് അംഗീകരിക്കുന്നില്ല.

<u>ശ്രീ. കെ. സി. ജോസഫ്</u>: ധനാഭ്യർത്ഥനയെ എതിർക്കുന്നു. നാഷണൽ ഗെയിംസിന്റെ മുന്നോടിയായി സംസ്ഥാനത്തെ സ്പോർട്ട്സ് മേഖലയിൽ അടിസ്ഥാന സൗകര്യവികസനത്തിന് പദ്ധതി ആവിഷ്ക്കരിച്ച് നടപ്പാക്കണം.

സ്ക്കൂളുകളിൽ നിലവിലുള്ള കളിസ്ഥലങ്ങളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തണം. വിദ്യാർത്ഥികൾക്കുള്ള പ്രൈസ് മണി യഥാസമയം കൊടുക്കണം. സ്പോർട്ട്സ് രംഗത്തെ സാധ്യതകൾ കണ്ടെത്തി മുന്നോട്ടുപോകാനുള്ള നയം നടപ്പാക്കണം. നാലുകൊല്ലം കൊണ്ട് വിദ്യാഭ്യാസരംഗത്ത് ഒരു മാറ്റവും ഉണ്ടാക്കാൻ സാധിച്ചില്ല. പുതിയ സ്വാശ്രയ സ്ഥാപനങ്ങൾ ആരംഭിക്കാൻ അനുവാദം നൽകിയതുൾപ്പെടെ സ്വാശ്രയ വിദ്യാഭ്യാസരംഗത്ത് യു.ഡി.എഫ്. ഭരണം നൽകിയ നേട്ടങ്ങൾ നിരവധിയാണ്. കോടതി റദ്ദാക്കിയ സ്വാശ്രയ വിദ്യാഭ്യാസ നിയമം പുനഃസ്ഥാപിക്കാനോ ആവശ്യമായ മാറ്റങ്ങൾ വരുത്താനോ ഈ ഗവൺമെന്റ് നടപടി സ്വീകരിച്ചില്ല. ഈ മേഖല സ്വകാര്യ മാനേജ്മെന്റുകൾക്ക് പണയപ്പെടുത്തിയിരിക്കുകയാണ്. സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഫീസ് നിരക്കു സംബന്ധിച്ച് വ്യക്തതയുണ്ടാകണം. കേന്ദ്ര വിദ്യാഭ്യാസാവകാശ നിയമത്തിലെ വ്യവസ്ഥകൾ കേരളത്തിൽ നടപ്പിലാക്കുന്നത് സംബന്ധിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കാൻ നിയോഗിച്ച സമിതിയുടെ റിപ്പോർട്ട് പോലും പരിശോധിക്കാതെ കേരളത്തിന്റെ താൽപ്പര്യങ്ങൾക്ക് എതിരാണെന്ന തെറ്റായ സമീപനമാണ് ഈ സർക്കാർ സ്വീകരിക്കുന്നത്. കേന്ദ്ര ബഡ്ജറ്റിൽ 1918 കോടി രൂപയാണ് ഈ സാമ്പത്തിക വർഷം കേരളത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുവേണ്ടി നീക്കിവച്ചിട്ടുള്ളത്. കേന്ദ്ര പദ്ധതികളുടെ ആനുകൂല്യങ്ങൾ സംസ്ഥാനത്ത് ചെലവഴിക്കപ്പെടാതെ പോകുന്നത് ഗുണകരമല്ല. സംസ്ഥാനത്തെ കോളേജുകളിൽ ക്രെഡിറ്റ് സെമസ്റ്റർ സമ്പ്രദായം ഏർപ്പെടുത്തിയെങ്കിലും അതിനനുസരിച്ചുള്ള പശ്ചാത്തല സൗകര്യങ്ങളും അടിസ്ഥാന സൗകര്യങ്ങളും ഒരുക്കിക്കൊടുക്കാൻ സാധിച്ചിട്ടില്ല. അടുത്ത അധ്യയന വർഷം മുതൽ

സ്ഥിരം കോളേജ് അദ്ധ്യാപകരെ നിയമിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നെങ്കിലും ഇപ്പോഴും 2000-ത്തിലധികം അദ്ധ്യാപകർ കോൺട്രാക്ട് അടിസ്ഥാനത്തി ലാണ് ജോലി ചെയ്യുന്നത്. ഇത് കോളേജുകളുടെ ഗുണനിലവാരം ഉയർത്താൻ സഹായിക്കുകയില്ല. പ്ലസ് ടു സ്ക്കൂളുകളുടെ ഭാഗമായി മാറി യിരിക്കുന്ന സാഹചര്യത്തിൽ എല്ലാ ഹൈസ്ക്കൂളുകളിലും പ്ലസ് ടു കോഴ്സ് ആരംഭിക്കണം. ഗ്രാമപ്രദേശങ്ങളിലെ സ്കൂളുകളിൽ അടിസ്ഥാന പഠന സൗകര്യങ്ങളുണ്ടാകണം. പൊതുവിദ്യാഭ്യാസ രംഗത്ത് സർക്കാർ, എയ്ഡഡ് മേഖലകളിൽ വിദ്യാർത്ഥികൾ കുറയുന്നതിനും മലയാളം മീഡിയം വിദ്യാർത്ഥികൾ കുറയുന്നതിനുമുള്ള കാരണം കണ്ടെത്തണം. സ്വാശ്രയ സ്ഥാപനങ്ങളിലേയ്ക്കുള്ള വിദ്യാർത്ഥികളുടെ ഒഴുക്ക് തടയണം.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): വിദ്യാഭ്യാസ വകുപ്പിന്റെ ഭാഗമായ സ്പോർട്ട്സ്, യുവജന ക്ഷേമം എന്നിവയ്ക്ക് ഒരു പ്രത്യേക വകുപ്പ് വേണം എന്നതിന്റെ അടിസ്ഥാനത്തിൽ ബിസിനസ് റൂൾസിൽ ആവശ്യമായ ഭേദഗതി വരുത്തിയിട്ടുണ്ട്. അന്തർദേശീയ കായിക താരമായ സൈക്ളിസ്റ്റ് സയോണയുടെ പ്രശ്നം സർക്കാർ ഗൗരവമായി പരി ഗണിക്കും. കായിക വിദ്യാഭ്യാസം പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്താൻ കഴി ഞ്ഞു. ഇന്നലെ സമാപിച്ച FIFA-യുടെ റാങ്കിംഗിൽ 115 കോടി ജനങ്ങളുള്ള ഇൻഡ്യാ രാജ്യം 128-ാം സ്ഥാനത്താണെന്നുള്ളത് കണക്കിലെടുത്ത് വെറും കാഴ്ചക്കാരാകാതെ കളിക്കാരാകണം എന്നതാണ് സംസ്ഥാനത്തിന്റെ ലക്ഷ്യം. സംസ്ഥാനത്തിന് ലക്ഷ്യബോധത്തോടുകൂടിയുള്ള ഒരു കായിക നയവും സമഗ്രമായ കായിക നിയമവുമുണ്ട്. സ്പോർട്ട്സ് കമ്മീഷൻ നൽകിയ

ശുപാർശകൾ സംസ്ഥാന സർക്കാർ തത്വത്തിൽ അംഗീകരിച്ചിരിക്കുകയാണ്. ഓരോ ജില്ലയിലും കായിക സ്കൂൾ, കേരളത്തിൽ കായിക സ്പോർട്ട്സ് യൂണിവേഴ്സിറ്റി, ‘എല്ലാവർക്കും സ്പോർട്ട്സ്’ എന്ന നയമാണ് സ്വീകരിച്ചിട്ടു ളളത്. സമ്പൂർണ്ണ കായികക്ഷമതാ പദ്ധതി നടപ്പിലാക്കുന്ന ആദ്യ സംസ്ഥാന മായി കേരളത്തെ മാറ്റാനുള്ള നടപടിയാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ഇന്ത്യയിൽ കായിക നിയമമുള്ള ഒരു സംസ്ഥാനം കേരളമാണ്. സ്പോർട്ട്സ് കൗൺസിലുകൾ ജില്ലാ-സംസ്ഥാന തലങ്ങളിൽ വന്നുകഴിഞ്ഞിട്ടുണ്ട്. ഈ സർക്കാർ സ്പോർട്ട്സിനെ വികേന്ദ്രീകൃത വികസനത്തിൽപെടുത്തിയിട്ടുണ്ട്. ഇത് യാഥാർത്ഥ്യമായാൽ സംസ്ഥാനത്ത് 10000 കളിസ്ഥലങ്ങളും 1000 സ്റ്റേഡിയങ്ങളും 1000 നീന്തൽകുളങ്ങളുമുണ്ടാകും. കായികതാരങ്ങൾക്കുള്ള സ്പോർട്ട്സ് ക്വാട്ട നിയമനം 50 ശതമാനമാക്കി ഉയർത്തി. പോലീസിൽ കഴി ഞ്ഞ പത്തുവർഷമായി മുടങ്ങിക്കിടക്കുന്ന സ്പോർട്ട്സ് ക്വാട്ട നിയമനങ്ങൾ ഇപ്പോൾ പത്തുശതമാനം നടത്താൻ പോവുകയാണ്. അതിന്റെ മുന്നോടി യായി 64 പേരെ നിയമിക്കാൻ തീരുമാനിച്ചു. പൊതുമേഖല സ്ഥാപനത്തിൽ ഒരു ടീം എന്നതും നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. പഞ്ചായത്തുകളുടെ സഹകരണത്തോടെ കഴിഞ്ഞ വെക്കേഷൻ കാലത്ത് നടപ്പാക്കിയ പദ്ധതിപ്രകാരം 20000 കുട്ടികൾക്ക് നീന്തൽ പരിശീലനം നൽകാൻ സാധിച്ചു. പഞ്ചായത്തുകളിലെ കായിക വികസനം ലക്ഷ്യമാക്കിയുള്ള കേന്ദ്ര സഹായ ത്തോടുകൂടിയുള്ള പൈകാ പദ്ധതി നടപ്പാക്കിക്കൊണ്ടിരിക്കുന്നു. ദേശീയ-അന്തർദേശീയ തലത്തിൽ കുട്ടികളെ ഫുട്ബോൾ പരിശീലിപ്പിക്കുന്ന ‘വിഷൻ ഇന്ത്യ പ്രോജക്ട്’ കേരളത്തിലെ 14 ജില്ലകളിലും പ്രവർത്തനം നട

ക്കുകയാണ്. 2016-ൽ നടക്കാൻ പോകുന്ന ബ്രസീൽ ഒളിമ്പിക്സിൽ ഒരു മെഡൽ നേടുക എന്ന ലക്ഷ്യത്തോടെ 'Go for Gold' എന്ന പദ്ധതി രൂപീകരിച്ചു. അതിൽ സംസ്ഥാനത്തിന് സാദ്ധ്യതയുള്ള ചില ഇനങ്ങളായ ലോങ് ജംപ്, ട്രിപ്പിൾ ജംപ്, 400 മീറ്റർ-800 മീറ്റർ-1500 മീറ്റർ ഓട്ടം എന്നിവയിൽ 16-18 വയസ്സ് പ്രായമുള്ള കുട്ടികളെ സെലക്ട് ചെയ്ത് വിദേശ കോച്ചുകളെക്കൊണ്ട് പരിശീലനം കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. കേരളത്തിൽ നടക്കുന്ന 35-ാമത് ദേശീയ ഗെയിംസിനുവേണ്ടി 500 കോടി രൂപയുടെ വികസന പ്രവർത്തനങ്ങളാണ് നടക്കുന്നത്. അതിൽ അന്തർദേശീയ നിലവാരമുള്ള പുതിയ സ്റ്റേഡിയങ്ങൾ, പുതിയ സ്പോർട്ട്സ് കോംപ്ലക്സുകൾ, പുതിയ സിന്തറ്റിക് ട്രാക്കുകൾ, പുതിയ ഇൻഡോർ സ്റ്റേഡിയങ്ങൾ മുതലായവ ഉൾപ്പെടുത്തിയിട്ടുണ്ട്. തിരുവനന്തപുരത്ത് നടക്കുന്ന പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് തിരുവനന്തപുരത്തെ ഒരു സ്പോർട്ട്സ് സിറ്റിയാക്കി മാറ്റാൻ തീരുമാനിച്ചിരിക്കുകയാണ്. നാഷണൽ ഗെയിംസ് കഴിഞ്ഞാൽ ഏത് അന്തർദേശീയ ഗെയിംസും നടത്താൻ കെൽപ്പുള്ള സംസ്ഥാനമായി കേരളത്തെ മാറ്റുകയെന്നതാണ് ലക്ഷ്യം. സ്പോർട്ട്സ് യുവജന കാര്യത്തിൽ കൂടുതൽ നേട്ടങ്ങളുണ്ടാക്കുന്ന സാമാജികർക്ക് ഒരു അവാർഡ് കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. യൂത്ത് കോ-ഓർഡിനേറ്റർമാരെ എല്ലാ ക്ഷേമപ്രവർത്തനങ്ങളിലും വികസന പ്രവർത്തനങ്ങളിലും പങ്കാളികളാക്കുന്നതിനുവേണ്ടി യുവജനക്ഷേമ പ്രവർത്തനങ്ങളെ വികേന്ദ്രീകരിച്ചു. യുവശക്തിയുടെ പൈലറ്റ് പ്രോജക്ട് നടത്തുന്നതിന്റെ ഭാഗമായി കൊടകര ബ്ലോക്ക് പഞ്ചായത്ത് കൊടകരയിൽ കായിക സാംസ്ക്കാരിക യുവജന പാർക്ക് സ്ഥാപിച്ചു. കേരള യൂത്ത് ഫോറം വിവിധ ജില്ലകളിൽ വിജയകരമായി പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരി

ക്കുന്നു. യുവജനക്ഷേമ ബോർഡിനെ ഒരു സ്റ്റാറ്റ്യൂട്ടറി ബോർഡാക്കാൻ തീരുമാനിച്ചിട്ടുണ്ട്. യുവജനങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി വനിതാ കമ്മീഷന്റെ മോഡലിൽ യൂത്ത് കമ്മീഷൻ രൂപീകരിക്കാനും അതിനുവേണ്ട നിയമനിർമ്മാണം നടത്താനും തീരുമാനിക്കുകയും അതിന്റെ കരട് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. കേരളത്തിലെ യുവജന സംഘടനകളുമായി ചർച്ച ചെയ്ത് അത് നടപ്പാക്കുന്നതാണ്. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി) : സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ രംഗം വളരെയേറെ പുരോഗതി കൈവരിച്ചിട്ടുണ്ട്. എസ്.എസ്.എൽ.സി വിജയത്തിന്റെ സംസ്ഥാന ശരാശരി 92 ശതമാനമാക്കാൻ സാധിച്ചു. നൂറ് ശതമാനം വിജയം നേടിയ സ്കൂളുകളെ അഭിനന്ദിക്കുന്നതോടൊപ്പം മോശമായ സ്ക്കൂളുകളിൽ എന്തുകൊണ്ട് ഇത് സംഭവിച്ചു എന്നുള്ളത് ശാസ്ത്രീയപഠനത്തിന് വിധേയമാക്കുകയും ചെയ്തു. 104 സ്കൂളുകളിൽ വിദ്യാഭ്യാസ ഗുണമേന്മയ്ക്കുവേണ്ടിയുള്ള പദ്ധതി നടപ്പാക്കി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അതിൽ നല്ല പ്രവർത്തനം കാഴ്ചവച്ചു. യു.ഡി.എഫ് നേതൃത്വത്തിലുള്ള മലപ്പുറം ജില്ലാ പഞ്ചായത്തിൽ നടക്കുന്ന 'വിജയഭേരി' എന്ന പദ്ധതി ആ ജില്ലയിലെ വിദ്യാഭ്യാസ ഗുണമേന്മയ്ക്കുവേണ്ടിയുള്ളതാണ്. ഓരോ ജില്ലയിലും ഓരോ പേരിൽ ഈ പദ്ധതി നടപ്പാക്കും. എം.പി-മാരും എം.എൽ.എ-മാരും ഗ്രാമപഞ്ചായത്തുകളും ഇതിനുവേണ്ടി നല്ല രീതിയിലുള്ള പ്രവർത്തനം നടത്തുന്നുണ്ട്. അദ്ധ്യാപക-രക്ഷാകർതൃ സമിതികൾ വിദ്യാഭ്യാസ ഗുണമേന്മയ്ക്കുവേണ്ടിയുള്ള പ്രവർത്തനങ്ങളുടെ ഉത്തരവാദിത്തം ഏറ്റെടുക്കുന്നുണ്ട്. ഈ

പ്രവർത്തനങ്ങൾ ഓരോ തലത്തിലും നടപ്പാകുന്നത് പരിശോധിക്കാൻ ഓരോ മാസവും വിദ്യാഭ്യാസ വകുപ്പിലെ എല്ലാ പ്രധാന ചുമതലക്കാരെയും പങ്കെടുപ്പിച്ചുകൊണ്ടുള്ള മേൽനോട്ട വിശകലന അപഗ്രഥന പരിപാടികൾ നടത്തുന്നുണ്ട്. ഉച്ചഭക്ഷണ പദ്ധതിയുടെ ഗുണമേന്മ മെച്ചപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കൃഷിവകുപ്പുമായി ചേർന്നുകൊണ്ട് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പച്ചക്കറികൃഷി ചെയ്യുന്നതിനുള്ള ബൃഹത്തായ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. കേരളത്തിലെ ജനനനിരക്ക് കുറയുന്നതിന്റെ ഭാഗമായി ഗവൺമെന്റ്/എയ്ഡഡ്/അൺഎയ്ഡഡ് സ്കൂളുകളിൽ കുട്ടികളുടെ എണ്ണം കുറഞ്ഞുവരികയാണ്. സംസ്ഥാനത്ത് ഉയർന്ന വിജയശതമാനം കൈവരിച്ചതിനുപിന്നിൽ അധ്യാപക-രക്ഷാകർതൃ സംഘടനകളും വാർഡ് മെമ്പർമാരും ഗ്രാമ/ജില്ലാ പഞ്ചായത്തും വഹിച്ച പങ്ക് വളരെ പ്രധാനമാണ്. ഇതിനുവേണ്ടി എം.എൽ.എ.-മാരും എം.പി.-മാരും അവരുടെ ഫണ്ട് വിനിയോഗിക്കുന്നുണ്ട്. പൊതുവിദ്യാഭ്യാസത്തിന്റെ അടിത്തറയായ സ്കൂൾ വിദ്യാഭ്യാസരംഗത്ത് നാലുവർഷം കൊണ്ടുണ്ടായ ശ്രദ്ധേയമായ വളർച്ചയിലും പുരോഗതിയിലും അഭിമാനിക്കുമ്പോഴും ഇനിയും കുറെ പ്രശ്നങ്ങൾ ഉണ്ടെന്നുള്ളതും ഓർക്കണം. സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഗുണമേന്മയും നിലവാരവും മുന്നോട്ടുകൊണ്ടുപോകുന്നതിന് ഫലപ്രദമായ ചർച്ച നടത്തി പരിഹാര മാർഗ്ഗങ്ങൾ കണ്ടെത്തേണ്ടതുണ്ട്. ഡിസ്-ഏബിൾഡും ഡിഫറന്റ്ലി ഏബിൾഡും ആയിട്ടുള്ള കുട്ടികൾ പഠിക്കുന്ന വിദ്യാഭ്യാസസ്ഥാപനങ്ങളുടെ ആവശ്യങ്ങൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഉപരിപഠന യോഗ്യത നേടിയ ഡിസ്-ഏബിൾഡ് ആയ കുട്ടികൾക്ക് അവർ അപേക്ഷിക്കുന്ന സ്കൂളിൽ പ്ലസ് വൺ-കോഴ്സിന് പ്രവേശനം നൽകണമെന്ന തീരുമാനമെടുത്തിട്ടുണ്ട്. ഏകജാലക സംവിധാനം നടപ്പിലാക്കിയശേഷം

പട്ടികജാതി/പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ട പ്ലസ് വൺ-ന് അപേക്ഷിച്ച മുഴുവൻ കുട്ടികൾക്കും പ്രവേശനം നൽകിയിട്ടുണ്ട്. ഇന്ത്യയിൽ ആദ്യമായി സംസ്ഥാനത്ത് പ്രവർത്തിക്കുന്ന നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആന്റ് ഹിയറിംഗ് എന്ന സ്ഥാപനം ബി.എസ്സി. കമ്പ്യൂട്ടർ സയൻസ്, ബാച്ച്ലർ ഓഫ് ഫൈൻ ആർട്ട്സ്, ബാച്ച്ലർ ഓഫ് ഓഡിയോളജി ആന്റ് സ്പീച്ച് ലാംഗ്വേജ് പതോളജി എന്നീ ഡിഗ്രി കോഴ്സുകൾ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥാപനത്തിൽനിന്നും പഠനം പൂർത്തിയാക്കുന്നവർക്ക് കേരളത്തിൽ മാത്രമല്ല, ഇന്ത്യയിലും ഇന്ത്യയ്ക്കുപുറത്തും ഉടൻ തൊഴിൽ ലഭിക്കുന്ന സാഹചര്യമാണുള്ളത്. സ്പോർട്ട്സ് വകുപ്പുമായി ചേർന്ന് നീന്തൽപഠനം വ്യാപകമാക്കുന്നതിന് പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. കുട്ടികളെ പഠിപ്പിക്കുന്നതോടൊപ്പം വിദ്യാഭ്യാസവകുപ്പ് ആരംഭിച്ചിട്ടുള്ള വിക്ടേഴ്സ് ചാനൽ ഉപയോഗിച്ച് രക്ഷിതാക്കളെ പഠിപ്പിക്കാനുള്ള പദ്ധതികളും ആലോചിച്ചുകൊണ്ടിരിക്കുകയാണ്. നീന്തൽ പഠിക്കുന്ന കുട്ടികൾക്ക് ഗ്രേസ് മാർക്ക് കൊടുക്കുന്ന പദ്ധതി എസ്.സി.ഇ.ആർ.ടി.യുടെ ആഭിമുഖ്യത്തിൽ ആരംഭിച്ചിട്ടുണ്ട്. പദ്ധതിയുടെ ആദ്യഘട്ടമെന്ന നിലയിൽ പ്ലസ് വൺ പ്രവേശനത്തിന് നീന്തൽ പഠിച്ചിട്ടുള്ള കുട്ടികൾക്ക് വെയ്റ്റേജ് മാർക്ക് നൽകുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണ്. ഇംഗ്ലീഷ്മീഡിയം ക്ലാസ്സുകൾ അനുവദിച്ചില്ലെങ്കിൽ കുട്ടികൾ സ്റ്റേറ്റ് സിലബസ് വിട്ടുപോകുമെന്ന പരിഭ്രാന്തി അടിസ്ഥാനരഹിതമാണ്. ബോധനമാധ്യമം മലയാളമായിരിക്കുമ്പോൾ രണ്ട് ഡിവിഷനുകളിൽ മലയാളം മീഡിയത്തിൽ പഠിക്കാൻ വിദ്യാർത്ഥികളുണ്ടെങ്കിൽ ഒരു ഡിവിഷൻ ഇംഗ്ലീഷ് മീഡിയം അനുവദിക്കുകയെന്ന സമ്പ്രദായം നിലവിലുണ്ട്. ഒന്നാം ക്ലാസ്സ് മുതൽ ഇംഗ്ലീഷ്ഭാഷ പഠിക്കാനുള്ള സൗകര്യം ഏർപ്പെടുത്തുന്നതാണ്. പ്രൊഫഷണൽ കോഴ്സുകളിലേ

യ്ക്കുള്ള പ്രവേശന പരീക്ഷാ സമ്പ്രദായത്തിൽ നിലനിൽക്കുന്ന പോരായ്മ കൾ പരിഹരിക്കുന്നതിന് നിയമനിർമ്മാണത്തിലൂടെ മാറ്റം കൊണ്ടുവരാനും യോഗ്യതാപരീക്ഷയിൽ നേടുന്ന മാർക്കിന് 50 ശതമാനം വെയ്റ്റേജ് കൊടു ക്കാനുമുള്ള തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. സാങ്കേതികമായ ചില കാര്യ ങ്ങളിൽക്കൂടി തീരുമാനം എടുത്തുകഴിഞ്ഞാൽ പെട്ടെന്ന് ഇക്കാര്യം നടപ്പാ ക്കാൻ കഴിയും. ഒരു ജനകീയ ക്യാമ്പെയ്നിന്റെ ഭാഗമായി നേത്രദാനത്തി നായി കോളേജ് വിദ്യാർത്ഥികളേയും അദ്ധ്യാപകരേയും ആരോഗ്യസംര ക്ഷണ മേഖലയേയും സംയോജിപ്പിച്ചുകൊണ്ട് പുതിയ ഒരു പദ്ധതി നടപ്പാ ക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. ആന്തരിക മൂല്യനിർണ്ണയവുമായി ബന്ധപ്പെട്ട പരാതികൾ വിദ്യാർത്ഥി സംഘടനകളുമായും അദ്ധ്യാപക സമൂഹവുമായും ചർച്ചചെയ്ത് പരിഹരിക്കുന്നതാണ്. സർക്കാർ കോളേജുകളിൽ ചോയ്സ് ബെയ്സ്ഡ് ക്രെഡിറ്റ് ആന്റ് സെമസ്റ്റർ സിസ്റ്റം നടപ്പാക്കാനായി സ്ഥിരം അദ്ധ്യാപകരെ നിയമിക്കും. ഇതുസംബന്ധിച്ച് എയ്ഡഡ് മേഖലയിൽ എത്രയും പെട്ടെന്ന് തീരുമാനമുണ്ടാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കു ന്നത്. എല്ലാ പഞ്ചായത്തുകളിലും പ്ലസ് ടു പഠന സൗകര്യം ഘട്ടംഘട്ടമായി നടപ്പാക്കും. ആദ്യഘട്ടത്തിൽ തൃശ്ശൂർ മുതൽ വടക്കോട്ടുള്ള ജില്ലകളിൽ എല്ലാ പഞ്ചായത്തുകളിലും പ്ലസ് വൺ പഠനസൗകര്യം ഈ അദ്ധ്യയനവർഷം തന്നെ നടപ്പിലാക്കും. യൂണിഫോമിനോടൊപ്പം മതാചാര ത്തിന്റെ ഭാഗമായുള്ള ശിരോവസ്ത്രവും മറ്റും ധരിക്കുന്നത് അനുവദിക്ക ണമെന്നാണ് സർക്കാരിന്റെ സമീപനം. കേരളത്തിൽ എല്ലാ ജില്ലകളിലും ഒരു സർക്കാർ കോളേജെങ്കിലും ഉണ്ടാകണമെന്ന നയത്തിന്റെ ഭാഗമായി ആലപ്പുഴ ജില്ലയിൽ ഒരു സർക്കാർ കോളേജ് പ്രഖ്യാപിച്ചുകഴിഞ്ഞു. പത്തനംതിട്ട ജില്ല

യിലും ഒരു സർക്കാർ കോളേജ് ഉടൻ ആരംഭിക്കുന്നതാണ്. പ്ലസ് വൺ മേഖലയിൽ തെക്കൻ പ്രദേശങ്ങളിലടക്കം അൺഎയ്ഡഡ് റെക്കഗ്നൈസ്ഡ് സ്ക്കൂളുകളിൽ 20 ശതമാനം സീറ്റ് മാർജിനൽ ഇൻക്രീസ്വഴി അധികം അനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ട്. മുസ്ലീം ന്യൂനപക്ഷ വിദ്യാർത്ഥികളുടെ പഠനസൗകര്യം വർദ്ധിപ്പിക്കാൻ സിവിൽസർവ്വീസ് അക്കാഡമി, സാങ്കേതിക പഠന സമുച്ചയം, എന്നിവ സ്ഥാപിക്കുകയും മുസ്ലീം വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്ക് സ്കോളർഷിപ്പുകൾ ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എസ്.എസ്.എ പദ്ധതിക്ക് 2003–2004-ൽ 47.7 ശതമാനവും 2007–2008-ൽ 86.24 ശതമാനവും 2008–2009-ൽ 88 ശതമാനവും ഈ വർഷം 90.44 ശതമാനവും വിനിയോഗിച്ചിട്ടുണ്ട്. ക്രെഡിറ്റ് ആന്റ് സെമസ്റ്റർ സമ്പ്രദായം നടപ്പിലാക്കിയതിലൂടെ റെഗുലർ കോളേജിലെ ഡിഗ്രി പരീക്ഷയുടെ റിസൽട്ട് 24 ദിവസത്തിനുള്ളിൽ പ്രസിദ്ധികരിക്കാൻ കഴിഞ്ഞു. സ്വാശ്രയ സ്ഥാപനങ്ങളിലെ സീറ്റുകളിൽ സമവായത്തിന്റെ അടിസ്ഥാനത്തിൽ പ്രവേശനം നടത്തുകയും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കും ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവർക്കും സംവരണതത്വത്തിന്റെ അടിസ്ഥാനത്തിൽ കുറഞ്ഞ ഫീസിൽ പഠിക്കാനുള്ള അവസരമുണ്ടാക്കുകയും ചെയ്തു. 46 കോടി രൂപ സാംസ്ക്കാരിക സ്ഥാപനങ്ങൾക്കായി നീക്കിവെച്ചിട്ടുണ്ട്. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

വിദ്യാഭ്യാസം, കായിക വിനോദം, കല സംസ്ക്കാരം എന്ന XVII -ാം നമ്പർ ധനാഭ്യർത്ഥന പാസ്സാക്കണമെന്ന പ്രമേയം 25–നെതിരെ 65 വോട്ടുകളോടെ സഭ അംഗീകരിക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സഭ വൈകുന്നേരം 6.12–ന് പിരിഞ്ഞു.